കേരളാ ടൈംസ്

ഫൊക്കാനാ കേരളാ കൺവെൻഷൻ സപ്ലിമെന്റ്

01 AUGUST 2025 | WWW.KERALATIMES.COM | news@keralatimes.com

ഡോ. എം അനിരുദ്ധൻ: ഫൊക്കാനയ്ക്കൊപ്പം സഞ്ചരിച്ച നേതാവ്



ഫൊക്കാനയുടെ 2025 ലെ കേരളാ കൺവൻഷൻ കുമരകത്ത് നടക്കുമ്പോൾ അല്പം വേദനയോടു കൂടിയാണ് ഈ കുറിപ്പ് തയ്യാറാക്കുന്നത്. ഈ പ്രസ്ഥാനത്തിന് തുടക്കം കുറിച്ച ഡോ. എം അനിരുദ്ധന്റെ നിര്യാണം ഫൊക്കാനയ്ക്കും ആഗോള മലയാളി കൂട്ടായ്മകൾക്കും തീരാ നഷ്ടമാണ്. ഒരു പ്രവാസി സംഘടനയെ എങ്ങനെ വളർത്തണമെന്ന് തീരുമാനിച്ചുറച്ച് ഓടിനടക്കുകയും അതിനായി വേണ്ടതെല്ലാം ചെയ്ത വ്യക്തിത്വമായിരുന്നു ഡോ. അനിരുദ്ധന്റേത് . 1983 ൽ ഫൊക്കാനായുടെ ആരംഭ മുതൽ ഞാൻ ഈ പ്രസ്ഥാനത്തിനൊപ്പവും ഡോ. അനിരുദ്ധനൊപ്പവും ഉണ്ട്. ഫൊക്കാന എന്നാൽ ഡോ. അനിരുദ്ധൻ എന്നൊരു കാലത്തു നിന്ന് ഫൊക്കാനയെ ഓരോ അമേരിക്കൻ മലയാളികളിലേക്കും എത്തിച്ചതിൽ അദ്ദേഹത്തിന് വലിയൊരു പങ്കുണ്ട്. അദ്ദേഹത്തിന്റെ നേതൃത്വപാടവം ഒരു സംഘാടകൻ എന്ന നിലയിൽ എന്നെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. ഫൊക്കാനയിൽ ചില അഭിപ്രായ വിത്യാസങ്ങൾ ഉണ്ടായ സമയങ്ങളിൽ അദ്ദേഹം എടുക്കുന്ന നിലപാടുകൾ വ്യക്തിപരമായി എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. ഫൊക്കാനയുടെ പിളർപ്പിന്റെ സമയത്ത് പ്രസിഡന്റായി ചുമതലയേറ്റ സമയത്ത് ആൽബനി കൺവൻഷൻ ഏറ്റവും വലിയ ഫൊക്കാന കൺവൻഷൻ ആക്കി മാറ്റുവാൻ അദ്ദേഹം നൽകിയ പിന്തുണ ചെറുതല്ല.

2001 ൽ കേരളത്തിൽ ഫൊക്കാനയുടെ ആദ്യത്തെ കേരളാ കൺവൻഷൻ നടത്തിയപ്പോൾ അദ്ദേഹത്തോടൊപ്പവും മറിയാമ്മ പിള്ളയ്ക്കൊപ്പവും പ്രവർത്തിച്ചത് ഒരനുഭവം ആയിരുന്നു. കൊച്ചി ടാജ് മലബാർ ഹോട്ടലിനെ കേരളത്തിന്റെ സാംസ്കാരിക ഭൂമികയാക്കി മാറ്റാൻ അദ്ദേഹത്തിന് സാധിച്ചു. ഒരു പ്രവാസി സംഘടനയുടെ കേരളാ കൺവൻഷൻ എങ്ങനെ സംഘടിപ്പിക്കണമെന്ന് അക്ഷരാർത്ഥത്തിൽ ഞങ്ങളെ പഠിപ്പിച്ചത് അദ്ദേഹമായിരുന്നു . അതിനായി അദ്ദേഹം ഒരു ഫോർമാറ്റ് തന്നെ രൂപപ്പെടുത്തി . അതാണ് ഇപ്പോഴും തുടരുന്നത് എന്നതാണ് സത്യം.



പോൾ കറുകപ്പിള്ളിൽ
(കേരളാ ടൈംസ് മാനേജിംഗ് എഡിറ്റർ)

മലയാള ഭാഷയെ ഇത്രത്തോളം സ്നേഹിച്ച ഒരാൾ ഉണ്ടാകുമോ എന്ന് സംശയമാണ് . ഭാഷയ്ക്ക് ഒരു ഡോളർ എന്ന ഒരു പദ്ധതി മാത്രം മതി ഫൊക്കാനയെ ആഗോള തലത്തിൽ ഭാഷയുടെ പേരിൽ അറിയപ്പെടാൻ. ഇതിനെല്ലാം ഒരു കരട് രൂപം ഉണ്ടാക്കുവാൻ അദ്ദേഹത്തിന്റെ സംഘാടനം ഏറെ ഗുണം ചെയ്തു എന്നു മാത്രമല്ല മലയാളി ഉള്ളിടത്തോളം കാലം ഭാഷയ്ക്ക് ഒരു ഡോളറും ഉണ്ടാകും എന്ന് അദ്ദേഹം ഉറപ്പു വരുത്തി. വ്യക്തിപരമായി വളരെ അടുത്ത ബന്ധം അദ്ദേഹത്തെ പരിചയപ്പെട്ട കാലം മുതൽ ഉണ്ടായിരുന്നു . ആ സ്നേഹം വളരെ ബഹുമാനത്തോടെ തന്നെ അനുഭവിക്കുവാൻ സാധിച്ചു എന്നത് സന്തോഷത്തോടെ ഉൾക്കൊള്ളുന്നു .

മൂന്ന് തവണ ഫൊക്കാന പ്രസിഡന്റ് ആയി സേവനമനുഷ്ടിച്ച ഡോ. അനിരുദ്ധൻ ഫൊക്കാനയുടെ എക്കാലത്തേയും മികച്ച പ്രസിഡന്റാണ് . ഫൊക്കാനയെ കേരളത്തിൽ അവതരിപ്പിച്ച് " ഫൊക്കാന കേരള പ്രവേശം " 2025 ലേക്ക് കടന്നു വരുമ്പോൾ അദ്ദേഹം പ്രവാസി മേഖലയ്ക്ക് നൽകിയ സംഭാവനകൾ മറക്കാനാവുകയില്ല. നോർക്ക ഡയറക്ടർ ബോർഡ് അംഗം , മാതൃഭൂമി ഡയറക്ടർ ബോർഡ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്ന അദ്ദേഹം അമേരിക്കയിലെ അറിയപ്പെടുന്ന ബിസിനസുകാരൻ കൂടിയായിരുന്നു.

ഓച്ചിറ സ്വദേശിയായ അനിരുദ്ധൻ കൊല്ലം എസ്.എൻ. കോളേജിൽ നിന്നാണ് എം.എസ്.സി ചെയ്തത്. രസതന്ത്രത്തിൽ ഗവേഷണത്തിനായാണ് 1973-ൽ അമേരിക്കയിലേക്ക് പോയത്. ടെക്സസിലെ എ. ആൻഡ് എം. സർവകലാശാലയിൽ ആണവ രസതന്ത്രം (ന്യൂക്ലിയർ കെമിസ്ട്രി) അധ്യാപകനായിരിക്കെ ന്യൂട്രീഷ്യൻ മേഖലയിലേക്ക് തിരിഞ്ഞു. പിന്നീട് ഈ വിഷയത്തിലും പിഎച്ച്.ഡി. എടുത്തു. തുടർന്ന് ലോകത്തിലെ ഏറ്റവും വലിയ പോഷകാഹാര ഉത്പാദകരായ സാൻഡോസിന്റെ ഗവേഷണവിഭാഗം തലവനായി 10 വർഷം തുടർന്നു. കുട്ടികൾക്കായുള്ള പോഷകങ്ങൾ വികസിപ്പിച്ചെടുക്കുന്നതിൽ ഏറെ വർഷം ഗവേഷണം നടത്തി. പിന്നീടാണ് സ്വന്തമായി വ്യവസായ ശൃംഖല വികസിപ്പിച്ചെടുക്കുന്നത്. സാൻഡോസിന് വേണ്ടി, അമേരിക്കയിലെ ആദ്യത്തെ സ്പോർട്സ് ന്യൂട്രീഷ്യൻ ഉത്പന്നം ഐസോ സ്റ്റാർ വികസിപ്പിച്ചെടുത്തത് അനിരുദ്ധൻ അടങ്ങുന്ന സംഘമായിരുന്നു.പോഷക ഗവേഷണ, ഉത്പാദന രംഗത്തും പ്രവാസി ഇന്ത്യക്കാരുടെ സാമൂഹികക്ഷേമത്തിനും നൽകിയ സംഭാവനകൾ പരിഗണിച്ച് അനിരുദ്ധന് പ്രവാസി ഭാരതീയ സമ്മാൻ പുരസ്കാരം ലഭിച്ചിട്ടുണ്ട്.

1983-ൽ കെ.ആർ. നാരായണൻ അംബാസഡറായിരിക്കെ, അദ്ദേഹത്തിന്റെ സഹായത്തോടെ വടക്കൻ അമേരിക്കയിലെ മലയാളി കൂട്ടായ്മയായ 'ഫൊക്കാന'യ്ക്ക് രൂപം കൊടുക്കുമ്പോൾ ഭാവിയിൽ ഫൊക്കാന ലോകത്തിലെ ഏറ്റവും വലിയ പ്രവാസി സംഘടനയായി മാറും എന്ന് അദ്ദേഹത്തിന് ഉറപ്പുണ്ടായിരുന്നു. ഫൊക്കാനയെ ലോകം അറിയുന്ന പ്രവാസി സംഗമവേദിയാക്കി മാറ്റി. നിരവധി ഭക്ഷ്യോത്പാദന കമ്പനികളുടെ കൺസൽട്ടന്റായിരുന്ന അദ്ദേഹം അമേരിക്കൻ ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷന്റെ (എഫ്.ഡി.എ.) ഫുഡ് ലേബൽ റെഗുലേറ്ററി കമ്മിറ്റിയിൽ അംഗമായിരുന്നു. യു.എസ്.എ.യിലെ നാഷണൽ ഫുഡ് പ്രൊസസേഴ്സ് അസോസിയേഷൻ മികച്ച ആർ. ആൻഡ് ഡി. ശാസ്ത്രജ്ഞനുള്ള പുരസ്കാരം നൽകി ആദരിച്ചിരുന്നു.

കേരളാ ടൈംസ് പത്രം തുടങ്ങിയത് മുതൽ അദ്ദേഹത്തിന്റെ എല്ലാ പിന്തുണയും ഞങ്ങൾക്കുണ്ടായിരുന്നു . മാധ്യമങ്ങൾക്ക് മുൻപിൽ നിറഞ്ഞ ചിരിയോടെ ഫൊക്കാനയെ അവതരിപ്പിക്കുന്നത് അഭിമാനത്തോടെ ഞങ്ങൾ നോക്കി നിന്നിട്ടുണ്ട്. ഡോ. അനിരുദ്ധൻ ഇല്ലാത്ത ഒരു ഫൊക്കാന കൺവൻഷനാണ് ഇപ്പോൾ നടക്കുന്നത്. അത് ഞങ്ങളുടെയെല്ലാം മനസിൽ ഒരു നീറ്റലായി അവശേഷിക്കും . അദ്ദേഹത്തിന്റെ വിയോഗത്തിൽ കേരളാ ടൈംസിന്റെ ബാഷ്പാഞ്ജലികൾ

രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക പ്രതിഭകളുടെ സാന്നിദ്ധ്യമായി ഫൊക്കാന കേരളാ കൺവൻഷൻ



കോട്ടയം : ഫൊക്കാനയുടെ 2025 ലെ കേരളാ പ്രവേശം വിവിധ രംഗങ്ങളിലെ പ്രതിഭകളുടെ സാന്നിദ്ധ്യം കൊണ്ട് സമ്പുഷ്ടമായിരിക്കുമെന്ന ഫൊക്കാന പ്രസിഡന്റ് ഡോ. സജിമോൻ ആന്റണി , ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചാക്കപ്പൻ, കേരളാ കൺവൻഷൻ ചെയർമാൻ ജോയി ഇട്ടൻ എന്നിവർ അറിയിച്ചു.


കേരളാ മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്രമന്ത്രി ജോർജ് കുര്യൻ , പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ, മന്ത്രിമാരായ വി. എൻ വാസവൻ , കെ . രാജൻ , കെ.ബി ഗണേഷ് കുമാർ, റോഷി അഗസ്റ്റിൻ, ആർ . ബിന്ദു, മുൻ ഗോവ ഗവർണർ ശ്രീധരൻ പിള്ള , എം.പിമാരായ ജോസ് കെ. മാണി, ഫ്രാൻസിസ് ജോർജ് , കെ.സി വേണുഗോപാൽ മുൻ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല എം എൽ എ , എം എൽ എ മാരായ തിരുവഞ്ചൂർ രാധാകൃഷ്ണൻ , റോജി ജോൺ , ചാണ്ടി ഉമ്മൻ , ചലച്ചിത്ര പ്രതിഭ അടൂർ ഗോപാലകൃഷ്ണൻ , സാഹിത്യകാരൻ കെ.വി മോഹൻ കുമാർ ,ഫാ. ഡേവിസ് ചിറമേൽ , മാധ്യമ പ്രവർത്തകരായ ആർ. ശ്രീകണ്ഠൻ നായർ , ജോസ് കള്ളിവയലിൽ , ജോസ് പനച്ചിപ്പുറം , പ്രമേഷ് കുമാർ , സന്തോഷ് ജോർജ് , അനിൽ അടൂർ , വി. ജെ ജെയിംസ് , ശ്രീകുമാർ ,ശരത് ചന്ദ്രൻ , പത്തനം തിട്ട ജില്ല യു ഡി എഫ് ചെയർമാൻ അഡ്വ വർഗീസ് മാമ്മൻ , ജോസഫ് എം പുതുശ്ശേരി , ദിനേശ് പണിക്കർ , ബൈജു കൊട്ടാരക്കര തുടങ്ങി നിരവധി വ്യക്തിത്വങ്ങൾ ഫൊക്കാന കൺവൻഷന്റെഭാഗമാകും.

മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന പരിപാടികൾ ആഗസ്റ്റ് ഒന്നിന് വൈകിട്ട് 5:30 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. വിവിധ സെക്ഷനുകളിലായി മൂന്ന് ദിവസം നിരവധി പരിപാടികളാണ് അരങ്ങേറുക . സാഹിത്യ സെമിനാർ, സാഹിത്യ അവാർഡ്, ഭാഷയ്ക്കൊരു ഡോളർ, ബിസിനസ് സെമിനാർ , വനിതാ സമ്മേളനം , നേഴ്സിംഗ് സ്കോളർഷിപ്പ് പുരസ്കാരം, ചലച്ചിത്ര താരങ്ങളുടെയും ഗായകരുടേയും പരിപാടികൾ , ഇന്ത്യയിലെ മികച്ച കാർട്ടൂണിസ്റ്റു കളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ലൈവ് കാരിക്കേച്ചർ തുടങ്ങി നിരവധി വ്യത്യസ്ത ങ്ങളായ പരിപാടികളാണ് കൺവൻഷനിൽ എത്തുന്നവരെ കാത്തിരിക്കുന്നതെന്ന് ഫൊക്കാന പ്രസിഡന്റ് ഡോ. സജിമോൻ ആന്റണി , ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ , ട്രഷറർ ജോയി ചാക്കപ്പൻ , കേരളാ കൺവൻഷൻ ചെയർമാൻ ജോയി ഇട്ടൻ , ട്രസ്റ്റി ബോർഡ് ചെയർമാൻ ജോജി തോമസ്, വിമൻസ് ഫോറം ചെയർ പേഴ്സൺ രേവതി പിള്ള, ഇന്റർ നാഷണൽ കൺവൻഷൻ കോ ഓർഡിനേറ്റർ പോൾ കറുകപ്പിള്ളിൽ, കേരളാ കൺവൻഷൻ കോ ഓർഡി നേറ്റർ സുനിൽ പാറയ്ക്കൽ , ഡോ. മാത്യു ലൂക്കോസ് മന്നിയോട്ട് , ഫൊക്കാന ട്രസ്റ്റി ബോർഡ് അംഗങ്ങൾ , ഫൊക്കാനാ എക്സിക്യൂട്ടീവ് അംഗങ്ങൾ, ആർ വി. പി മാർ എന്നി വർ അറിയിച്ചു

FOKANA

ഡോ. എം. അനിരുദ്ധൻറെ ഓർമ്മയ്ക്ക് അർപ്പണമായി ഫൊക്കാന അനുസ്മരണ യോഗം ശ്രദ്ധേയമായി





വാഷിംഗ്ടൺ: അമേരിക്കൻ മലയാളി സമൂഹത്തിന് അനിവാര്യമായ ഇടപെടലുകൾ നിർവഹിച്ച ഫൊക്കാനയുടെ ആദ്യ പ്രസിഡന്റും, പ്രവാസലോകത്ത് നിരവധിപേർക്കും മാതൃകയായിരുന്ന ഡോ. എം. അനിരുദ്ധനെ ആദരിച്ച് ഫൊക്കാനയും നോർത്ത് അമേരിക്കൻ മലയാളി സമൂഹവും ചേർന്ന് സംഘടിപ്പിച്ച ഓൺലൈൻ അനുസ്മരണ യോഗം ശ്രദ്ധേയമായി.

മുൻ മുഖ്യമന്ത്രി വിഎസ് അച്യുതാനന്ദന്റെയും, സിബു ജേക്കബിന്റെ നിര്യാണവും ,ഫോക്കനയിലെ പ്രവീൺ തോമസിന്റെ മാതാവിന്റെ നിര്യാണവും അനുസ്മരണ യോഗത്തിൽ ഉൾപ്പെടുത്തിയാണ് അനുശോചനം രേഖപ്പെടുത്തിയത് .

ജൂലൈ 21 തിങ്കളാഴ്ച രാത്രി 8.30ന് (ഇന്ത്യൻ സമയം ജൂലൈ 22 രാവിലെ 6 മണിക്ക്) Zoom പ്ലാറ്റ്ഫോമിലൂടെയാണ് പ്രാർത്ഥനയും അനുസ്മരണവും സംഘടിപ്പിച്ചത്. അമേരിക്കയിലെയും കാനഡയിലെയും നിരവധി മലയാളികൾ പങ്കെടുത്ത ചടങ്ങിൽ, ഡോ. അനിരുദ്ധന്റെ ജീവിതം, സമുദായത്തിന് നൽകിയ സംഭാവനകൾ, വ്യക്തിത്വം എന്നീവയെപ്പറ്റി നിരവധി അംഗങ്ങൾ സ്മരണകൾ പങ്കുവെച്ചു.

യോഗത്തിൽ ഡോ. അനിരുദ്ധന്റെ പുത്രന്മാരായ ഡോ. അരുണും അനൂപും പങ്കെടുത്ത് സംസാരിച്ചു. പിതാവിന്റെ പാരമ്പര്യം മുന്നോട്ട് കൊണ്ടുപോകാൻ കുടുംബം പ്രതിജ്ഞാബദ്ധമാണെന്ന് അവർ പറഞ്ഞു. സമൂഹത്തിൽ സ്നേഹവും സേവനവും നൽക്കുന്ന പാതയിലായിരുന്നു അദ്ദേഹത്തിന്റെ ജീവിതമെന്നും, അതിന് മുന്നിൽ നന്ദി രേഖപ്പെടുത്തുന്നതായി അവർ പറഞ്ഞു.

ഡോ. അനിരുദ്ധൻ നടത്തിയ സേവനങ്ങൾക്കും, കേരളത്തെയും മലയാളികളെയും ഉയർത്തിപ്പിടിച്ച നിലപാടുകൾക്കും, ഈ കൂട്ടായ്മയും പ്രാർത്ഥനയും യഥാർത്ഥത്തിൽ കൃതജ്ഞതയുടെ പ്രതീകമായിരുന്നു.

ഫൊക്കാനയുടെ ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താന്റെ നേതൃത്വത്തിലായിരുന്നു പ്രാർത്ഥനയും അനുസ്മരണവും തുടങ്ങിയത്, ഫൊക്കാനയുടെ പ്രസിഡന്റ് സജിമോൻ ആന്റണി സ്വാഗതം പറയുകയും, സർവ്വശ്രീ ജോയി ചാക്കപ്പൻ ട്രഷറർ ഫൊക്കാന, ഫാദർ ജോയ് ആലപ്പാട്ട് സീറോ മലബാർ സഭ ചിക്കാഗോ, റോജി ജോൺ എംഎൽഎ,ഫൊക്കാന മുൻ പ്രസിഡണ്ടും കേരള ടൈംസ് എംഡിയുമായ പോൾ കറുകപ്പിള്ളി ,മന്മഥൻ നായർ ജോർജ് കോരത്ത്, തമ്പി ചാക്കോ, ശശിധരൻ നായർ ഫോമ ,ജോർജി വർഗീസ് ,ഡോ ആനി പോൾ ,ജെസ്സി റിൻസി,ജോജി വര്ഗീസ് IPCNA സുനിൽ ,U A നാസിർ ,ജോൺ പി ജേക്കബ് ,മാമൻ സി ജേക്കബ് ,അനിയൻ ജോർജ്, ഫിലിപ്പോസ് ഫിലിപ്പ്, ജേക്കബ് തോമസ് ഫോമാ, ഫൊക്കാന എക്സിക്യൂട്ടീവ് വൈസ് പ്രെസിഡെന്റ് പ്രവീൺ തോമസ് ,അഡിഷണൽ ജോയിന്റ് സെക്രട്ടറി ജോൺ ,ഡോ മാത്യു വര്ഗീസ് ,സാബു തോമസ് അമിക്കസ്, ട്രസ്റ്റി ബോർഡ് സതീശൻ നായർ ,ഡെന്നി ഊരാളി ,ജോസഫ് നമ്പിമഠം ,ഗീത വര്ഗീസ് കാലിഫോർണിയ,അഭിലാഷ് ശ്രീനിവാസൻ, പി വി ചെറിയാൻ ഫ്ലോറിഡ ,അജിത് കൊച്ചൂസ് കെ കെ എൻ എ ,ജി കെ പിള്ള , പി ടി തോമസ് തുടങ്ങിയവർ അനുശോചനങ്ങൾ രേഖപ്പെടുത്തി .

അതിനു ശേഷം പ്രത്യേക എക്സിക്യൂട്ടീവ് കമ്മിറ്റി യുടെ തീരുമാനപ്രകാരം ഓഗസ്റ്റിൽ കുമാരകത്തുനടക്കുന്ന കൺവെൻഷന്റെയും ,അടുത്തവർഷത്തെ കൺവെൻഷൻ സ്ഥലവും “ഡോ അനിരുദ്ധൻ നഗർ “എന്ന് നാമകരണം ചെയ്തതായി ഫൊക്കാനയുടെ പ്രസിഡന്റ് സജിമോൻ ആന്റണി പ്രഖ്യാപിച്ചു .ഡോ അരുൺ അനിരുദ്ധൻ അനുശോചനം രേഖപ്പെടുത്തിയവർക്കെല്ലാം നന്ദിപറയുകയും, ജോയ് ചാക്കപ്പൻ പൊതുവായി നന്ദിപറഞ്ഞുകൊണ്ട് യോഗം അവസാനിപ്പിച്ചു

ഫൊക്കാന സുവർണ്ണ യാത്രയ്ക്കൊപ്പം

ലോക തലസ്ഥാനമായ ന്യൂയോർക്കിൽ 1983 ൽ രൂപം കൊണ്ട ഫൊക്കാന എന്ന സംഘടനകളുടെ സംഘടന 42 വത്സരങ്ങൾ പൂർത്തിയാക്കിയിരിക്കുന്നു. അഭിമാന നിർഭരമായ നാല്പത്തിരണ്ട് വർഷങ്ങൾ കടന്നു പോകുമ്പോൾ അമേരിക്കൻ മൂല്യങ്ങളായ വ്യക്തി സ്വാതന്ത്ര്യം, സമത്വം, ശാസ്ത്ര സാങ്കേതിക മികവ്, ശുഭാപ്തി വിശ്വാസം, പുരോഗതിക്കുള്ള മാറ്റങ്ങൾ , അദ്ധ്വാനവും വിനോദവും, വിജയോന്മുഖമായ പ്രായോഗികത എന്നീ ഗുണങ്ങളെ ദീപ്തമാക്കിയാണ് ഫൊക്കാന വളർന്നത്. അതോടൊപ്പം നമ്മുടെ ജന്മനാടിന്റെ മൂല്യങ്ങളായ ത്യാഗം, ദാനം, നിഷ്ഠ,സത്യം, അഹിംസ, സഹിഷ്ണുത , സാഹോദര്യം എന്നിവയെ നെഞ്ചോട് ചേർത്തു കൊണ്ടാണ് ഫൊക്കാന മുന്നോട്ട് പോകുന്നത്.

സംഘടനയിലൂടെ നാടിനും നാട്ടുകാർക്കും എക്കാലവും ഗുണകാരികളാവുക എന്നതാണ് ഫൊക്കാന എക്കാലവും അനുവർത്തിച്ച നയം . ഡോ. അനിരുദ്ധൻ മുതൽ ഡോ . സജിമോൻ ആന്റണി വരെയുള്ളവരുടെ നേതൃത്വം പിന്തുടരുന്നതും ഈ നയം തന്നെ. വിവിധ സംഘടനകളുടെ ഫെഡറേഷനായി നിലകൊണ്ട് നടത്തി വരുന്ന ഫൊക്കാന ചാരിറ്റി, ഭാഷയ്ക്കൊരു ഡോളർ, ഫൊക്കാന ഭവന പദ്ധതി , ഫൊക്കാന ടൂറിസം പദ്ധതികൾ, ഫൊക്കാന ആതുര സേവന പദ്ധതി , ഫൊക്കാന യുവജനോത്സവം , ഫൊക്കാന കേരളാ കൺവൻഷൻ, ഫൊക്കാന നാഷണൽ കൺവെൻഷൻ, ഫൊക്കാന പുരസ്കാരങ്ങൾ, സാഹിത്യ സമ്മേളനം, മതസൗഹാർദ്ദ സമ്മേളനം, സ്പെല്ലിംഗ് ബീ മത്സരം, മറ്റ് ടാലന്റ് മത്സരങ്ങൾ, നേഴ്സിംഗ് സ്കോളർഷിപ്പ് , മലയാളി മങ്ക തുടങ്ങി നിരവധി പദ്ധതികളും പരിപാടികളും തുടർച്ചയായി ഈ സംഘടന അമേരിക്കൻ മലയാളികൾക്കായി നടത്തി വരുന്നു. കഴിഞ്ഞ മുപ്പത് വർഷത്തിലധികമായി ഈ സംഘടനയ്ക്കൊപ്പം ഒരു സാധാരണ പ്രവർത്തകനായും കമ്മറ്റി മെമ്പർ,ഫൊക്കാന ടുഡേ എഡിറ്റർ, ട്രസ്റ്റി ബോർഡ് മെമ്പർ, ചെയർമാൻ , ഫൊക്കാന പ്രസിഡന്റ് (2020 - 2022) എന്നീ പദവികളിൽ അഭിമാനത്തോടെ പ്രവർത്തിക്കുവാൻ സാധിച്ചത് വലിയ നേട്ടമായി കരുതുന്നു.

ഫൊക്കാന പ്രസിഡന്റായി രണ്ട് വർഷം പ്രവർത്തിക്കുവാൻ സാധിച്ചത് ഒരു സംഘാടകൻ എന്ന നിലയിൽ വലിയ സന്തോഷം നൽകിയിരുന്നു. രണ്ടാം കോവിഡിന്റെ ആരംഭകാലത്ത് ആയിരുന്നു ഞാൻ പ്രസിഡന്റും സജിമോൻ ആന്റണി സെക്രട്ടറിയായും ഫൊക്കാന ഭരണ സമിതി നിലവിൽ വരുന്നത്. എല്ലാ സംഘടനാ പ്രവർത്തനങ്ങളും ഓൺലൈനായി നടക്കുന്ന കാലത്ത് ഉണ്ടായിരുന്ന എല്ലാ പരിമിതികളേയും അതിജീവിച്ച് കാലത്തിനനുസരിച്ച് പരിപാടികൾ ഓൺലൈനിൽ കൂടി ആരംഭിക്കുകയും പിന്നീടത് ഓഫ് ലൈനിലേക്ക് മാറിയപ്പോഴും ഒരു തീവണ്ടി അതിന്റെ ട്രാക്ക് മാറുന്ന ലാഘവത്തോടെ കൂടുതൽ ആർജ്ജവത്തോടെ പരിപാടികൾ ഏകോപിപ്പിക്കുവാൻ സാധിച്ചു എന്നതാണ് പരമാർത്ഥം.

കൺവൻഷനെത്തിയ ഓരോ മനുഷ്യരും സന്തോഷത്തോടെ തിരിച്ചു പോയ മെഗാ കൺവെൻഷൻ ആയിരുന്നു ഫൊക്കാന ഫ്ലോറിഡ കൺവെൻഷൻ. അത് അതിന്റെ



ജോർജി വർഗ്ഗീസ്(ഫൊക്കാന മുൻ പ്രസിഡന്റ്)

പരിപൂർണ്ണതയിൽ സംഘടിപ്പിക്കുവാൻ സാധിച്ചു എന്ന സന്തോഷം ചെറുതല്ല.ഫൊക്കാനയുടെ പദ്ധതികളും, പ്രവർത്തനങ്ങളും ലോകത്തുള്ള എല്ലാ പ്രവാസി സംഘടനകൾക്കും സുഹൃത്തുക്കൾക്കും മാതൃകയാക്കി മാറ്റാൻ പറ്റുന്ന തരത്തിലാണ് എക്കാലത്തേയും ഫൊക്കാനയുടെ പ്രവർത്തനങ്ങൾ .

ഡോ. സജിമോൻ ആന്റണിയുടെ നേതൃത്വത്തിൽ കഴിഞ്ഞ ഒരു വർഷം ഫൊക്കാന നടത്തിയ പ്രവർത്തനങ്ങൾ അവിസ്മരണീയമാണ്. അതിന്റെ വിളംബരം കൂടിയാണ് കുമരകം കൺവൻഷൻ.

2025 കേരളാ കൺവൻഷനോടനുബന്ധിച്ച് മലയാളത്തിലെ ആദ്യകാല മലയാള പത്രം കൂടിയായ കേരളാ ടൈംസ് ഒരു സപ്ലിമെന്റ് പുറത്തിറക്കുമ്പോൾ അതിന്റെ മാനേജിംഗ് ഡയറക്ടറും എഡിറ്ററുമായ ശ്രീ .പോൾ കറുകപ്പള്ളിയെ അനുമോദിക്കേണ്ടതുണ്ട്. കാരണം ഫൊക്കാനയ്ക്കൊപ്പം ആത്മാർത്ഥമായി സഞ്ചരിക്കുന്ന ഒരു നേതാവാണ് അദ്ദേഹം. ഏതൊരു സംഘാടകനും ഏത് സമയത്തും ലഭ്യമാകുന്ന ഒരു സഹ പ്രവർത്തകൻ കൂടിയാണ് അദ്ദേഹം . സംഘടനാ പ്രവർത്തനങ്ങൾക്കൊപ്പം മാധ്യമ രംഗവും അദ്ദേഹത്തിന് വഴങ്ങുമെന്ന് തെളിയിച്ചപോൾ കറുകപ്പള്ളിക്കും അദ്ദേഹത്തിന്റെ കേരളാ ടൈസ് പത്രത്തിനും എന്റെ ആശംസകൾ



ഫൊക്കാന സ്ഥാപക പ്രസിഡന്റ് ഡോ. അനിരുദ്ധന്റെ അന്തിമയാത്രക്കായി അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ ചിക്കാഗോയിൽ ഒത്തു ചേർന്നപ്പോൾ!!!









ഫൊക്കാന മുൻ പ്രസിഡൻർമാർ


Dr. M Anirudhan
Adhoc Committee/Founding President
Chicago
1983


Dr. M Anirudhan
Chicago
1986-1988


Dr. Parthasarathy Pillai
Washington
1992-1994


Dr. Manmadhan Nair
Dallas
1996-1998


Dr. M Anirudhan
Chicago
2000-2002


Cmdr George Koruthu
Florida
2004-2006


Paul Karukapillil
Newyork
2006-2008


Paul Karukapillil
Newyork
2008-2010


G K Pillai
Texas
2010-2012


Mariamma Pillai
Chicago
2012-2014


John P John
Canada
2014-2016


Thampy Chacko
Philadelphia
2016-2018


Madhavan B Nair
New Jersey
2018-2020


Georgy Varghese
Florida
2020-2022


Dr. Babu Stephen
Washington DC
2022-2024


Dr. Sajimon Antony
New Jersey
2024-2026

Pravasi Sangamam 2025





AWARDING
MALAYALEE LEGENDS 2025









പ്രൊഫഷണൽ സ്കോളർഷിപ്പുമായി ഫൊക്കാന വനിതാഫോറം



രേവതി പിള്ള
ഫൊക്കാന വിമെൻസ് ഫോറം ചെയർപേഴ്സൺ

അമേരിക്കയിലെ മലയാളികളുടെ സംഘടനകളുടെ സംഘടനായ ഫൊക്കാന കേരളാ കൺവെൻഷനോട് അനുബന്ധിച്ചു ഓഗസ്റ്റ് 2 ന് നടത്തുന്ന വിമെൻസ് ഫോറം സെമിനാറിൽ വെച്ച് 50 സമർത്ഥരായ നിർദ്ധന പ്രൊഫഷണൽ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് 50000.00 രൂപാ വീതം സ്കോളർഷിപ്പു നൽകുമെന്ന് വിമെൻസ് ഫോറം ചെയർപേഴ്സണ് രേവതി പിള്ള അറിയിച്ചു.ഒരു പ്രവാസി സംഘടന നൽകുന്ന ഏറ്റവും വലിയ സ്കോളർഷിപ്പാണ് ഫൊക്കാന വിമെൻസ് ഫോറത്തിന്റെ സ്കോളർഷിപ്പ് പ്രോഗ്രാം.

സമൂഹത്തിന്റെ ആവശ്യമനുസരിച്ച് വിവിധ തുറകളിൽ വൈദഗ്ദ്ധ്യം സിദ്ധിച്ചവരെ ലോകത്തിനു സമർപ്പിക്കുന്നതിനായി ഫൊക്കാന നൽകുന്ന സഹായമാണ് ഈ സ്കോളർഷിപ്പ് പ്രോഗ്രാം . ഏറ്റവും പ്രധാനമർഹിക്കുന്ന ഒന്നാണ് വിമെൻസ് ഫോറം സ്കോളർഷിപ്പ് പ്രോഗ്രാം എന്ന് പ്രസിഡന്റ് സജിമോൻ ആന്റണി പറഞ്ഞു .
സമർത്ഥരായ വിദ്യാർത്ഥികളെ അർഹമായ സ്കോളർഷിപ്പുകളിലൂടെ സഹായിക്കുക എന്നതാണ് ഫൊക്കാനയുടെ യുടെ ലക്ഷ്യം. ഈ സ്കോളർഷിപ്പിനൊപ്പം മറ്റ് അർഹമായ സ്കോളർഷിപ്പു കണ്ടുപിടിച്ചു നൽകുന്നതിനും ഫൊക്കാന സഹായിക്കുന്നതാണ്.

ഡോ. ഗീതേഷ് തമ്പി 'നാമം' (NAMAM) ട്രസ്റ്റി ബോർഡ് ചെയർ



ന്യൂജേഴ്സി: അമേരിക്കൻ പ്രവാസി സമൂഹത്തിൽ 2009 മുതൽ പ്രവർത്തിച്ചുവരുന്ന പ്രമുഖ സാമൂഹിക സാംസ്കാരിക ക്ഷേമ സന്നദ്ധ സേവന ജീവകാരുണ്യ സംഘടനയായ 'നാമം ' (NAMAM) 2025-2028 കാലയളവിലെ ട്രസ്റ്റി ബോർഡ് ചെയർ ആയി ഡോ. ഗീതേഷ് തമ്പിയെ നിയോഗിച്ചു.
'നാമം' ഫൗണ്ടറും സെക്രട്ടറി ജനറലുമായ മാധവൻ ബി നായരാണ് 2025-2028 കാലയളവിലെ 'നാമം' ട്രസ്റ്റി ബോർഡ് ചെയറിനെ പ്രഖ്യാപിച്ചത്.
'നാമം' ട്രസ്റ്റി ബോർഡ് ചെയർ ആയി തിരഞ്ഞെടുക്കപ്പെട്ട ഡോ. ഗീതേഷ് തമ്പി രൂപീകരണ കാലഘട്ടം മുതൽ 'നാമ'ത്തിൽ അംഗമാണ്. ഡോ. ഗീതേഷ് തമ്പി സംഘടനയിൽ വിവിധ തലങ്ങളിൽ ഉത്തരവാദിത്വത്തോടെയും ഊർജ്ജസ്വലതയോടെയും പ്രവർത്തിക്കുകയും പ്രസിഡന്റ് പദവി അലങ്കരിക്കുകയും ചെയ്തിട്ടുണ്ട്. കറുംചെ കെമിക്കൽ സ്പെഷ്യാലിറ്റി ആൻഡ് സസ്റ്റയിനബിലിറ്റി കൺസൾട്ടിംഗ് ഫേമിന്റെ സി.ഇ.ഒ ആണ് നിലവിൽ ഡോ. ഗീതേഷ് തമ്പി. സ്റ്റീവൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ന്യൂജേഴ്സിയിൽ അഡ്ജംഗ്റ്റ് പ്രൊഫസർ, ഇന്റർനാഷണൽ ഫ്ലേവേഴ്സ് ആന്റ് ഫ്രാഗ്രൻസ് ഇൻകോർപ്പറേറ്റിന്റെ റിസർച്ച് ആന്റ് ഡവലപ്മെന്റ് വിഭാഗത്തിന്റെ ഗ്ലോബൽ ഡയറക്ടറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.
'നാമം' ട്രസ്റ്റി ബോർഡ് ചെയർ ആയി തിരഞ്ഞെടുക്കപ്പെട്ട ഡോ. ഗീതേഷ് തമ്പിയെ സംഘടനയുടെ ഫൗണ്ടറും സെക്രട്ടറി ജനറലുമായ മാധവൻ ബി നായർ അനുമോദിച്ചു.

ഋതുക്കൾ മാറുമ്പോൾ മാറുന്നത് ഇന്ത്യയുടെ കാഴ്ചകളും.



വിസ്മയങ്ങൾക്കും വൈവിധ്യങ്ങൾക്കും രാജ്യമാണ് ഇന്ത്യ ഇന്ത്യയുടെ വലിയ പ്രത്യേകത അതിന്റെ വൈവിധ്യത്തിലാണ്. ഓരോ ഭാഗവും ഓരോ സീസണിലും തനതായ ഭംഗിയോടെയാണ് നിലകൊള്ളുന്നത്. അതിനാലാണ് വർഷം മുഴുവൻ ഇന്ത്യയിൽ കാണാനും അനുഭവിക്കാനുമുള്ള പലതരം കാഴ്ചകൾ നമ്മെ കാത്തിരിക്കുന്നത്.

ഓരോ സീസണും ഇന്ത്യയെ മറ്റൊരു രൂപത്തിൽ കാണിക്കുന്നു. അതിനാൽ തന്നെ ഓരോ മാസവും യാത്ര പോകാൻIndiaയിലെ വിവിധ സംസ്ഥാനങ്ങൾ തിരഞ്ഞെടുക്കാനാവും. ഓരോ സീസണും ചില സ്ഥലങ്ങളെ കൂടുതൽ മനോഹരമാക്കും.

കേരളം എല്ലാ കാലാവസ്ഥയിലും മനോഹരമാണ്. പക്ഷേ മൺസൂൺ കാലത്ത് കേരളത്തിന് ഒരു പ്രത്യേക സൗന്ദര്യമുണ്ട്. മഴയുടെ കുളിരും പച്ചപ്പും നമുക്ക് മനസ്സിനോട് സംസാരിക്കുന്ന പോലെ ആകും.

ശേഷകാലങ്ങളിലായി മഴക്കാലത്ത് പ്രകൃതിദുരന്തങ്ങൾ വന്നിട്ടുണ്ടെങ്കിലും, കേരളത്തിന്റെ ഭൂപ്രകൃതിയിലും പ്രകൃതിസൗന്ദര്യത്തിലുമുള്ള ആകർഷണം ചുരുങ്ങിയിട്ടില്ല. ഒരിക്കൽ കണ്ടാൽ വീണ്ടും കാണാൻ തോന്നുന്ന മനോഹാരിതയാണ് നമ്മുടെ കേരളം.

ജനഹൃദയത്തിലെ നേതാവ് വിടപറഞ്ഞു: വി.എസ്. അച്യുതാനന്ദന് ആദരാഞ്ജലികൾ





തിരുവനന്തപുരം: കേരളത്തിന്റെ മുൻ മുഖ്യമന്ത്രിയും സിപിഎം നേതാവുമായ വി.എസ്. അച്യുതാനന്ദൻ (101) അന്തരിച്ചു. തിരുവനന്തപുരത്തെ പട്ടം എസ്.യു.ടി ആശുപത്രിയിലായിരുന്നു അന്ത്യം. ഇന്ന് ഉച്ച കഴിഞ്ഞ് 3.20ഓടെയായിരുന്നു അദ്ദേഹത്തിന്റെ മരണം. ഹൃദയാഘാതമാണ് മരണകാരണം. ഏറെ ദിവസങ്ങളായി ചികിത്സയിലായിരുന്ന അദ്ദേഹത്തിന്റെ ആരോഗ്യനില കഴിഞ്ഞ കുറച്ചു ദിവസങ്ങളായി മോശമായിരുന്നു. പ്രായം കൂടിയതും രക്തസമ്മർദ്ദം കുറയുകയും ചെയ്തതുമാണ് അവസ്ഥ ഗുരുതരമാക്കിയത്. വിദഗ്ധ ഡോക്ടർമാരുടെ നിരീക്ഷണത്തിലായിരുന്നെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

1923 ഒക്ടോബർ 20-ന് ആലപ്പുഴയിലെ പുന്നപ്രയിലാണ് വി.എസ്. അച്യുതാനന്ദൻ ജനിച്ചത്. സാധാരണക്കാരായ ജനങ്ങളുടെ ആത്മവിശ്വാസമായിരുന്ന അദ്ദേഹം, 2006 മുതൽ 2011 വരെ കേരളത്തിന്റെ മുഖ്യമന്ത്രിയായി പ്രവർത്തിച്ചു. മുന്നാറിലെ കയ്യേറ്റങ്ങൾക്കെതിരായ ശക്തമായ നിലപാടും അഴിമതിക്കെതിരായ പോരാട്ടവും അദ്ദേഹം നയിച്ചു. സ്ത്രീകളുടെ അവകാശങ്ങൾക്കായി നിലകൊണ്ടത് പോലും അദ്ദേഹത്തെ ജനഹൃദയത്തിൽ ഇട്ടു നിർത്തിയതായി പറയാം.

1940-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്ന വിഎസ്, 1964-ൽ സിപിഎം രൂപീകരണത്തിന് നേതൃത്വം നൽകിയ നേതാക്കളിൽ ഒരാളായിരുന്നു. സിപിഎം സംസ്ഥാന സെക്രട്ടറിയായി, പ്രതിപക്ഷ നേതാവായി, നിയമസഭാംഗമായി— നിരവധി പൊതു സ്ഥാനങ്ങളിൽ അദ്ദേഹം ബുദ്ധിപൂർവം പ്രവർത്തിച്ചു.

അദ്ദേഹത്തിന്റെ വേർപാടിൽ കേരളം ഒരുപാട് വിഷാദത്തിലാണ്. മുഖ്യമന്ത്രി പിണറായി വിജയനും സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദനും ആശുപത്രിയിൽ എത്തിയിരുന്നു. നിരവധി രാഷ്ട്രീയ നേതാക്കളും പൊതു ജനങ്ങളും ആശുപത്രിയിൽ എത്തി അന്തിമാദരാഞ്ജലികൾ അർപ്പിച്ചു. സച്യുൻ, വി.എസ്., സഖാവ് എന്ന് വിവിധരീതിയിൽ ജനങ്ങൾ വിളിച്ചിരുന്ന ആ പേര് ഇനി ഓർമ്മകളിലാകും മാത്രം. 'ലാൽ സലാം സഖാവേ'— എന്നൊരു നന്ദിയും വിടപറയലുമാണ് കേരളം ഇതിനുതുടർന്ന് പറയുന്നത്.

tabla
FINE INDIAN CUISINE

WHERE EVERY DISH IS A MASTERPIECE
YUM!

tabla
FINE INDIAN CUISINE

HIGH FIVE 2025















ജപ്പാനുമായി വമ്പൻ വ്യാപാര കരാർ പ്രഖ്യാപിച്ച് ട്രംപ് ; ഇന്ത്യയും പ്രതീക്ഷയോടെ



വാഷിംഗ്ടൺ : അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ് ജപ്പാനുമായി വലിയൊരു വ്യാപാര കരാർ പ്രഖ്യാപിച്ചു. അമേരിക്കയുടെ ചരിത്രത്തിലെ ഏറ്റവും വലിയ വ്യാപാര കരാറുകളിലൊന്നായാണ് ഈ കരാർ ട്രംപ് വിശേഷിപ്പിച്ചത്. ജപ്പാൻ ഏകദേശം 550 ബില്യൺ ഡോളർ അമേരിക്കയിൽ നിക്ഷേപിക്കും എന്നും അമേരിക്കക്ക് അതിൽ നിന്നു 90 ശതമാനം ലാഭം ലഭിക്കുമെന്നും ട്രംപ് വ്യക്തമാക്കി.

പുതിയ കരാർ ആയിരക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് ട്രംപ് പറഞ്ഞു. ജപ്പാൻ കാറുകൾ, ട്രക്കുകൾ, അരി, മറ്റ് കാർഷിക ഉൽപ്പന്നങ്ങൾ എന്നിവയുടെ കയറ്റുമതി കൂടുതൽ തുറക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ജപ്പാനിൽ നിന്നുള്ള ഉൽപ്പന്നങ്ങൾക്ക് ഇനി 15 ശതമാനം തീരുവ മാത്രമേ ഏർപ്പെടൂ എന്നും ട്രംപ് വ്യക്തമാക്കി.

ട്രൂത്ത് സോഷ്യൽ എന്ന സമൂഹമാധ്യമത്തിലൂടെയാണ് ചൊവ്വാഴ്ച രാത്രി ട്രംപ് ഈ പ്രഖ്യാപനം നടത്തിയത്. മാസങ്ങളായി തുടർന്നുവരുന്ന ചർച്ചകൾക്ക് ശേഷമാണ് കരാർ യാഥാർഥ്യമാകുന്നത്. ജപ്പാനുമായി അമേരിക്കയുടെ സൗഹൃദബന്ധം തകർക്കാത്തവിധം മുന്നോട്ടുപോകും എന്നും ട്രംപ് വ്യക്തമാക്കി.

മുമ്പ് ജപ്പാനിൽ നിന്നുള്ള ഉൽപ്പന്നങ്ങൾക്ക് 24 ശതമാനം വരെ തീരുവ ഏർപ്പെടുത്തിയിരുന്നെങ്കിലും ഏപ്രിലിൽ ട്രംപ് 90 ദിവസത്തേക്ക് ആ തീരുവ താൽക്കാലികമായി നിർത്തിവച്ചിരുന്നു. പിന്നീട് ഇത് 10 ശതമാനമായി കുറച്ചു. എന്നാൽ ജൂലൈ ആദ്യവാരം, ജപ്പാൻ പ്രധാനമന്ത്രി ഷിഗേരു ഇഷിബയ്ക്ക് അയച്ച കത്തിൽ, ഓഗസ്റ്റ് 1 മുതൽ വീണ്ടും 30 ശതമാനം തീരുവ ചുമത്തുമെന്ന് ട്രംപ് മുന്നറിയിപ്പ് നൽകിയിരുന്നു. അതിന് പിന്നാലെയാണ് ഈ പുതിയ കരാർ പ്രഖ്യാപിച്ചത്.

ഇതോടെ, ഇന്ത്യയും ആശയക്കുഴപ്പത്തിൽനിന്ന് കരാറിലേക്ക് കടക്കാൻ ശ്രമം ശക്തമാക്കുകയാണ്. ഇന്ത്യയും അമേരിക്കയും തമ്മിലുള്ള വ്യാപാര ചർച്ചകൾ നിർണ്ണായക ഘട്ടത്തിലാണ്. ട്രംപിന്റെ തീരുവ സമയം ഓഗസ്റ്റ് 1ന് അവസാനിക്കാനിരിക്കെ, ഇരുരാജ്യങ്ങളും ഇടക്കാല കരാറിലേക്ക് എത്താൻ ശ്രമിക്കുന്നു.

വാഷിംഗ്ടണിൽ കഴിഞ്ഞ ആഴ്ച പത്താംഘട്ട ചർച്ചകൾ പൂർത്തിയായിട്ടുണ്ട്. ഇന്ത്യയെ അപേക്ഷിച്ച് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്ന വസ്ത്രങ്ങൾ, ആഭരണങ്ങൾ, ചെമ്മീൻ, പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ, വാഹനം തുടങ്ങി നിരവധി ഉൽപ്പന്നങ്ങൾക്ക് തീരുവ ഇളവ് പ്രതീക്ഷിക്കുന്നുണ്ട്.

അമേരിക്കയുടെ ഭാഗത്ത് നിന്ന്, ഇലക്ട്രിക് വാഹനങ്ങൾ, വൈനുകൾ, പെട്രോകെമിക്കൽ ഉൽപ്പന്നങ്ങൾ, ആപ്പിൾ, നട്സ്, ക്ഷീര ഉൽപ്പന്നങ്ങൾ, ജനിതകമാറ്റം വരുത്തിയ കാർഷിക ഉൽപ്പന്നങ്ങൾ എന്നിവയ്ക്ക് ഇന്ത്യ തീരുവ കുറയ്ക്കണമെന്ന് ആഗ്രഹിക്കുന്നു.

ഓഗസ്റ്റ് 1ക്ക് മുമ്പായി ഒരു ഇടക്കാല കരാർ ഉണ്ടാകാനാണ് ശ്രമം. മൊത്തത്തിലുള്ള ഉഭയകക്ഷി വ്യാപാര കരാർ ഈ വർഷം സെപ്റ്റംബർ-ഒക്ടോബറിലേക്ക് ലക്ഷ്യമിടുന്നു.

ജപ്പാനുമായുള്ള വമ്പൻ കരാർ ഇന്ത്യയും അമേരിക്കയും തമ്മിലുള്ള വ്യാപാര ചർച്ചകളിൽ പുതിയ ചലനം ഉണ്ടാക്കുമോയെന്ന് അടുത്ത ദിവസങ്ങളിൽ വ്യക്തമാകും.

ഗോവിന്ദച്ചാമിയുടെ ജയിൽചാടൽ: ഷേവിങ് 'അലർജി'യും കറുത്ത തുണിയും ആസൂത്രിതം; കിണറ്റിൽ ഒളിച്ചെങ്കിലും പിടിയിലായി



കണ്ണൂർ സെൻട്രൽ ജയിലിൽ നിന്നും ഇറങ്ങിയ പ്രശസ്ത കുറ്റവാളി ഗോവിന്ദച്ചാമിയുടെ രക്ഷാപ്രവർത്തനം നിരവധി ആസൂത്രണങ്ങളുടെയും ആലോചനകളുടെയും ഫലമായിരുന്നുവെന്ന് പൊലീസ് വ്യക്തമാക്കുന്നു. താടിയും മുടിയും വളർത്താൻ ജയിലധികാരികളിൽ നിന്ന് പ്രത്യേക അനുമതി നേടിയതോടെ, ഷേവിങ് ചെയ്യാൻ കഴിയില്ലെന്നു അലർജിയുണ്ടെന്നായിരുന്നു ഇയാളുടെ കാരണം. പുറത്തു ചെന്നാൽ തിരിച്ചറിയാനാകാതെ ഇരിക്കാൻ വേണ്ടിയായിരുന്നു ഇതെന്ന് അന്വേഷണത്തിൽ വ്യക്തമായി.

ചെറിയ ചെറുപ്രവർത്തനങ്ങളിലൂടെ വലിയ പദ്ധതി നടപ്പാക്കിയതായിരുന്നു ഗോവിന്ദച്ചാമി. തുണി അലക്കാൻ നിയോഗിച്ച സ്ഥലത്തിൽ നിന്നാണ് ഇയാൾ കറുത്തവസ്ത്രം കൈവശപ്പെടുത്തിയത്. പതിവ് ജയിൽ വസ്ത്ര ത്തിൽ ഇറങ്ങിയാൽ തിരിച്ചറിയപ്പെടുമെന്ന തിനാൽ ഇത് മുൻകൂട്ടി ഒരുക്കിയായിരുന്നു. പച്ചക്കറിയോ പൊരിയലോ ഇല്ലാതെ, കുറേ ദിവസങ്ങളായി ചപ്പാത്തി മാത്രം കഴിച്ച് ശരീരഭാരം വളരെ കുറച്ചതും, ഈ യാത്രയ്ക്കായുള്ള ഒരുക്കങ്ങളി ലൊന്നായിരുന്നു.

വെള്ളിയാഴ്ച പുലർച്ചെ സെല്ലിൽ നിന്നിറങ്ങിയ ഗോവിന്ദച്ചാമി, ഇരുനൂറ് മീറ്ററോളം നടന്ന ശേഷം ജയിലിന്റെ വലിയ മതിലിന്റെ അടുക്കലെത്തി. മുമ്പേ കണ്ടെത്തിവച്ച മൂന്നു ഇരുമ്പ് വീപ്പകൾ ഒന്നിനുമേൽ മറ്റൊന്ന് വച്ചാണ് മതിലിന് സമീപത്തെത്തിയത്. തുണികൊണ്ട് കെട്ടിയ കയറുപയോഗിച്ച് ഫെൻസിങ് കയറുകയായി രുന്നു. വൈദ്യുതഫെൻസിങ് പ്രവർത്തിച്ചില്ലെന്നും അതിനാല് ഇതിന് തടസമുണ്ടായില്ലെന്നും പറയുന്നു.

ജയിലിന് പുറത്ത് എത്തിയതിനു ശേഷം കുറേ ദൂരം നടന്ന്, രാവിലത്തെ വെളിച്ചത്തിൽ ആളൊഴിഞ്ഞ വഴികളിലൂടെ പോകേണ്ടി വന്നു. ചിലപ്പോൾ ആളുകളെ കണ്ടപ്പോൾ കുറ്റിക്കാടുകളിൽ ഒളിക്കുകയും ചെയ്തു. അവസാനം പലരും തിരിച്ചറിയുന്നുവെന്ന് തോന്നിയപ്പോൾ ഒരു ആളൊഴിഞ്ഞ വീട്ടിലേക്ക് ഓടിച്ചേർന്നു.

ബ്ലേഡ് പോലുള്ള ആയുധം ചമച്ചും അതുപ യോഗിച്ച് സെല്ലിന്റെ കമ്പി അറുത്തുമാണ് രക്ഷ പ്പെട്ടത്. ഇത് വരെ ആരുമറിയാതെ ആയുധം ഒരുക്കുകയും ഉപയോഗിക്കുകയും ചെയ്തത് അതിശയിപ്പിക്കുന്നതാണ്. പൊലീസ് കമ്മീഷ ണർ തന്നെ പിടിക്കപ്പെട്ടപ്പോഴുള്ള പരിശോധ നയിൽ ഇയാളുടെ കൈവശം ടൂൾസ് ഉണ്ടായി രുന്നെന്നത് സ്ഥിരീകരിച്ചിട്ടുണ്ട്.

പൊലീസ്, നാട്ടുകാർ, ഡോഗ് സ്ക്വാഡ് തുടങ്ങി അണിനിരന്നവരുടെ പരിശോധനയെത്തുടർന്ന് അവിടെ നിന്ന് രക്ഷപ്പെടാനായില്ല. ഒടുവിൽ ആ വീട്ടവളപ്പിലെ കിണറ്റിൽ ചാടി ഒളിക്കാനായ തോടെ, പൊലീസ് തിരച്ചിലിൽ ഗോവിന്ദ ച്ചാമിയെ പിടികൂടി.

താടിവളർത്തിയും, ഭക്ഷണക്രമം മാറ്റിയും, വസ്ത്രം മാറ്റിയും, ആയുധം ചമച്ചും, കയറിയു മിറങ്ങിയുമുള്ള ആസൂത്രിത നീക്കങ്ങൾ ഈ ജയിലചാടൽ എളുപ്പമല്ലായിരുന്നുവെന്ന് വ്യക്ത മാക്കുന്നു. എന്നാൽ ഒടുവിൽ കുഴിയിൽ കിണറ്റിലായിരുന്നു അവസാനം.

ട്രാൻസ്ജെൻഡർ അത്‌ലറ്റുകൾക്ക് വിലക്ക്: യുഎസ് ഒളിമ്പിക് കമ്മിറ്റി ട്രംപിന്റെ ഉത്തരവിനൊപ്പം.

കാലിഫോർണിയ: പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ എക്സിക്യൂട്ടീവ് ഉത്തരവ് പ്രകാരം, വനിതാ ഒളിമ്പിക് കായിക ഇനങ്ങളിൽ യുഎസിനെ പ്രതിനിധീകരിച്ച് മത്സരിക്കുന്നതിൽ നിന്ന് ട്രാൻസ്ജെൻഡർ അത്‌ലറ്റുകളെ വിലക്കി യുഎസ് ഒളിമ്പിക്, പാരാലിമ്പിക് കമ്മിറ്റി (USOPC). യുഎസ്ഒപിസി സിഇഒ സാറാ ഹിർഷ്‌ലാൻഡ് പോളിറ്റിക്കോയ്ക്ക് നൽകിയ പ്രസ്താവനയിലാണ് ഇക്കാര്യം അറിയിച്ചത്. ഈ നയം എല്ലാ ദേശീയ കായിക സംഘടനകൾക്കും ബാധകമാണ്.



പുതിയ നയം "സ്ത്രീകൾക്ക് ന്യായവും സുരക്ഷിതവുമായ മത്സര അന്തരീക്ഷം ഉറപ്പാക്കുന്നതിന്" ഊന്നൽ നൽകുന്നുവെന്ന് ഹിർഷ്‌ലാൻഡ് വ്യക്തമാക്കി. നേരത്തെ, ട്രാൻസ് അത്‌ലറ്റുകളെക്കുറിച്ച് ഓരോ കായിക സംഘടനയ്ക്കും അവരുടേതായ നയം രൂപീകരിക്കാൻ അനുവാദമുണ്ടായിരുന്നു.

"സ്ത്രീകളുടെ കായിക ഇനങ്ങളിൽ നിന്ന് പുരുഷന്മാരെ ഒഴിവാക്കുക" എന്ന തലക്കെട്ടിലുള്ള ട്രംപിന്റെ ഫെബ്രുവരിയിലെ എക്സിക്യൂട്ടീവ് ഉത്തരവാണ് ഈ മാറ്റത്തിന് വഴിവെച്ചത്. ഇത് വേൾഡ് അത്‌ലറ്റിക്സ്, ഇന്റർനാഷണൽ ഒളിമ്പിക് കമ്മിറ്റി (IOC) എന്നിവയുമായി യുഎസിനെ എതിർക്കുന്ന നിലപാടിലേക്ക് എത്തിക്കുന്നു. കാരണം, ഈ അന്താരാഷ്ട്ര സംഘടനകൾ ചില മെഡിക്കൽ അല്ലെങ്കിൽ യോഗ്യതാ മാനദണ്ഡങ്ങൾ അനുസരിച്ച് ട്രാൻസ് അത്‌ലറ്റുകളെ മത്സരിക്കാൻ അനുവദിക്കുന്നുണ്ട്.

പരിഷ്കരിച്ച USOPC അത്‌ലറ്റ് സുരക്ഷാ നയം, എക്സിക്യൂട്ടീവ് ഓർഡർ 14201 അനുസരിച്ച് സ്ത്രീകൾക്ക് ന്യായവും സുരക്ഷിതവുമായ മത്സര അന്തരീക്ഷം ഉണ്ടെന്ന് ഉറപ്പാക്കാൻ പ്രവർത്തിക്കുമെന്ന് പറയുന്നു. ഓഗസ്റ്റ് 1 മുതൽ പുതിയ നയം പ്രാബല്യത്തിൽ വരുമെന്ന് യുഎസ്എ ഫെൻസിംഗ് സോഷ്യൽ മീഡിയയിൽ അറിയിച്ചു.

ട്രാൻസ്ജെൻഡർ അത്‌ലറ്റുകളുടെ വനിതാ കായിക ഇനങ്ങളിലെ പങ്കാളിത്തത്തിനെതിരായ ട്രംപ് ഭരണകൂടത്തിന്റെ നിലപാടിന്റെ പ്രതിഫലനമാണ് USOPC യുടെ ഈ നീക്കം. IOC യുടെ പുതുതായി തിരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ് കിർസ്റ്റി കോവെൻട്രി കഴിഞ്ഞ മാസം ഈ വിഷയത്തിൽ ഒരു വർക്കിംഗ് ഗ്രൂപ്പ് ആരംഭിക്കുമെന്ന് പറഞ്ഞിരുന്നു.





വേൾഡ് മലയാളി കൗൺസിലിന്റെ ആഗോള പ്രസിഡന്റായി ബേബി മാത്യു സോമതീരം

ഷാർജ: വേൾഡ് മലയാളി കൗൺസിൽ (ഡബ്ല്യുഎംസി)യുടെ പുതിയ ആഗോള ഭാരവാഹികളെ തിരഞ്ഞെടുത്തു. ബേബി മാത്യു സോമതീരം പുതിയ ആഗോള പ്രസിഡന്റായി തെരഞ്ഞെ ടുക്കപ്പെട്ടു. ഷാർജയിലെ കോർണിഷ് ഹോട്ടലിൽ ചേർന്ന സമ്മേളനത്തിലാണ് പുതിയ ഭാരവാഹികളുടെ തെരഞ്ഞെ ടുപ്പ് നടന്നത്.

ഐസക് ജോൺ പട്ടാണി പറമ്പിൽ ഗ്ലോബൽ ചെയർമാനായി, മൂസ കോയ ജനറൽ സെക്രട്ടറിയായി, തോമസ് ചെല്ലത്ത് ട്രഷററായി നിയമിതരായി.

ഒരു വർഷം നീണ്ടുനിന്ന ഡബ്ല്യുഎംസിയുടെ 30-□□ വാർഷി കാഘോഷങ്ങൾ മുൻ അംബാസഡർ ടി.പി. ശ്രീനിവാസൻ ഉദ്ഘാടനം ചെയ്തു. എം.എൽ.എ രമേശ് ചെന്നിത്തലയും ഡബ്ല്യുഎംസി ഇന്ത്യൻ മേഖലാ ചെയർമാൻ പി.എച്ച്. കുര്യനും ചടങ്ങിൽ പങ്കെടുത്തു.

സമാപന സമ്മേളനം ഡബ്ല്യുഎംസി ട്രസ്റ്റിയായ ഫൈസൽ കൊട്ടിക്കോലൻ ഉദ്ഘാടനം ചെയ്തു. ലോകമാകെ വ്യത്യസ്ത രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന മലയാളികളെ ഒന്നിക്കുന്നു എന്നതിൽ ഡബ്ല്യുഎംസിയുടെ ഈ നേതൃത്വമാറ്റം പുതിയ സാധ്യതകൾക്ക് വഴി തുറക്കുന്നുണ്ട്.

പുതിയ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ബേബി മാത്യു സോമതീരം ഏറെക്കാലമായി സാമൂഹിക, സാംസ്കാരിക രംഗങ്ങളില് സജീവമായ വ്യക്തിത്വമാണ്. പ്രവാസജീവിതത്തിനിടയിലും മലയാളികളുടെ ആഗോള ഐക്യത്തിന് വേണ്ടി പലതവണ മുമ്പിൽ നിന്ന് നേതൃത്വം നൽകിയിട്ടുണ്ട്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ വേൾഡ് മലയാളി കൗൺസിൽ പുതിയ ഉയരങ്ങളിലേക്ക് ഉയരും എന്നാണ് പ്രതീക്ഷ.

വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ സംബന്ധിച്ച ചടങ്ങ് ഒരു ഐക്യത്തിന്റെ സന്ദേശമായി മാറി. ലോകമലയാളികളെ ഒന്നിപ്പിക്കുന്നതിൽ ഡബ്ല്യുഎംസിക്ക് വലിയ പങ്കാണ് ഉള്ളത്. പുതിയ നേതൃത്വത്തിന്റെ വരവോടെ സംഘടനയുടെ പ്രവർത്തനം കൂടുതൽ ശക്തമായും ദിശാബോധമുള്ളതുമായ രൂപത്തിൽ മുന്നോട്ടു പോകുമെന്ന് സദസ്സിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

30 വർഷങ്ങളായി വേൾഡ് മലയാളി കൗൺസിൽ സാമൂഹികമേഖലയിലും വിദ്യാഭ്യാസ-മാനവ സേവന മേഖലകളിലും നടത്തിയ പ്രവർത്തനങ്ങൾ ഏറെ പ്രശംസനീയമാണ്. അനാഥാലയങ്ങൾ, വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, ദുരിതാശ്വാസ പ്രവർത്തനങ്ങൾ തുടങ്ങി നിരവധി പദ്ധതികൾ ഡബ്ല്യുഎംസിയുടെ ആഭിമുഖ്യത്തിൽ നടന്നു കഴിഞ്ഞിട്ടുണ്ട്.



പുതിയ ടീമിന്റെ നേതൃത്വത്തിൽ ഈ പദ്ധതികൾ കൂടുതൽ വിപുലമായി മുന്നോട്ട് കൊണ്ടുപോകാൻ തയ്യാറാകുന്നുണ്ട്. വിവിധ രാജ്യങ്ങളിലേക്കുള്ള മലയാളികളുടെ സാമൂഹിക ക്ഷേമം ലക്ഷ്യമാക്കി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നു.

പ്രവാസികളായ മലയാളികൾ നേരിടുന്ന പ്രശ്നങ്ങളിൽ ഇടപെടാൻ ശക്തമായ അഭിമുഖീകരണ പാടവം പുതിയ നേതൃത്വത്തിന് ഉണ്ടാകുമെന്ന് അദ്ധ്യക്ഷ സ്ഥാനാരോഹണം നേടിയ നേതാക്കൾ പറഞ്ഞു.

കൗൺസിലിന്റെ പ്രതിനിധിത്വം ലോകമാകെയുള്ള മലയാളികളുടെ ശബ്ദമായി ഉയരുകയാണെന്നും, അവരുടെ അഭിമാനവും ആകാംക്ഷയും പ്രതിനിധീകരിക്കുകയാണെന്നും നേതൃത്വം വ്യക്തമാക്കിയിട്ടുണ്ട്.


ഏറ്റവും വലിയ ആത്മവിശ്വാസം സഹിതമാണ് പുതിയ ഭാരവാഹികൾ അവരുടെ ചുമതല ഏറ്റെടുത്തത്. ദൗത്യബോധം ഉള്ള നവീനമായ പ്രവർത്തനങ്ങൾക്കാണ് ഇനി മുന്ഗാമ്യം.

ശാരീരികമായി ദൂരെയായാലും മനസിലൊന്നാകുന്ന മലയാളികളായ പ്രവാസികൾക്ക് വേൾഡ് മലയാളി കൗൺസിൽ വീണ്ടും നാടിനെയും സമൂഹത്തെയും ഒരുപോലെ ബന്ധിപ്പിക്കുന്ന വിശ്വസ്ത സംഘടനയായിരിക്കും.

ഇനി കാത്തിരിക്കുന്നത് പ്രവാസമലയാളികളുടെ ശബ്ദമായി ലോകമാകെ ഉയരുന്ന പുതിയ കാലഘട്ടം മാത്രമാണ്.







വേൾഡ് മലയാളി കൗൺസിൽ പുതിയ ഗ്ലോബൽ ഭാരവാഹികളെ തെരെഞ്ഞെടുത്തു; തോമസ് മോട്ടക്കൽ ചെയർമാൻ, ഡോ. ബാബു സ്റ്റീഫൻ പ്രസിഡന്റ്

വേൾഡ് മലയാളി കൗൺസിൽ പുതിയ ഗ്ലോബൽ ഭാരവാഹികളെ തെരെ ഞ്ഞെടുത്തു; തോമസ് മോട്ടക്കൽ ചെയർ മാൻ, ഡോ. ബാബു സ്റ്റീഫൻ പ്രസിഡന്റ്





ന്യൂ ജേഴ്സി : വേൾഡ് മലയാളി കൗൺസിൽ എന്ന ആഗോള മലയാളി സംഘടനയുടെ 2025-,2027 വർഷത്തെ പുതിയ ഗ്ലോബൽ ഭാരവാഹികളെ തെരഞ്ഞെടുത്തു. അഞ്ചു ഭൂഖണ്ഡങ്ങളിലുള്ള 50 രാജ്യങ്ങളിലെ 75 പ്രൊവിൻസുകളിൽ നിന്നുള്ള സംഘടനാ പ്രതിനിധികളാണ് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തത്.

അമേരിക്കയിൽ നിന്നുള്ള തോമസ് മോട്ടക്കൽ ആണ് പുതിയ ഗ്ലോബൽ ചെയർമാൻ. ഫൊക്കാന മുൻ പ്രസിഡണ്ടും വേൾഡ് മലയാളി കൗൺസിൽ ബിസിനസ് ഫോറം ചെയർമാനുമായ ഡോ. ബാബു സ്റ്റീഫനെ പുതിയ ഗ്ലോബൽ പ്രസിഡന്റ് ആയി തെരഞ്ഞെടുത്തു.

ഷാജി എം. മാത്യു (സെക്രട്ടറി ജനറൽ, കേരളം), സണ്ണി വെളിയത്ത് (ട്രഷറർയൂറോപ്പ്), വൈസ് ചെയർമാൻമാരായി ദിനേശ് നായർ (ഗുജറാത്ത്), സരേന്ദ്രൻ കണ്ണാട്ട് (ഹൈദരാബാദ്), വിൽസൺ ചത്താൻകണ്ടം (സ്വിറ്റ്സർ ലൻഡ്), മോളി പറമ്പത്ത് (യൂറോപ്പ്) എന്നിവരും വൈസ് പ്രസിഡന്റ് (അഡ്മിൻ) ജെയിംസ് കൂടൽ (അമേരിക്ക), വൈസ് പ്രസിഡന്റ് ഓർഗനൈസേഷൻ ഡെവലപ്പ്മെന്റ്, ജോൺ സാമുവൽ (ദുബായ്), ഡോ. തങ്കം അരവിന്ദ് (വൈസ് പ്രസിഡന്റ് അമേരിക്ക റീജ്യൺ) ജോഷി പന്നാരക്കനോൽ (വൈസ് പ്രസിഡന്റ് യൂറോപ്പ് റീജ്യൺ), തങ്കമണി ദിവാകരൻ (വൈസ് പ്രസിഡന്റ് ഇന്ത്യ റീജ്യൺ), അജോയ് കല്ലൻ കുന്നിൽ (വൈസ് പ്രസിഡന്റ് ഫാർ ഈസ്റ്റ് റീജ്യൺ), അഡ്വ.തോമസ് പണിക്കർ (വൈസ് പ്രസിഡന്റ് മിഡിൽ ഈസ്റ്റ് റീജ്യൺ) എന്നിവരെ തെരഞ്ഞെടുത്തു.

ഗ്ലോബൽ സെക്രട്ടറിമാരായി കെ. വിജയചന്ദ്രൻ (കേരളം) പ്രദീപ് കുമാർ (മിഡിൽ ഈസ്റ്റ്), ഗ്ലോബൽ ജോയിന്റ് സെക്രട്ടറിമാരായി സജി തോമസ് (ന്യൂ ഡൽഹിഇന്ത്യ) ജെയ്സൺ ജോസഫ് (ഹരിയാന ഇന്ത്യ) എന്നിവരെയും ഗ്ലോബൽ ജോയിന്റ് ട്രഷറർമാരായി രാജു തേവർമഠം (മിഡിൽ ഈസ്റ്റ്) ഡോ. സുമൻ ജോർജ് (ഓസ്ട്രേലിയ) എന്നിവരെയും തെരഞ്ഞെടുതായി സംഘടനയുടെ കേന്ദ്ര തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. സൂസൻ ജോസഫ് അറിയിച്ചു. സംഘടന 30 വർഷം പൂർത്തിയാക്കുന്ന വേളയിൽ ജൂലൈ 25ന് ബാങ്കോക്കിൽ നടത്തുന്ന ആഗോള മലയാളി സംഗമത്തിൽ വച്ചു പുതിയ സാരഥികൾ സ്ഥാനം ഏറ്റെടുക്കും



വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ ഓഫിസ് കൊച്ചിയിൽ ഓഗസ്റ്റ് 3 ന് ഉദ്ഘാടനം ചെയ്യും













കൊച്ചി:വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ ഓഫീസ് കൊച്ചി മറൈൻ ഡ്രൈവിൽ ഓഗസ്റ്റ് 3 ന് രാവിലെ 10 മണിക്ക് ഉദ്ഘാടനം ചെയ്യും.ബാങ്കോക്കിൽ വമ്പിച്ച ആഘോഷത്തോടെ സംഘടിപ്പിച്ച ലോക മലയാളി കൗൺസിലിന്റെ 14-ാമത് ആഗോള സമ്മേളനത്തിന്റെ തിരുമാനപ്രകാരമാണ്ലോക മലയാളി കൗൺസിലിന്റെ ഗ്ലോബൽ ഓഫീസ് മറൈൻ ഡ്രൈവിൽ ഡി ഡി സമ്പൂ ദർശനിൽ തുറക്കുന്നത്.

കൊച്ചിയിലെ ഡി.ഡി. സമ്പൂ ദർശൻ, മറൈൻ ഡ്രൈവ്, താജ് (വിവന്ത) ഹോട്ടലിന് സമീപം, സ്ഥിതി ചെയ്യുന്ന ലോക മലയാളി കൗൺസിലിന്റെ ആഗോള ഓഫീസ്, സംഘടനയുടെ വളർച്ചയ്ക്കും ലോകമെമ്പാടുമുള്ള മലയാളി സമൂഹത്തോടുള്ള സമർപ്പണത്തിന്റെയും പ്രതീകമാകും. ആഡംബര സൗകര്യങ്ങളോടു കൂടിയ ഈ ഏഴ് കേരളത്തിലേക്ക് എത്തുന്ന ലോക മലയാളി കൗൺസിൽ അംഗങ്ങൾക്കും അവരുടെ കുടുംബങ്ങൾക്കും സൗജന്യമായി ഉപയോഗിക്കാവുന്ന വിധത്തിലാണ് ഒരുക്കിയിരിക്കുന്നത്. ഗ്ലോബൽ പ്രസിഡന്റ് ഡോ ബാബു സ്റ്റീഫൻ പ്രഖ്യാപിച്ച അഞ്ചിന കർമ്മ പദ്ധതിയുടെ ഭാഗമായിയാണ് ഗ്ലോബൽ ഓഫീസ് തുറക്കുന്നത്.

തിരുവനന്തപുരത്ത് വേൾഡ് മലയാളി സെൻറർ, നഴ്സിംഗ് വിദ്യാർത്ഥികൾക്ക് 1 കോടി രൂപയുടെ സ്കോളർഷിപ്പ്, യൂറോപ്പ് റീജിയനിൽ യൂത്ത് കോൺഫ്രൻസ്, 2027 ൽ ആഗോള സമ്മേളനം തുടങ്ങിയ കർമ്മ പദ്ധതികൾ ആണ് ഗ്ലോബൽ കോൺഫ്രൻസിലെ പ്രധാന തിരുമാനങ്ങൾ എന്ന് ഗ്ലോബൽ വൈസ് പ്രസിഡന്റ് അഡ്മിനിസ്ട്രേഷൻ ജെയിംസ് കൂടൽ അറിയിച്ചു.

ഓഫീസ് ഉത്ഘാടനത്തിന് ഗ്ലോബൽ നേതാക്കൾ ചെയർമാൻ തോമസ് മോട്ടക്കൽ,പ്രസിഡന്റ് ബാബു സ്റ്റീഫൻ ജനറൽ സെക്രട്ടറി ഷാജി മാത്യു, ട്രഷറർ സണ്ണി വെളിയത്ത്, ഗ്ലോബൽ വൈസ് പ്രസിഡന്റ് ഓർഗനൈസേഷൻ ജോൺ സാമുവൽ ഉൾപ്പെടെ ഗ്ലോബൽ റീജിയൻ പോവിൻസ് നേതാക്കൾ പങ്കെടുക്കും.

ഗ്ലോബൽ പ്രസിഡന്റ് ബാബു സ്റ്റീഫനാണ് കൊച്ചിയിലെ ഓഫീസ് വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ കമ്മിറ്റിക്ക് വേണ്ടി ക്രമീകരിക്കുന്നത്. വേൾഡ് മലയാളി കുടുംബങ്ങൾക്ക് സൗജന്യമായി താമസിക്കുന്നതിനുള്ള ഗസ്റ്റ് ഹൗസും ഗ്ലോബൽ ഓഫിസിനോടൊപ്പം ക്രമീകരിച്ചിതുണ്ടെന്ന് ഗ്ലോബൽ പ്രസിഡന്റ് ഡോ ബാബു സ്റ്റീഫൻ പറഞ്ഞു.



യു.എസ്. വിസ അഭിമുഖ ഇളവുകൾക്ക് സെപ്റ്റംബർ 2 മുതൽ നിയന്ത്രണം-അറ്റോർണി ലാൽ വർഗീസ്.



വാഷിംഗ്ടൺ ഡി.സി.: 2025 സെപ്റ്റംബർ 2 മുതൽ പ്രാബല്യത്തിൽ വരുന്ന രീതിയിൽ യു.എസ്. സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് (DOS) വിസ അഭിമുഖ ഇളവ് നയങ്ങളിൽ കാര്യമായ മാറ്റങ്ങൾ പ്രഖ്യാപിച്ചു. ഇതനുസരിച്ച് മിക്ക വിസ അപേക്ഷകർക്കും ഇനി അഭിമുഖ ഇളവ് ലഭ്യമല്ല.

പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം E-1, E-2, F-1, H-1B, J-1, L-1, O-1 തുടങ്ങിയ മിക്ക വിസ വിഭാഗങ്ങൾക്കും നേരിട്ടുള്ള അഭിമുഖം നിർബന്ധമാക്കും. വിസ പുതുക്കുന്നവർക്കും ആവർത്തിച്ചുള്ള അപേക്ഷകർക്കും പോലും അഭിമുഖ ഇളവ് ലഭിക്കില്ല. കൂടാതെ, 14 വയസ്സിൽ താഴെയുള്ളവരും 79 വയസ്സിൽ കൂടുതൽ പ്രായമുള്ളവരും ഇനി നേരിട്ടുള്ള അഭിമുഖത്തിന് ഹാജരാകേണ്ടി വരും.

ഇളവുകൾ ലഭിക്കുന്ന വിസകൾ:പൂർണ്ണ സാധുതയുള്ള B-1, B-2, B1/B2 വിസ അല്ലെങ്കിൽ ബോർഡർ ക്രോസിംഗ് കാർഡ്/ഫോയിൽ പുതുക്കുന്ന ചില അപേക്ഷകർക്ക് മാത്രമാണ് ഇനി അഭിമുഖ ഇളവുകൾക്ക് അർഹതയുള്ളത്.ഇതിന് മുൻ വിസയുടെ കാലാവധി കഴിഞ്ഞ് 12 മാസത്തിനുള്ളിൽ അപേക്ഷിക്കുകയും, മുൻ വിസ ലഭിക്കുമ്പോൾ കുറഞ്ഞത് 18 വയസ്സ് പ്രായം ഉണ്ടായിരിക്കുകയും, സ്വന്തം രാജ്യത്ത് നിന്ന് അപേക്ഷിക്കുകയും, വിസ നിരസിക്കപ്പെടാതിരിക്കുകയും വേണം.A-1, A-2, C-3, G-1, G-2, G-3, G-4, NATO-1 മുതൽ NATO-6, അല്ലെങ്കിൽ TECRO E-1 എന്നീ നയതന്ത്ര അല്ലെങ്കിൽ ഔദ്യോഗിക വിസകൾക്ക് അഭിമുഖ ഇളവ് തുടരും.

പുതിയ മാറ്റങ്ങൾ കാരണം വിസ അപ്പോയിന്റ്മെന്റുകൾക്കും പ്രോസസ്സിംഗിനും കാലതാമസം ഉണ്ടാകാൻ സാധ്യതയുണ്ടെന്നും, അപേക്ഷകർ അതത് എംബസി, കോൺസുലേറ്റ് വെബ്സൈറ്റുകൾ സന്ദർശിച്ച് കൂടുതൽ വിവരങ്ങൾ മനസ്സിലാക്കണമെന്നും അധികൃതർ അറിയിച്ചു.

on pravasi issues



DISCUSSION WITH
GOVERNOR
ON PRAVASI ISSUES









KERALA TIMES

DISCUSSION ON PRAVASI ISSUES





MR. PAUL KARUKAPPILLIL MEETING WITH THE HON'BLE GOVERNOR OF KERALA









KERALA TIMES

മനുഷ്യസ്നേഹത്തിനുള്ള മദർ തെരേസ സേവന അവാർഡുകൾ വിതരണം ചെയ്തു



കൊച്ചി : മദർ തെരേസയുടെ മാതൃസ്നേഹത്തെ ഓർമ്മപ്പെ ടുത്തുന്ന രീതിയിൽ നടന്ന മദർ തെരേസ സേവന അവാർഡ് സീസൺ-2 ചടങ്ങ് സുപ്രീംകോടതി മുൻ ജസ്റ്റിസ് കുര്യൻ ജോസഫ് ഉദ്ഘാടനം ചെയ്തു. ഫാ. ഡേവിസ് ചിറമേൽ ട്രസ്റ്റ് കൂട്ടുവളളി കുട്ടികളെ സാമൂഹിക സേവനത്തിലേക്ക് പ്രോത്സാഹിപ്പിക്കാനാണ് ഈ അവാർഡുകൾ സ്ഥാപിച്ചത്.

കൂനമ്മാവ് സെന്റ് ജോസഫ്സ് യു.പി. സ്കൂളിൽ നടന്ന ചടങ്ങിൽ യു.പി. വിഭാഗത്തിൽ നെടുങ്ങപ്ര സെന്റ് ആന്റണീസ് സ്കൂളിലെ എയ്ഞ്ചൽ ഷിബുവും, ഹൈസ്കൂൾ വിഭാഗത്തിൽ കോഴിക്കോട് കല്ലനാട് സെന്റ് മേരീസ് ഹൈസ്കൂളിലെ അൻവിത അജിയും അവാർഡ് നേടിയവരാണ്.

ഓരോരുത്തർക്കും ഒരു ലക്ഷം രൂപയും ട്രോഫിയും സർട്ടിഫി ക്കറ്റുകളും നൽകി. ഇവർക്കെല്ലാം മദർ തെരേസയുടെ കൊൽക്കത്തയിലെ ആശ്രമം സന്ദർശിക്കാനുള്ള കുടുംബ യാത്രാ അവസരവും നൽകും. എംടിഎസ്എ ചെയർമാൻ ഫാ. ഡേവിസ് ചിറമേൽ അധ്യക്ഷത വഹിച്ചു. ജസ്റ്റിസ് കുര്യൻ ജോസഫ് മുഖ്യാതിഥിയായിരുന്നു. ചടങ്ങിൽ ഫൊക്കാന മുൻ പ്രസിഡണ്ടും, കേരള ടൈംസ് മാനേജിംഗ് ഡയറക്ടറും, പ്രവാസി കോൺക്ലേവ് ട്രസ്റ്റ് പ്രസിഡന്റുമായ പോൾ കറുകപ്പിള്ളിയുടെ സാന്നിധ്യവും ശ്രദ്ധേയമായി.

അമേരിക്കൻ മലയാളിയായ ജോൺസൻ സാമുവേലിന്റെ നേതൃത്വത്തിലുള്ള ലൈഫ് ആൻഡ് ലിംബ്സ് ചാരിറ്റബിൾ ട്രസ്റ്റാണ് ഈ അവാർഡുകൾ സ്പോൺസർ ചെയ്തിരി ക്കുന്നത്. ട്രസ്റ്റ് വൈസ് ചെയർമാൻ രാജൻ തോമസ്, സി.വി. ജോസ്, ഡോ. വി.വി. റോസ്, ബിജോയ് സി. ആന്റണി, വില്യം വർഗീസ്, മീന രാജൻ, സിസ്റ്റർ വിമൽ ജോസ്, സിസ്റ്റർ നിരഞ്ജന, സിസ്റ്റർ ബെൻസി തെരേസ, സിസ്റ്റർ സീന ജോസ്, ഡോ. ഇന്ദു ശരത്ത് തുടങ്ങിയവർ സംസാരിച്ചു.

ഫാ. ഡേവിസ് ചിറമേൽ ട്രസ്റ്റിന്റെ കാരുണ്യശ്രീ അവാർഡ് ഈ വർഷം തിരുവനന്തപുരത്തെ സന്നദ്ധസംഘടനയായ മേഴ്സി കോപ്സിന്റെ സ്ഥാപകനും റൂറൽ എസ്.പി.യുമായ കെ.എസ്. സുദർശനന് നൽകിയതായി പ്രഖ്യാപിച്ചു. അവാർഡായി 50,000 രൂപയും പ്രശസ്തിപത്രവും ഫലകവുമാണ് നൽകിയത്. അവാർഡ് തുക ട്രസ്റ്റിന്റെ സേവനങ്ങൾക്കായാണ് അദ്ദേഹം കൈമാറിയത്.

മാവേലിക്കരയിൽ ആസ്ഥാനം ഉള്ള ലൈഫ് ആൻഡ് ലിംബ്സ് ചാരിറ്റബിൾ ട്രസ്റ്റ് കാലുകൾ നഷ്ടപ്പെട്ടവർക്ക് കൃത്രിമ കാലു കൾ നൽകി സഹായിക്കുകയാണ്. 2024 ഡിസംബറിൽ 115 കാലുകൾ 100 ആളുകൾക്ക് നൽകിയിരുന്നു. 2025 ലേക്കുള്ള അപേക്ഷകൾ സ്വീകരിക്കുന്നുണ്ട്.ആവശ്യമുള്ളവർക്ക് ഫാ. ഡേവിസ് ചിറമേൽ ചാരിറ്റബിൾ ട്രസ്റ്റുമായി ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾ അറിയാം. അപേക്ഷകർക്ക് 55 വയസ്സിൽ താഴെ പ്രായമാകണം, കാൽ നഷ്ടപ്പെട്ടിട്ട് കുറഞ്ഞത് ആറുമാസമെങ്കിലും ആയിരിക്കണം, കൃത്രിമക്കാൽ ഉപയോഗിക്കാൻ ശരീരാരോഗ്യം മതിയായിരിക്കണം. സ്വന്തം ചെലവിൽ കാലുകൾ വാങ്ങാൻ കഴിയുന്നവർക്ക് ഈ പദ്ധതിയിൽ ഉൾപ്പെടാനാവില്ല. അപേക്ഷി ക്കേണ്ടവർ www.LifeandLimbs.org എന്ന വെബ്സൈറ്റിൽ പോയി “Register” എന്ന ബട്ടൺ ക്ലിക്ക് ചെയ്ത്, ആവശ്യമായ വിവരങ്ങൾ പൂരിപ്പിച്ചാൽ മതി.
















KARUNYASREE


MOTHER TERESA SEVANA AWARD
SEASON - 2



COMMUNITY SERVICE TO BUILD UP
A NEW GENERATION






With Best Compliments
Life & Limb
CHARITABLE TRUST
JOHNSON SAMUEL
Phone: (646) 996 - 1692
Website: www.Lifeandlimbs.org
MISSION
OUR MISSION IS TO PROVIDE INDIVIDUALIZED CARE AND SUPPORT THAT WILL ENABLE THE THOUSANDS OF AMPUTEES IN INDIA AND HELP BRING THEM ONE STEP CLOSER TO REGAINING CONTROL OF THEIR LIVES.
2024: 115 Limbs for 100 People


SAJ GROUP
HOTELS & RESORTS
WINDSOR ENTERTAINMENT
TWILIGHT MEDIA PRODUCTION
Presents
FOR TICKETS
https://www.kilukkam2025.com/
GLOBAL COLLISION
Libin Baby
Twilight
Celebrating
MOHANLAL
WITH STEPHEN DEVASSY
ബെൻസും ജോർജ്ജ് സാറും
ഒരേ വേദിയിൽ നിങ്ങളെ
കാണാൻ എത്തുന്നു
NEW JERSEY യിൽ
കിലുക്കം
Kilukkam 25
SEPTEMBER 1ST 2025
FELICIAN COLLEGE AUDITORIUM
262 S MAIN ST.LODI, NJ 07644
DOOR OPEN 5.00 PM
GRAND SPONSOR
WINDSOR HOME LENDING
CONTACT: SHIJO POULOSE +1(201)-238-9654 BAIJU VARGHESE +1(914)-349-1559


LIONS
Indian Visa Center
PASSPORT/VISA/OCI/PIO
Ren Assistance Center
(T) 718-554-0000
(C) 917-660-2747
(F) 718-228-8430
ROHIT SHARMA
261-03 HILLSIDE AVE
FLORAL PARK NY 11004
info@theindianvisacenter.com


AERO GROUP USA LLC
Forms, Contracts, Agreements And More, We've Got You Covered.
Book your appointments today!
NOTARY PUBLIC,
WILLS AND ESTATE
CREDIT CHECK
BACKGROUND CHECK
MARRIAGE AND SEPARATION AGREEMENTS
POWER OF ATTORNEY LIMITED, MEDICAL AND REVOCATION
PERMISSION CONSENT OR FORMS
SALES RELATED FORMS, CONTRACTS AND AGREEMENTS
PARTNERSHIP AND JOINT VENTURE
RENTAL RESIDENTIAL AND COMMERCIAL LEASE, SUBLEASE & TENANCY FORMS
BUYING AND SELLING A BUSINESS CONTRACTS AND AGREEMENTS
EVICTION AND LEASE NOTICES
CONTRACTOR SERVICE RELATED AGREEMENTS
SERVICE FORMS, AGREEMENTS AND CONTRACTS
LOANS, DEBT, IOUS AGREEMENTS AND CONTRACTS
Anu Skariah
Cell: 267-496-2423
Email: anuskariah@aerogroupusa.com
NOTARY
LICENSED AND INSURED
I am not a Lawyer, and my comments aren't legal advice. For Legal issues consult a qualified attorney.
www.aerogroupusa.com


"Woman-Owned, Family-Run"
AMERICAN LUXURY HOMES
A FAMILY BROKERAGE
Looking to buy or sell your home?
We are more than happy to help you!
Serving Queens, Nassau, Suffolk & Rockland counties.
REALTOR JAYA
JAYA VARGHESE
BROKER + OWNER
516-784-7373
e-mail: sales@amluxhomes.com web: www.amluxhomes.com
AJIT ABRAHAM
SALESPERSON
516-225-2814
ALAN AJIT
SALESPERSON
631-923-8424


A MALAYALEE OWNED BUSINESS
SPECTRUM AUTO
EXCEEDING PERFECTION
CERTIFIED COLLISION CENTER | AUTO REPAIR
Top-Quality Craftsmanship With Hands On Care
175 NY-303, West Nyack, NY 10994
845- 348-7777
spectrumautoinc.com

ടെസ്‌ലയും സാംസങ്ങും ചേർന്ന് വമ്പൻ കരാർ: ടെസ്‌ലയുടെ മേധാവിയായ ഇലോൺ മസ്ക് തന്നെ സ്ഥിരീകരിച്ചു



അമേരിക്കയിലെ പ്രശസ്ത ഇലക്ട്രിക് വാഹന നിർമ്മാതാക്കളായ ടെസ്‌ലയും ദക്ഷിണ കൊറിയയിലെ ഇലക്ട്രോണിക്സ് ഭീമനായ സാംസങ്ങും തമ്മിൽ വലിയൊരു കരാറിൽ ഒപ്പുവെച്ചതായി ടെസ്‌ലയുടെ മേധാവിയായ ഇലോൺ മസ്ക് വ്യക്തമാക്കി.

ഇതിനുമുമ്പ്, ഏകദേശം 1,650 കോടി ഡോളർ വിലവരുന്ന (ഏകദേശം 1.4 ലക്ഷം കോടി രൂപ) ഒരു കരാറിനെക്കുറിച്ച് സാംസങ്ങ് പരസ്യമായി പറഞ്ഞിരുന്നു. എന്നാൽ ആ ഉപഭോക്താവ് ആരാണെന്ന് സാംസങ്ങ് അതേവേളയിൽ വെളിപ്പെടുത്തിയിരുന്നില്ല. ഇതിന് പിന്നാലെയാണ് മസ്ക് തന്നെ ആ കരാർ ടെസ്‌ലയ്ക്കുവേണ്ടിയാണെന്ന് ഔദ്യോഗികമായി അറിയിച്ചത്.

ഈ പുതിയ കരാർ പ്രകാരം, ടെസ്‌ലയ്ക്കായി സാംസങ്ങ് പുതിയ തലമുറയായ എഐ6 (ai6) ചിപ്പുകൾ നിർമ്മിക്കാനാണ് പദ്ധതിയിടുന്നത്. മസ്കിന്റെ വസതിക്ക് സമീപമുള്ള ടെക്സാസിലുള്ള സാംസങ്ങിന്റെ ഫാക്ടറിയിലാണ് (ഫാബ്) ഈ ചിപ്പുകൾ നിർമ്മിക്കപ്പെടുന്നത്.

ഇതുവരെ ടെസ്‌ലയുടെ ചില ഭാഗങ്ങൾക്കായി സാംസങ്ങ് എഐ4 ചിപ്പുകൾ ഒരുക്കികൊണ്ടിരിക്കുകയാണ്. കൂടാതെ, തായ്വാനിലെ പ്രശസ്ത ചിപ്പ് നിർമ്മാതാക്കളായ ടിഎസ്എംസി (tsmc) കമ്പനിയും ടെസ്‌ലയ്ക്കായി എഐ5 ചിപ്പുകൾ ഒരുക്കുന്നുണ്ട്. ടിഎസ്എംസി കമ്പനിയുടെ ഫാക്ടറികൾ തായ്വാനിലുമായി യുഎസിലെ അരിസോണയിലുമായി പ്രവർത്തിക്കുന്നു.

സാംസങ്ങുമായുള്ള പുതിയ സഹകരണം ടെസ്‌ലക്ക് വലിയ ശക്തിയാകും എന്ന് ഇലോൺ മസ്ക് വ്യക്തമാക്കുന്നു. ഈ കരാർ വഴിയുണ്ടാകുന്ന സഹകരണം ടെസ്‌ലയുടെ ഉൽപാദനം കാര്യമായി വർദ്ധിപ്പിക്കാൻ സഹായിക്കുമെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു.





ഫൊക്കാന സിൽവർ ജൂബിലി കൺവെൻഷൻ 2008 - പെൻസിൽവാനിയ


















ഫൊക്കാന കൺവെൻഷൻ 2010 - ആൽബനി




















പലസ്തീൻ രാഷ്ട്രത്തെ അംഗീകരിക്കുമെന്ന് കനേഡിയൻ പ്രധാനമന്ത്രി



ഒട്ടാവ: സെപ്റ്റംബറിൽ നടക്കുന്ന ഐക്യരാഷ്ട്രസഭയുടെ പൊതുസമ്മേളനത്തിന് മുമ്പായി കാനഡ ഒരു പലസ്തീൻ രാഷ്ട്രത്തെ അംഗീകരിക്കാൻ ഒരുങ്ങുന്നതായി പ്രധാനമന്ത്രി മാർക്ക് കാർണി ബുധനാഴ്ച ഒട്ടാവയിൽ പ്രഖ്യാപിച്ചു. ഗാസയിലെ മാനുഷിക ദുരന്തം തടയുന്നതിൽ ഇസ്രായേൽ സർക്കാരിന്റെ "നിരന്തരമായ പരാജയമാണ്" ഈ തീരുമാനത്തിന് കാരണമെന്ന് അദ്ദേഹം കുറ്റപ്പെടുത്തി.

"സാധാരണക്കാരുടെ കഷ്ടപ്പാടുകൾ വർദ്ധിക്കുന്നത് സമാധാനം, സുരക്ഷ, എല്ലാ മനുഷ്യജീ വിത ത്തിന്റെയും അന്തസ്സ് എന്നിവയെ പിന്തുണയ്ക്കുന്നതിനുള്ള ഏകോപിത അന്താരാഷ്ട്ര നടപടികളിൽ കാല താമസത്തിന് ഇടം നൽകുന്നില്ല," കാർണി പറഞ്ഞു.

ഈ അംഗീകാരം, പലസ്തീൻ അതോറിറ്റിയുടെ ഭരണം പരിഷ്കരിക്കാനും 2026-ൽ പൊതു തെരഞ്ഞെടുപ്പ് നടത്താനുമുള്ള അവരുടെ പ്രതിബദ്ധതയെ അടിസ്ഥാനമാക്കിയാണ്. "അതിൽ ഹമാസിന് ഒരു പങ്കും വഹിക്കാൻ കഴിയില്ല" എന്നും കാർണി വ്യക്തമാക്കി. പ്രഖ്യാപനത്തിന് മുമ്പ് പലസ്തീൻ അതോറിറ്റി പ്രസിഡന്റ് മഹ്മൂദ് അബ്ബാസുമായി ഈ വ്യവസ്ഥകൾ താൻ വിശദീകരിച്ചതായും പ്രധാനമന്ത്രി അറിയിച്ചു. ഹമാസ് എല്ലാ ബന്ദികളെയും ഉടൻ മോചിപ്പിക്കണമെന്നും നിരായുധീകരിക്കണമെന്നും കാർണി ആവർത്തിച്ചു.

ഇസ്രായേലിന്റെ പ്രതിഷേധം:

കാനഡയുടെ പ്രസ്താവനയെ ഇസ്രായേൽ അപലപിച്ചു. "ഈ സമയത്തെ കനേഡിയൻ സർക്കാരിന്റെ നിലപാട് മാറ്റം ഹമാസിനുള്ള പ്രതിഫലമാണ്, ഗാസയിൽ വെടിനിർത്തൽ കൈവരിക്കാനുള്ള ശ്രമങ്ങളെയും ബന്ദികളെ മോചിപ്പിക്കുന്നതിനുള്ള ചട്ടക്കൂടിനെയും ഇത് ദോഷകരമായി ബാധിക്കുന്നു," ഇസ്രായേൽ വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

ഫ്രാൻസും യുണൈറ്റഡ് കിംഗ്ഡവും സമാനമായ പ്രതിബദ്ധതകൾ പ്രഖ്യാപിച്ചതിന് പിന്നാലെയാണ് കാർണിയുടെ ഈ പ്രഖ്യാപനം. ഇത് കാനഡയുടെ വിദേശനയത്തിലെ ഒരു സുപ്രധാന മാറ്റമായി വിലയിരുത്തപ്പെടുന്നു.

ഗാസയിലെ മാനുഷിക പ്രതിസന്ധി:

ഗാസയിലെ മാനുഷിക പ്രതിസന്ധി "നിർഭാഗ്യകരം" ആണെന്ന് കാർണി ഈ ആഴ്ച ആദ്യം വിശേഷിപ്പിച്ചിരുന്നു. യുഎൻ വേൾഡ് ഫുഡ് പ്രോഗ്രാമും യുണിസെഫും മുന്നറിയിപ്പ് നൽകിയത് പ്രകാരം, 2023 ഒക്ടോബർ 7-ലെ ഹമാസ് ആക്രമണത്തിന് ശേഷം സംഘർഷം ആരംഭിച്ചതുമുതൽ ഗാസയിലെ ഭക്ഷ്യ ഉപഭോഗവും പോഷകാഹാര സൂചകങ്ങളും ഏറ്റവും മോശം നിലയിലെത്തിയിട്ടുണ്ട്. "ഗാസ ക്ഷാമത്തിന്റെ വക്കിലാണ്. ഇതൊരു മുന്നറിയിപ്പല്ല, നമ്മുടെ കൺമുന്നിൽ വികസിച്ചുകൊണ്ടിരിക്കുന്ന ഒരു യാഥാർത്ഥ്യമാണിത്," യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് ചൊവ്വാഴ്ച പറഞ്ഞു.

മാനു ഷിക സഹായം വേഗത്തിലാക്കുന്നതിനായി ഇസ്രായേലിനെതിരെ കടുത്ത നിലപാട് സ്വീകരി ക്കുന്നതിൽ കാനഡ യൂറോപ്യൻ നേതാക്കളോടൊപ്പം ചേർന്നിരിക്കുകയാണ്. ഒക്ടോബർ 7-ന് ഹമാസ് നടത്തിയ ആക്രമണത്തിൽ ഏകദേശം 1,200 പേർ കൊല്ലപ്പെടുകയും 251 പേരെ തട്ടിക്കൊണ്ടു പോകുകയും ചെയ്തിരുന്നു. ഹമാസിന്റെ കസ്റ്റഡിയിൽ ഇപ്പോഴും 50-ഓളം ബന്ദികളുണ്ട്, അതിൽ 20 പേരെങ്കിലും ജീവിച്ചിരിപ്പുണ്ടെന്നാണ് കരുതപ്പെടുന്നത്. ഇസ്രായേലിന്റെ പ്രതികാര ആക്രമണത്തിൽ ഏകദേശം 60,000 പലസ്തീനികൾ കൊല്ലപ്പെട്ടു, അവരിൽ പകുതിയിലധികം പേരും സ്ത്രീകളും കുട്ടികളുമാണെന്ന് ഗാസ ആരോഗ്യ മന്ത്രാലയം അറിയിച്ചു.

മറ്റ് രാജ്യങ്ങളുടെ നിലപാട്:

ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണാണ് പലസ്തീൻ രാഷ്ട്രത്തെ അംഗീകരിക്കുമെന്ന് ആദ്യം പ്രഖ്യാപിച്ചത്. ചൊവ്വാഴ്ച തന്റെ മന്ത്രിസഭയുമായുള്ള കൂടിക്കാഴ്ചയ്ക്ക് ശേഷം ബ്രിട്ടീഷ് പ്രധാനമന്ത്രി കെയർ സ്റ്റാർമറും ഇതേ നിലപാട് സ്വീകരിച്ചു. ഗാസയിലെ പ്രതിസന്ധി അവസാനിപ്പിക്കാൻ ഇസ്രായേൽ സർക്കാർ "ഗണ്യമായ നടപടികൾ" സ്വീകരിക്കുകയും ദ്വിരാഷ്ട്ര പരിഹാരം നൽകുന്ന ഒരു ദീർഘകാല സമാധാന പ്രക്രിയയ്ക്ക് പ്രതിജ്ഞാബദ്ധമാവുകയും ചെയ്തില്ലെങ്കിൽ സെപ്റ്റംബറിൽ യുകെ ഒരു പലസ്തീൻ രാഷ്ട്രത്തെ അംഗീകരിക്കുമെന്ന് അദ്ദേഹം പ്രതിജ്ഞയെടുത്തു.

ചൊവ്വാഴ്ച കാർണിയുമായി സ്റ്റാർമർ തന്റെ തീരുമാനം ചർച്ച ചെയ്തു. ബുധനാഴ്ച, കൂടുതൽ രാജ്യങ്ങൾ ഇത് ചെയ്യണമെന്ന് ഫ്രഞ്ച് വിദേശകാര്യ മന്ത്രി ജീൻ-നോയൽ ബാരറ്റ് ആവശ്യപ്പെട്ടു. അത്തരമൊരു പ്രഖ്യാപനം നടത്തുന്ന മൂന്നാമത്തെ G7 രാഷ്ട്രമാണ് കാനഡ.

തിങ്കളാഴ്ച, ഇസ്രായേൽ-പലസ്തീൻ സംഘർഷത്തിനുള്ള ദ്വിരാഷ്ട്ര പരിഹാരത്തെക്കുറിച്ചുള്ള ഐക്യരാഷ്ട്രസഭയുടെ സമ്മേളനത്തിൽ പങ്കെടുക്കാൻ കനേഡിയൻ വിദേശകാര്യ മന്ത്രി അനിത ആനന്ദ് ന്യൂയോർക്കിലായിരുന്നു. ഇസ്രായേലും യുഎസും ബഹിഷ്കരിച്ച രണ്ട് ദിവസത്തെ സമ്മേളനത്തിൽ, ആനന്ദ് ഒരു പുതിയ മാനുഷിക സഹായ പാക്കേജ് പ്രഖ്യാപിച്ചു. ഗാസയിലെയും വെസ്റ്റ് ബാങ്കിലെയും പലസ്തീനികളെ സഹായിക്കുന്നതിന് 30 മില്യൺ കനേഡിയൻ ഡോളറും അന്തിമ രാഷ്ട്ര പദവിക്കായി ഭരണ പരിഷ്കാരങ്ങൾ വരുത്തുന്നതിന് പലസ്തീൻ അതോറിറ്റിക്ക് 10 മില്യൺ കനേഡിയൻ ഡോളറും ഇതിൽ ഉൾപ്പെടുന്നു.

മുൻ ഈഗിൾസ് സൂപ്പർ ബൗൾ താരം ബ്രയാൻ ബ്രമാൻ അന്തരിച്ചു; വിടവാങ്ങിയത് 38-ാം വയസ്സിൽ-



ഫിലാഡൽഫിയ: ഫിലാഡൽഫിയ ഈഗിൾസിന്റെ മുൻ ഡിഫൻസീവ് എൻഡും സൂപ്പർ ബൗൾ ചാമ്പ്യനുമായ ബ്രയാൻ ബ്രമാൻ 38-ആം വയസ്സിൽ അന്തരിച്ചതായി അദ്ദേഹത്തിന്റെ ഏജന്റ് സ്ഥിരീകരിച്ചു. അപൂർവവും അതിവേഗം പടരുന്നതുമായ ഒരുതരം അർബുദവുമായി പോരാടുകയായിരുന്നു ബ്രമാൻ .

"സമാധാനത്തിൽ വിശ്രമിക്കൂ സഹോദരാ," ഹ്യൂസ്റ്റൺ ടെക്സൻസിൽ ബ്രമാനോടൊപ്പം കളിച്ചിരുന്ന മുൻ സഹതാരം ജെ.ജെ. വാട്ട് വ്യാഴാഴ്ച രാവിലെ സോഷ്യൽ മീഡിയയിൽ കുറിച്ചു. "വളരെ പെട്ടെന്ന് പോയി."

ബ്രമാന്റെ ഏജന്റ് സീൻ സ്റ്റെല്ലറ്റോയാണ് മരണവാർത്ത സ്ഥിരീകരിച്ചത്. ഫെബ്രുവരിയിൽ ബ്രമാന്റെ ചികിത്സാ ചെലവുകൾക്കായി ആരംഭിച്ച ഒരു ഗോഫണ്ട്മി ഫണ്ട് റൈസർ പേജിൽ, അദ്ദേഹം കീമോതെറാപ്പിക്കും നിരവധി ശസ്ത്രക്രിയകൾക്കും വിധേയനായിരുന്നുവെന്ന് സൂചിപ്പിച്ചിരുന്നു. എന്നാൽ, അർബുദം "അദ്ദേഹത്തിന്റെ പ്രധാന അവയവങ്ങൾക്ക് ചുറ്റും" വളർന്നുകൊണ്ടിരുന്നുവെന്നും അതിൽ പറയുന്നു.

ഹ്യൂസ്റ്റൺ ടെക്സൻസ്, ന്യൂ ഓർലിയൻസ് സെയിന്റ്സ് എന്നിവയുൾപ്പെടെ നിരവധി എൻ.എഫ്.എൽ. ടീമുകൾക്കായി ബ്രമാൻ കളിച്ചിട്ടുണ്ട്. 2017 സീസണിന്റെ അവസാനത്തിൽ ഈഗിൾസിനൊപ്പമുള്ള രണ്ടാം ഘട്ടത്തിലാണ് അദ്ദേഹം സൂപ്പർ ബൗൾ LII-ൽ ന്യൂ ഇംഗ്ലണ്ട് പാട്രിയറ്റ്സിനെ തോൽപ്പിച്ച് ടീമിനൊപ്പം ചാമ്പ്യൻഷിപ്പ് നേടിയത്. എൻ.എഫ്.എല്ലിലെ അദ്ദേഹത്തിന്റെ അവസാന മത്സരം ആ ചാമ്പ്യൻഷിപ്പ് ഫൈനലായിരുന്നു.

ഫൊക്കാന ഹെൽത്ത് കാർഡ് വിപുലീകരിച്ചു : ആറു പ്രമുഖ ആശുപത്രികളുമായി പുതിയ അഫിലിയേഷൻ



പ്രവാസി മലയാളികൾക്ക് ആരോഗ്യ പരിചരണ സൗകര്യങ്ങൾ കൂടുതൽ ലഭ്യമായതാക്കാൻ ഫൊക്കാന (ഫെഡറേഷൻ ഓഫ് കേരളാ അസോസിയേഷന്സ് ഇൻ നോർത്ത് അമേരിക്ക) മെഡിക്കൽ കാർഡ് പദ്ധതി വിപുലപ്പെടുത്തി. പുതുതായി കേരളത്തിലെ ആറു പ്രമുഖ ആശുപത്രികളുമായി അഫിലിയേറ്റ് ചെയ്ത് ഈ പദ്ധതി ജനപ്രിയമാക്കുകയാണ് ഫൊക്കാനയുടെ ലക്ഷ്യം.

കൊച്ചിയിലെ രാജഗിരി ആശുപത്രി, പാലായിലെ മെഡ്സിറ്റി, തിരുവല്ലയിലെ ബിലീവേഴ്സ് ഹോസ്പിറ്റൽ, കോഴിക്കോട് ബേബി മെമ്മോറിയൽ, തിരുവനന്തപുരം കിംസ് ഹോസ്പിറ്റൽ, കോട്ടയം കാരിത്താസ് ഹോസ്പിറ്റൽ എന്നിങ്ങനെയുള്ള പ്രമുഖ ആരോഗ്യ സ്ഥാപനങ്ങളാണ് പുതിയതായി ഫൊക്കാനയുടെ ഹെൽത്ത് കാർഡ് പദ്ധതിയുമായി കൈകോർത്തത്. ഫൊക്കാനയിലെ അംഗസംഘടനകളിലെ അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും നാട്ടിലെ ബന്ധുക്കൾക്കും ഈ കാർഡിന്റെ അടിസ്ഥാനത്തിൽ വിവിധ ഇളവുകളും പ്രത്യേക ചികിത്സാപരിഗണനകളും ലഭ്യമാണ്. ചികിത്സാ ചെലവിൽ ഡിസ്കൗണ്ടുകൾ, മുൻഗണനാ സേവനങ്ങൾ, ഹെൽത്ത് ചെക്കപ്പുകൾ ഉൾപ്പെടെയുള്ള പ്രത്യേക പ്രിവിലേജുകൾ ഇതിലൂടെ ലഭിക്കും. അമേരിക്കയിലും കാനഡയിലും സ്ഥിരതാമസമുള്ള മലയാളികൾക്ക് ഈ ഹെൽത്ത് കാർഡ് സൗജന്യമായി നൽകുന്നു.

ഡെന്റൽ, കോസ്മറ്റിക് തുടങ്ങിയ ഇൻഷുറൻസിൽ ഉൾപ്പെടാത്ത ചികിത്സകൾക്കു പോലും ഫൊക്കാന ഹെൽത്ത് കാർഡ് ഉപയോഗിച്ച് സൗകര്യപ്രദമായി സേവനങ്ങൾ ലഭ്യമാക്കാം. നാട്ടിലെ പ്രായമായ മാതാപിതാക്കൾക്കും ബന്ധുക്കൾക്കും ഓൺലൈനിൽ ഡോക്ടറെ കാണാനും അപ്പോയിന്റ്മെന്റ് എടുക്കാനും കഴിയുന്ന സംവിധാനവും

2020 മുതൽ 2022 വരെ പ്രസിഡന്റായിരുന്ന ജോർജി വർഗീസിന്റെയും സെക്രട്ടറിയായിരുന്ന സജിമോൻ ആന്റണിയുടെയും നേതൃത്വത്തിലാണ് ഫൊക്കാന ഹെൽത്ത് കാർഡിന്റെ തുടക്കം. തുടക്കത്തിൽ കൊച്ചിയിലെ രാജഗിരി ആശുപത്രിയുമാത്രമായിരുന്നു പങ്കാളിയാകുന്നത്. ഇന്ന് ആറു പ്രമുഖ ആശുപത്രികളുമായി സഹകരിച്ചിട്ടുള്ള ഈ വിപുലീകരണം ഫൊക്കാനയുടെ ആരോഗ്യപരമായ സാമൂഹിക പ്രതിബദ്ധതയെ വ്യക്തമാക്കുന്നു.

നിലവിലെ ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണിയുടെ നേതൃത്വത്തിലാണ് ഈ പുതിയ ഭാഗമായി പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പാക്കപ്പെട്ടത്. മലയാളികളുടെ ആരോഗ്യക്ഷേമം ലക്ഷ്യമിട്ട് രൂപപ്പെടുത്തിയിരിക്കുന്ന ഈ സംരംഭം ലോകമെമ്പാടുമുള്ള പ്രവാസിമലയാളികൾക്കും അവരുടെ നാട്ടിലേക്കുള്ള ബന്ധത്തിനും ഏറ്റവും വലിയ സഹായമാകുമെന്ന് ഫൊക്കാന പ്രതീക്ഷിക്കുന്നു.

ഫൊക്കാന വുമൺസ് ഫോറം കേരള അംബാസ്സഡർ ആയി ഷീബ അമീറിനെ തെരെഞ്ഞെടുത്തു.



സൊലസ് സംഘടനയുടെ സ്ഥാപകയും അമരക്കാരിയും ആയ ശ്രീമതി ഷീബ അമീറിനെ 2024-2026 ഫൊക്കാനാ വിമൻസ് ഫോറത്തിന്റെ കേരള അംബാസ്സഡറായി തെരെഞ്ഞെടുത്തുവെന്നു ഫൊക്കാന പ്രസിഡന്റ് ശ്രീ സജിമോൻ ആന്റണി അറിയിച്ചു.

സ്ത്രീകൾക്ക് എന്നല്ല മറിച്ചു ഈ ലോകത്തിനു തന്നെ അഭിമാനിക്കാവുന്ന ഒരു വ്യക്തിത്വമായ ഷീബ അമീറിനെ ഫൊക്കാനയുടെ വിമൻസ് ഫോറം കേരള അംബാസ്സഡർ ആയി ലഭിച്ചതിൽ ഫൊക്കാന ടീം അഭിമാനിക്കുന്നു എന്ന് ഫൊക്കാന പ്രസിഡന്റ് ശ്രീ സജിമോൻ ആന്റണി പറയുകയുണ്ടായി. ശ്രീമതി ഷീബ അമീറിന്റെ നിശ്ചയദാർഢ്യം ഒന്നു മാത്രം ആണ് കേരളം എന്ന ഒരു ചെറിയ സംസ്ഥാനത്തിൽ നിന്നും ലോകം മുഴുവൻ പടർന്നു നിൽക്കുന്ന ഒരു വടവൃക്ഷമായി സൊലസ് നെ ഉയർത്താൻ സാധിച്ചത് എന്ന് ഫൊക്കാന വിമൻസ് ഫോറം ചെയർപേഴ്സൺ ശ്രീമതി രേവതി പിള്ളയ് അഭിപ്രായപ്പെട്ടു.

ക്രൈസ്തവ ജീവിതം ഒരു തീർത്ഥയാത്ര; "തീർത്ഥാടകന്റെ വഴി"യിലൂടെ അൽപ നേരം

നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി / യൂത്ത് കോൺഫറൻസിലെ മുഖ്യ പ്രാസംഗികനായിരുന്ന മലങ്കര ഓർത്തഡോക്സ് സഭ വൈദിക അസോസിയേഷൻ ജനറൽ സെക്രട്ടറി ഫാ. ഡോ.നൈനാൻ ജോർജ് "തീർത്ഥാടകന്റെ വഴി" എന്ന ചിന്താ വിഷയത്തിലൂന്നി 3 ദിവസങ്ങളിലായി നടത്തിയ പ്രസംഗ പരമ്പര ഏറെ ശ്രദ്ധ പിടിച്ചുപറ്റി."ക്രൈസ്തവ ജീവിതം ഒരു തീർത്ഥയാത്രയാണ്. നദി ഒഴുകിയൊഴുകി സായൂജ്യം അടയുന്നത് അതു സമുദ്രത്തിൽ ചെന്ന് ചേരുന്നതോടെയാണ്. അതുപോലെ ക്രിസ്തുവിൽ ചെന്ന് ചേരേണ്ടതാണ് ഓരോ ക്രൈസ്തവന്റെയും ജീവിതയാത്ര.

ഈയൊരു ബോധ്യം ഓരോ ക്രൈസ്തവനും ഉണ്ടാകേണ്ടതാണ്. രക്ഷയിലേക്കുള്ള മാനവരാശിയുടെ തീർത്ഥാടനം ക്രിസ്തുവിനോടൊപ്പമുള്ള യാത്രയാകണം. ഒരു ക്രൈസ്തവൻ ആകുക എന്ന് പറഞ്ഞാൽ തീർത്ഥാടകൻ ആകുക എന്നും അർത്ഥമുണ്ട്". നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി & യൂത്ത് കോൺഫറൻസിൽ 'തീർത്ഥാടകന്റെ വഴി' എന്ന ചിന്താവിഷയത്തിലൂന്നിയ പ്രസംഗ പരമ്പരയുടെ വിവിധ ഘട്ടങ്ങളിൽ ഫാ. ഡോ. നൈനാൻ വി. ജോർജ് പ്രസ്താവിച്ചു.

ദൈവം ആഗ്രഹിക്കുന്നത് നാം ദൈവത്തോടൊപ്പം ആയിരിക്കുവാനാണ്. ജീവിതത്തെ പവിത്രമായ ഒരു തീർത്ഥാടനമായി കാണുക. അതും ഓർത്തഡോക്സ് വീക്ഷണത്തിൽ വേണം കാണുവാൻ. തീർത്ഥാടകന്റെ വഴിയുടെ വിവിധ അർത്ഥ തലങ്ങളെ വിവിധ ക്ളാസുകളിലായി ഫാ. ഡോ. നൈനാൻ വി. ജോർജ് വിശദീകരിച്ചു നൽകി

.ക്രൈസ്തവന്റെ യാത്ര ക്രിസ്തുവിങ്കലേക്ക് അഥവാ ക്രിസ്തുവിനോടൊപ്പമുള്ള യാത്രയാണ്. കാലസംപൂർ ണതയിലേക്കുള്ള യാത്രയിൽ പിതാവിനോടും പുത്രനോടും ഒന്നിച്ചുള്ള തീർത്ഥാടനമാണത്. ഞാനാരാണ്? ഞാനെന്തായ്? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾക്കായുള്ള ചിന്തകളാണ് തുടർന്നുള്ള ക്ളാസുകളിൽ നൈനാൻ അച്ചൻ പങ്ക് വച്ചത്.ദൈവികതയിലേക്കുള്ള തീർത്ഥാടനത്തിലെ ഒരു ടോക്കൺ മാത്രമാണ് വിശുദ്ധ പൗലോസ് അപ്പോസ്തോലൻ. എല്ലാം ക്രിസ്തുവിനുവേണ്ടി ഉപേക്ഷിച്ച, അദ്ദേഹം വലിയ ഒരു പണ്ഡിതനും ആയിരുന്നു."സീയോൻ സഞ്ചാരി ഞാൻ, യേശുവിൽ ചാരി ഞാൻ പോകുന്നു, കുരിശിന്റെ പാതയിൽ", വ്യാഴാഴ്ച ദൈവികതയിലേക്കുള്ള തീർത്ഥാടനത്തെ കുറിച്ച ചിന്തകളിലേക്ക് അച്ചൻ പ്രവേശിക്കുമ്പോൾ ഈ ഗാനം അച്ചൻ പാടിയത് എല്ലാവരും ഏറ്റുപാടി.'തീർത്ഥാടകന്റെ വഴി' എന്ന ചിന്താവിഷയത്തെ കുറിച്ചുള്ള പഠനത്തിന് അഞ്ചു വിഷയങ്ങളാണ് നൈനാൻ അച്ചൻ പരാമർശിച്ചത്.

- 1 ദൈവ വചനത്തിൽ നിന്നുള്ള പേരുകൾ:

വിശ്വാസികളുടെ പിതാവായ അബ്രഹാം സ്വന്ത ദേശം ഉപേക്ഷിച്ചു. യിശ്രയേല്യരാവട്ടെ മരുഭൂമിയിലൂടെ തീർത്ഥയാത്ര ചെയ്തു. യേശുവാകട്ടെ സർവ്വാധികാര തീർത്ഥാടകൻ എങ്കിലും മാതാവിന്റെ ഗർഭപാത്രം മുതൽ തുടങ്ങിയ യാത്ര ബേത്ലഹേം, ഈജിപ്ത്, ഗലീലി താണ്ടി മാനവവംശത്തിന്റെ മുഴുവൻ വിടുതലിനായും തീർത്ഥാടനം നടത്തി.

- 2. തീർത്ഥാടനത്തിന്റെ വ്യാപ്തി:

മനുഷ്യ വംശത്തിന്റെ രക്ഷയുടെ തീർത്ഥയാത്ര, ക്രിസ്തുവിലേക്ക് ക്രിസ്തുവിനോടൊപ്പമുള്ള തീർത്ഥയാത്രയാണ് , കാലസമ്പൂർണതയിലേക്കുള്ള തീർഥയാത്രയിലൂടെ അനുദിനം ക്രിസ്തുവിനോടൊപ്പം ജീവിക്കേണ്ടവരാണ് നാം.

- 3. തീർത്ഥാടകന്റെ ഗുണങ്ങൾ:

വിശ്വാസം: ദൈവത്തിലുള്ള തികഞ്ഞ വിശ്വാസം.
വിനയം: പരീശ ഭാവം വെടിഞ്ഞു ജീവിക്കുക.
ചുങ്കക്കാരൻ നീതീകരിക്കപ്പെട്ടതും ഈ മനോഭാവത്തിലാണെന്നോർക്കുക
സ്ഥിരത (Perseverance): നമുക്ക് വേണ്ടതും അത് തന്നെയാണ്. നിന്റെ ഓട്ടം സ്ഥിരതയോടെ ഓടുക.
സ്നേഹം: സ്വയം ഉപേക്ഷിക്കുന്ന സ്നേഹം. എല്ലാ ഭാരങ്ങളും വെടിഞ്ഞു ക്രിസ്തുവിനോടൊപ്പം ജീവിക്കുക.
അനുതാപത്തിന്റെ വഴികളിലേക്ക് വരിക.

- 4 . "മരുഭൂമിയിലെ പിതാക്കന്മാരുടെ" പഠിപ്പിക്കലുകൾ

തീർത്ഥാടക യാത്ര ഭൗതിക യാത്രയല്ല, പ്രത്യുത ഹൃദയത്തിന്റെ യാത്രയാണ്.
നിശബ്ദതയിൽ പാർക്കുന്നവർ മൂന്നു യുദ്ധത്തിൽ നിന്ന് രക്ഷപെടുന്നു: കേൾവി, സംസാരം, കാഴ്ച.

- 5. ദൈവരാജ്യത്തിനായി തീർത്ഥാടകർ ആത്മീയ മുന്നൊരുക്കം നടത്തുന്നു.

സഭ ഒരു തീർത്ഥാടക സമൂഹമാണ്.ദൈവസന്നിധിയിലേക്ക് ഒരുമിച്ചു യാത്ര ചെയ്യണം. നമ്മുടെ കുടുംബങ്ങൾ തീർത്ഥാടക മനോഭാവത്തിൽ ജീവിക്കണം. ക്രിസ്തുവിന്റെ ഭാവം തന്നെ നമ്മിലുണ്ടാകണം. ഭക്തിയുടെ തീർത്ഥാടനം വീണ്ടെടുപ്പിന്റെ വഴിയിലൂടെയുള്ള യാത്രയാണ്. ദൈവം ആഗ്രഹിക്കുന്നത് നാം ദൈവത്തോടൊപ്പം ആയിരിക്കുവാനാണ്. പാപ വഴികളിൽ നിന്ന് അകന്നിരിക്കാൻ ദൈവത്തോടൊപ്പം ആയിരിക്കുക പ്രധാനമാണ്. ആദാമിന്റെയും ഹവ്വയുടെയും പാപം മൂലം ആദി മാതാപിതാക്കൾ തോട്ടത്തിൽ നിന്നു പുറത്താക്കപ്പെട്ടു . അതായത് നമ്മുടെ കൈയിലിരിപ്പുകൊണ്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് ദൈവത്തിനു ഒന്നും ചെയ്യാനാകില്ല. അനുതാപത്തിന്റെ വഴിയിലൂടെ , കണ്ണീരിന്റെ വഴിയിലൂടെയേ ദൈവീക വഴികളിലേക്ക് മടങ്ങി വരുവാൻ സാധിക്കുകയുള്ളൂ. ഇവിടെയാണ് വീണ്ടെടുപ്പിന്റെ വഴി തെളിയുന്നത്.

നഷ്ടപ്പെട്ട മഹത്വ വസ്ത്രം തിരികെ കിട്ടുവാനായി നാം മാമ്മോദീസ ഏൽക്കുന്നു. ഇന്നത്തെ തലമുറയുടെ പ്രശ്നം പാപമില്ലായ്മയല്ല, പാപബോധമില്ലായ്മയാണ്. ജീവിതം ശിക്ഷയ്ക്കും പ്രതികാരത്തിനുമായി തീരരുത്. സൃഷ്ടി കർമ്മത്തിൽ പങ്കാളികളാവുക.ആത്മ നിയന്ത്രണം പാലിക്കുക. വിശ്വാസ കാര്യങ്ങളിൽ സംശയിക്കാതിരിക്കുക. ഇതൊക്കെ തീർത്ഥാടകന്റെ വഴിയിലെ വെല്ലുവിളികൾ തന്നെയാണ്..തിരുവെഴുത്തുകളിലേക്കു ശ്രദ്ധ കേന്ദ്രീകരിക്കുക.



Rev Fr Dr Ninan V. George.

"മിണ്ടാതിരുന്നു ഞാൻ ദൈവമെന്ന് അറിയുക." ദൈവത്തോടു സംസാരിക്കുവാൻ പഠിക്കുക, പരിശീലിക്കുക. വചനം കേട്ടാൽ ക്രിസ്തു ഹൃദയത്തിൽ ഉരുവാകണം. ക്രിസ്തുവിന്റെ കാൽപ്പാടുകൾ അഥവാ അടിപ്പാടുകളാണ് ദുഖങ്ങളിൽ നമ്മെ തോളിൽ വഹിക്കുന്നത്.
ലോകം അനിശ്ചിതമായി നിലനിൽക്കുമെന്ന് വിശ്വാസികളല്ലാത്തവർ കരുതുന്നുണ്ടാവാം .പക്ഷെ ഒരു ക്രൈസ്തവന് മഹത്തായ - പറൂസിയ (Parousia) - ക്രിസ്തുവിന്റെ രണ്ടാം വരവിനായി കാത്തിരിക്കാൻ കഴിയണം.ഓരോ വിശ്വാസിയും ജീവിതത്തിൽ ബലപ്പെടേണ്ടത് ദൈവ വചനത്തിലൂടെയും ദൈവീകതയിലേക്കുള്ള തീർത്ഥാടനത്തിലൂടെയുമാണ്. ഒരു ക്രൈസ്തവനെ അവന്റെ ബലഹീനതകളിൽ ബലപ്പെടുത്തുന്നതാണ് ഇവ രണ്ടും എന്ന തികഞ്ഞ ബോധ്യത്തോടെയാണ് തീർത്ഥാടകന്റെ വഴി എന്ന വിഷയത്തെ ഫാ. ഡോ. നൈനാൻ ജോർജ് ക്രോഡീകരിച്ചത്.

ആത്മ നിയന്ത്രണം പാലിക്കുക. വിശ്വാസ കാര്യങ്ങളിൽ സംശയിക്കാതിരിക്കുക. ഇതൊക്കെ തീർത്ഥാടകന്റെ വഴിയിലെ വെല്ലുവിളികൾ തന്നെയാണ്..തിരുവെഴുത്തുകളിലേക്കു ശ്രദ്ധ കേന്ദ്രീകരിക്കുക. "മിണ്ടാതിരുന്നു ഞാൻ ദൈവമെന്ന് അറിയുക." ദൈവത്തോടു സംസാരിക്കുവാൻ പഠിക്കുക, പരിശീലിക്കുക. വചനം കേട്ടാൽ ക്രിസ്തു ഹൃദയത്തിൽ ഉരുവാകണം. ക്രിസ്തുവിന്റെ കാൽപ്പാടുകൾ അഥവാ അടിപ്പാടുകളാണ് ദുഖങ്ങളിൽ നമ്മെ തോളിൽ വഹിക്കുന്നത്.

ലോകം അനിശ്ചിതമായി നിലനിൽക്കുമെന്ന് വിശ്വാസികളല്ലാത്തവർ കരുതുന്നുണ്ടാവാം .പക്ഷെ ഒരു ക്രൈസ്തവന് മഹത്തായ - പറൂസിയ (Parousia) - ക്രിസ്തുവിന്റെ രണ്ടാം വരവിനായി കാത്തിരിക്കാൻ കഴിയണം.ഓരോ വിശ്വാസിയും ജീവിതത്തിൽ ബലപ്പെടേണ്ടത് ദൈവ വചനത്തിലൂടെയും ദൈവീകതയിലേക്കുള്ള തീർത്ഥാടനത്തിലൂടെയുമാണ്. ഒരു ക്രൈസ്തവനെ അവന്റെ ബലഹീനതകളിൽ ബലപ്പെടുത്തുന്നതാണ് ഇവ രണ്ടും എന്ന തികഞ്ഞ ബോധ്യത്തോടെയാണ് തീർത്ഥാടകന്റെ വഴി എന്ന വിഷയത്തെ ഫാ. ഡോ. നൈനാൻ ജോർജ് ക്രോഡീകരിച്ചത്.

സ്ഥലം വില്പനയ്ക്ക്

3.5 Acres Land for sale

Near Govt. HS vennala

Contact
PAUL KARUKAPPILLIL - +91 8547730600
VARGHESE OLAHANNAN - (914) 673-7327

Land for sale

Kadayirupp - pattimattom road (synthete / padapparambu road - 10bel front road (driver shivanpillai - ponnachan opp plot)
Location: https://maps.google.com/?q=10.004673,76.446640

Contact
+91 8921180055

BHARAT REALTY INC.

4 Massachusetts Ave.Congers, NY 10920
Tel: (845) 268-6782
SERVING ROCKLAND & ORANGE COUNTY
First Time Home Buyers ,New Construction ,Property Management
Real Estate Development
VARGHESE OLAHANNAN: (914) 673-7327
THOMAS NINAN: (845) 608-1934
WWW.BHARATREALTY.COM



25
DESIGNER STITCHING
@ AFFORDABLE RATES
Branded
Pant Pieces
Shirt Pieces
are available
+91 7034577444
G-27 PIONEER TOWER, MARINE DRIVE, COCHIN-31

ഫൊക്കാന എക്സിക്യൂട്ടീവ് കമ്മറ്റി 2024-2026



Sajimon Antony
President



Sreekumar Unnithan
General Secretary



Joy Chackappan
Treasurer









Manoj Eamana
Asso. Secretary



John Kallolickal
Asso. Treasurer



Appukkuttan Pillai
Add. Asso. Secretary



Milly Philip
Add. Asso. Treasurer

ഫ്ലോറിഡയിൽ "മാംസം ഭക്ഷിക്കുന്ന" ബാക്ടീരിയ ബാധിച്ച് നാല് മരണം.



ഫ്ലോറിഡ: വിബ്രിയോ വൾനിഫിക്കസ് എന്ന "മാംസം ഭക്ഷിക്കുന്ന" ബാക്ടീരിയ കാരണം ഈ വർഷം ഫ്ലോറിഡയിൽ നാല് പേർ മരിച്ചതായി സംസ്ഥാന ആരോഗ്യ വകുപ്പ് റിപ്പോർട്ട് ചെയ്തു. ഇതുവരെ 11 കേസുകളാണ് ഫ്ലോറിഡയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

ചൂടുള്ള കടൽവെള്ളത്തിൽ വളരുന്ന ഒരുതരം ബാക്ടീരിയയാണിത്. തുറന്ന മുറിവുകളിലൂടെ ശരീരത്തിൽ പ്രവേശിക്കുമ്പോൾ ഇത് ചുറ്റുമുള്ള കലകളെ നശിപ്പിക്കുന്നു. ഇതിനെ നെക്രോറ്റൈസിംഗ് ഫാസിയൈറ്റിസ് അഥവാ "മാംസം ഭക്ഷിക്കുന്ന രോഗം" എന്ന് വിളിക്കുന്നു. കൂടാതെ, മലിനമായ ഭക്ഷണം, പ്രത്യേകിച്ച് പാകം ചെയ്യാത്ത കക്കയിറച്ചി കഴിക്കുന്നതിലൂടെയും ഈ അണുബാധ ഉണ്ടാകാം.

പ്രധാനമായും കരൾ രോഗങ്ങളുള്ളവർ, പ്രതിരോധശേഷി കുറഞ്ഞവർ, 65 വയസ്സിന് മുകളിലുള്ളവർ എന്നിവർക്കാണ് ഈ അണുബാധ വരാൻ സാധ്യത കൂടുതൽ. അണുബാധയുള്ള അഞ്ചുപേരിൽ ഒരാൾ മരിക്കാൻ സാധ്യതയുണ്ടെന്ന് സിഡിസി (രോഗ നിയന്ത്രണ, പ്രതിരോധ കേന്ദ്രങ്ങൾ) പറയുന്നു.

അണുബാധയുടെ ലക്ഷണങ്ങൾ ഏതാനും മണിക്കൂറുകൾക്കുള്ളിൽ കണ്ടുതുടങ്ങും. ചുവപ്പ് നിറം, വീക്കം, "കാളക്കണ്ണി" പോലുള്ള കുമിളകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. വേദനയും അനുഭവപ്പെടാം. അണുബാധ രക്തത്തിൽ പ്രവേശിച്ചാൽ പനി, വിറയൽ, രക്തസമ്മർദം കുറയുക തുടങ്ങിയ സെപ്സിസ് ലക്ഷണങ്ങൾ ഉണ്ടാകാം, ഇത് മരണത്തിലേക്ക് നയിച്ചേക്കാം.

കടലിൽ പോകുന്നതിന് മുമ്പ് തുറന്ന മുറിവുകൾ വാട്ടർപ്രൂഫ് ബാൻഡ്-എയ്ഡ് ഉപയോഗിച്ച് മൂടുന്നത് അണുബാധ തടയാൻ സഹായിക്കും. അണുബാധയുണ്ടെന്ന് സംശയിക്കുന്നവർ ഉടനടി വൈദ്യസഹായം തേടേണ്ടത് അത്യാവശ്യമാണ്. സമയബന്ധിതമായ ചികിത്സയിലൂടെ ഗുരുതരമായ സങ്കീർണ്ണതകൾ ഒഴിവാക്കാനാകുമെന്ന് ഡോക്ടർമാർ പറയുന്നു.

കഴിഞ്ഞ വർഷം ഫ്ലോറിഡയിൽ 82 കേസുകളാണ് റിപ്പോർട്ട് ചെയ്തത്, ഇത് ചുഴലിക്കാറ്റ് സീസണുമായി ബന്ധപ്പെട്ട് വർദ്ധിച്ചതാകാം. എന്നിരുന്നാലും, വിബ്രിയോ വൾനിഫിക്കസ് അണുബാധ ഇപ്പോഴും അപൂർവമാണെന്ന് വിദഗ്ദ്ധർ പറയുന്നു.

വിമാനത്തിന് പറക്കുന്നതിനിടെ അപകടഭീഷണി; പൈലറ്റിന്റെ വീരതയിൽ മൂലം വലിയ അപകടം ഒഴിവായി.



ലോസ് ഏഞ്ചല്സ്: പറക്കുന്നതിനിടയിൽ മറ്റൊരു വിമാനവുമായി കൂട്ടിയിടിക്കാതിരിക്കാൻ സൗത്ത് വെസ്റ്റ് എയർലൈൻസ് വിമാനപൈലറ്റ് വിമാനം അടിയിലേക്ക് താഴ്ത്തിയതോടെ വലിയൊരു അപകടം ഒഴിവായി. സംഭവത്തിൽ രണ്ട് വിമാന ജീവനക്കാർക്ക് പരിക്കേറ്റു.

ഹോളിവുഡ് ബർബാങ്ക് വിമാനത്താവളത്തിൽ നിന്ന് ലാസ് വെഗാസിലേക്ക് പുറപ്പെട്ട ഫ്ളൈറ്റ് നമ്പർ 1496 ആണ് അപകടഭീഷണിയിൽപ്പെട്ടത്. ഫ്ലൈറ്റ് ഉയരത്തിൽ പറക്കുന്ന സമയത്താണ് അടുത്ത് മറ്റൊരു വിമാനമുണ്ടെന്ന് തിരിച്ചറിഞ്ഞത്. ഉടൻ തന്നെ പൈലറ്റ് വിമാനം 500 അടിയിലേക്ക് താഴ്ത്തിയതോടെ അപകടം ഒഴിവാക്കി.

ഉയരം കുറച്ചതിന്റെ ആഘാതത്തിൽ യാത്രക്കാർ ചിലർ സീറ്റുകളിൽ നിന്ന് ഉയർന്നുവെന്നുമാണ് റിപ്പോർട്ട്. അതിനിടയിലാണ് രണ്ട് ജീവനക്കാർക്ക് ചെറിയ പരിക്കേറ്റത്. യാത്രതുടർന്ന് വിമാനം സുരക്ഷിതമായി ലാസ് വെഗാസിൽ ലാൻഡ് ചെയ്തു.

ഫെഡറൽ ഏവിയേഷൻ അഡ്മിനിസ്ട്രേഷൻ (എഫ്എഎ) സംഭവത്തെക്കുറിച്ച് അന്വേഷണം തുടങ്ങി. കമ്പനിയും എഫ്എഎയും ചേർന്ന് നല്കിയ വിവരമനുസരിച്ച്, മുന്നറിയിപ്പുകൾ ലഭിച്ചതിനെത്തുടർന്നാണ് പൈലറ്റ് നടപടിയെടുത്തത്.

ഇതിന് മുന്നോടിയായി ഒരു സമാന സംഭവം കഴിഞ്ഞദിവസം നോർത്ത് ഡക്കോട്ടയ്ക്കടുത്ത് ഉണ്ടായിട്ടുണ്ട്. യുഎസ് വ്യോമസേനയുടെ ബോംബറുമായി കൂട്ടിയിടിക്കാതിരിക്കാൻ മിനിയാപൊളിസിൽ നിന്നുള്ള ഡെൽറ്റ കണക്ഷൻ വിമാനമായ സ്കൈവെസ്റ്റ് എയർലൈൻസ് ജെറ്റ് പാത മാറിയിരുന്നു.

വിമാനയാത്രയ്ക്ക് സുരക്ഷ കൂടുതൽ ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത വീണ്ടും ഉയരുന്നുവെന്ന് യാത്രക്കാരും വിദഗ്ധരും പറയുന്നു.

ഫൊക്കാന വിമെൻസ് ഫോറം സ്കോളർഷിപ്പു വിതരണം ഓഗസ്റ്റ് 2 ന് ഫൊക്കാന കേരളാ കൺവെൻഷനിൽ



അമേരിക്കയിലെ മലയാളികളുടെ സംഘടനകളുടെ സംഘടനായ ഫൊക്കാന കേരളാ കൺവെൻഷനോട് അനുബന്ധിച്ചു ഓഗസ്റ്റ് 2 ന് നടത്തുന്ന വിമെൻസ് ഫോറം സെമിനാറിൽ വെച്ച് 25 സമർത്ഥരായ നിർദ്ധന പ്രൊഫഷണൽ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് 50000.00 രൂപാ വീതം സ്കോളർഷിപ്പു നൽകുമെന്ന് വിമെൻസ് ഫോറം ചെയർ പേഴ്സൺ രേവതി പിള്ള അറിയിച്ചു.

ജീവിത കാലത്ത് ഒരു വ്യക്തിക്ക് നൽകുവാൻ കഴിയുന്ന ഏറ്റവും വലിയ നിക്ഷേപമാണ് വിദ്യാഭ്യാസം .ശരിയായ സമയത്തു ശരിയായ നിക്ഷേപം നടത്തുകയാണെങ്കിൽ ഭാവിയിൽ മികച്ച നേട്ടം സ്വന്തമാക്കാൻ ഈ കുട്ടികൾക്ക് കഴിയും . അതിന് അവരെ പ്രാപ്തരാകുന്നതിന് വേണ്ടി യുള്ള ധന സഹായമായാണ് ഫൊക്കാനയുടെ ഈ സ്കോ ളർഷിപ്പ് പ്രോഗ്രാം. ഒരു പ്രവാസി സംഘടന നൽകുന്ന ഏറ്റവും വലിയ സ്കോളർഷിപ്പാണ് ഫൊക്കാന വിമെൻസ് ഫോറത്തിന്റെ സ്കോളർഷിപ്പ് പ്രോഗ്രാം.

സമൂഹത്തിന്റെ ആവശ്യമനുസരിച്ച് വിവിധ തുറകളിൽ വൈദഗ്ദ്ധ്യം സിദ്ധിച്ചവരെ ഉണ്ടാക്കുന്നതിനായി ഫൊ ക്കാന നൽകുന്ന സഹായമാണ് ഈ സ്കോളർഷിപ്പ് പ്രോഗ്രാം . ഫൊക്കാനയുടെ 2024 -26 വർഷത്തേക്കുള്ള പുതിയ തിയ ഭരണസമിതി പ്രവർത്തനമണ്ഡലത്തിൽ വലിയൊരു നാഴികല്ലായി മാറുന്ന പല ചാരിറ്റി പ്രവർത്തന ങ്ങളാണ് കേരളാ കൺവെൻഷനിൽ വിഭാവനം ചെയ്തിരിക്കുന്നത്. അതിൽ ഏറ്റവും പ്രധാന മർഹിക്കുന്ന ഒന്നാണ് വിമെൻസ് ഫോറം സ്കോളർഷിപ്പ് പ്രോഗ്രാം എന്ന് പ്രസിഡന്റ് സജിമോൻ അഭിപ്രായപ്പെട്ടു

പണമില്ലാത്തതിന്റെ പേരില് പല വിദ്യാർഥികൾക്കും പഠിക്കാനുള്ള അവസരം നഷ്ടപ്പെടുന്നതായി പലപ്പോഴും നാം കാണാറുണ്ട് . പഠനം സുഗമമാക്കുന്നതിന് സാമ്പത്തിക സഹായം ആവശ്യമായതിനാല് സമർത്ഥരായ വിദ്യാർത്ഥികളെ അർഹമായ സ്കോളർഷിപ്പുകളിലൂടെ സഹായിക്കുക എന്നതാണ് ഫൊക്കാനയുടെ യുടെ ലക്ഷ്യം. ഈ സ്കോളർഷിപ്പിനൊപ്പം മറ്റ് അർഹമായ സ്കോളർഷിപ്പു കണ്ടുപിടിച്ചു നൽകുന്നതിനും ഫൊക്കാന സഹായിക്കുന്നതാണ്.

വിദ്യഭ്യസ ജീവിത ചെലവുകൾ വർദ്ധിച്ചു വരുകയാണ്, ഇത് താങ്ങാൻ പല രക്ഷിതാക്കളും ബുദ്ധിമുട്ടുന്നത് കാണാം, പലർക്കും വിദ്യഭ്യസം ഒരു ബാധ്യത ആവുന്നത് കാണാം. ചിന്തിക്കുകയും വലിയ സ്വപ്നങ്ങൾ കാണാൻ പ്രാപ്തരാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോട് നമ്മുടെ കുട്ടികൾക്ക് ഒരു കൈത്താങ്ങ് നൽകാനാണ് ഫൊക്കാന ശ്രമിക്കുന്നത്.

കേരളത്തിനകത്തും പുറത്തും മലയാളികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന സംഘടനയാണ് ഫൊക്കാന,. നാം വളരെ അധികം ചാരിറ്റി പ്രവർത്തനങ്ങൾ കേരളത്തിൽ ഈ കേരളാ കൺവെൻഷനോടെ അനുബന്ധിച്ചു ചെയ്യുന്നുണ്ടെന്ന് വിമന്സ് ഫോറം ദേശിയ ചെയർ പേഴ്സൺ രേവതി പിള്ള അറിയിച്ചു.



ഇന്ത്യയ്ക്കെതിരെ കനത്ത നടപടിയുമായി ട്രംപ്; ഇറക്കുമതി ഉൽപന്നങ്ങൾക്ക് 25% തീരുവയും പിഴയും

വാഷിങ്ടൺ • അമേരിക്കൻ മുൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ് ഇന്ത്യയ്ക്കെതിരെ കനത്ത സാമ്പത്തിക നടപടി പ്രഖ്യാപിച്ചു. ഓഗസ്റ്റ് 1 മുതൽ ഇന്ത്യയിൽ നിന്നുള്ള ഉൽപന്നങ്ങൾക്കു 25 ശതമാനം തീരുവയും അധിക പിഴയും ചുമത്തുമെന്ന് ട്രംപ് അറിയിച്ചു. ട്രൂത്ത് സോഷ്യൽ മീഡിയയിലൂടെയാണ് ട്രംപ് ഇക്കാര്യം അറിയിച്ചത്.



“ഇന്ത്യ നമ്മളുടെ സുഹൃത്താണ്. പക്ഷേ, വ്യാപാരത്തിൽ ഇളവുകൾ ഉണ്ടാകില്ല,” എന്ന് തുടങ്ങുന്ന പോസ്റ്റിലാണ് ട്രംപ് ഈ നടപടിക്ക് കാരണം വിശദീകരിച്ചത്. ഇന്ത്യ റഷ്യയിൽ നിന്നാണ് ഇന്ന്വും കൂടുതൽ എണ്ണവും ആയുധങ്ങളും വാങ്ങുന്നത്. യുക്രെയ്നിൽ യുദ്ധം നടക്കുമ്പോൾ ഇങ്ങനെ റഷ്യയെ പിന്തുണയ്ക്കുന്നത് ശരിയല്ലെന്നും ട്രംപ് പറഞ്ഞു. അതിനാൽ റഷ്യയുമായി സാമ്പത്തിക ബന്ധം തുടരുന്നതിനുള്ള പരിഹാരമായി തന്നെ ഈ പിഴയും തീരുവയും എന്നുള്ളതാണ് അമേരിക്കയുടെ നിലപാട്.

ഇന്ത്യയിൽ നിന്നുള്ള ഇറക്കുമതികൾക്ക് നേരത്തെക്കൂടി പല തടസ്സങ്ങളുണ്ടെന്നും, ഇന്ത്യയിലെ തീരുവകൾ ലോകത്ത് ഏറ്റവും ഉയർന്നതായും ട്രംപ് പറഞ്ഞു. “വർഷങ്ങളായി ഇന്ത്യയുമായി വളരെ കുറച്ച് വ്യാപാരമാണ് നാം നടത്തിയിട്ടുള്ളത്. കാരണം അവിടുത്തെ വിലക്കുകളും നിബന്ധനകളും മറ്റു രാജ്യങ്ങളേക്കാളും കൂടുതലാണ്,” ട്രംപ് പറഞ്ഞു.
ഈ തീരുമാനം ആഗസ്റ്റ് 1 മുതലാണ് പ്രാബല്യത്തിൽ വരുന്നത്. ഇന്ത്യയുടെ പ്രധാന ഇറക്കുമതി ഉൽപന്നങ്ങളായ ടെക്സ്റ്റൈൽസ്, കാർ ബാഡികൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ തുടങ്ങിയവയ്ക്ക് ഇതിന്റെ ഭാവം ഉടൻ ബാധിക്കുമെന്ന് വിദഗ്ധർ വിലയിരുത്തുന്നു.

മാന്ത്രികൻ ഗോപിനാഥ് മുതുകാട് 'ഇല്ല്യൂഷൻ റ്റു ഇൻസ്പിരേഷൻ ' പരിപാടിയുമായി വീണ്ടും വേദിയിലേക്ക്



തിരുവനന്തപുരം: നാലര പതിറ്റാണ്ടിലേറെ നീണ്ട മാന്ത്രിക ജീവിതത്തിന് വിരാമമിട്ട് ഭിന്നശേഷിക്കാരായ കുട്ടികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന മാന്ത്രികന് ഗോപിനാഥ് മുതുകാട് വീണ്ടും വേദിയിലേക്ക്. അന്തരിച്ച പിതാവിന്റെ സ്മരണാർത്ഥം കോഴിക്കോട് വെച്ച് സംഘടിപ്പിക്കുന്ന 'ഇല്ല്യൂഷന് ടു ഇന്സ്പിരേഷന്' എന്ന പ്രത്യേക മാജിക് ഷോയുടെ മുന്നോടിയായുള്ള പരിശീലനത്തിലാണ് മുതുകാട് ഇപ്പോള്.

തിരുവനന്തപുരത്തെ മാജിക് പ്ലാനറ്റില് വെച്ചാണ് പരിശീലനം നടക്കുന്നത്. തന്റെ 45 വർഷത്തെ പ്രകടനങ്ങളില് ഒപ്പം പ്രവർത്തിച്ച കലാകാരന്മാരെയും സാങ്കേതിക വിദഗ്ദ്ധരെയും ഉള്പ്പെടുത്തിയാണ് ഈ ഷോ ഒരുക്കുന്നത്. കോഴിക്കോട് പ്രൊവിഡന്സ് കോളേജില് ആഗസ്റ്റ് 9-നാണ് 'ഇല്ല്യൂഷന് ടു ഇന്സ്പിരേഷന്' അരങ്ങേറുന്നത്. ഇന്ദ്രജാലവും സംഗീതവും നൃത്തവും ഹ്രസ്വചിത്രങ്ങളുമൊക്കെ സമന്വയിച്ച് ആധുനിക സാങ്കേതിക വിദ്യയുടെ മേമ്പൊടിയോടെയാണ് പുതിയ ദൃശ്യവിസ്മയം അരങ്ങിലെത്തുന്നത്.

തന്റെ ജീവിതത്തിലെ ഒരു പ്രധാന നിമിഷമാണിത്. മാജിക്കിന്റെ ലോകത്തു നിന്ന് വിരമിച്ച ശേഷവും അച്ഛനുള്ള സമർപ്പണമായി ഇത്തരമൊരു കലാപ്രകടനം കാഴ്ചവെക്കണമെന്നത് അതിയായ ആഗ്രഹമായിരുന്നു. മാജിക്ക് പൂർണ്ണമായി ഉപേക്ഷിച്ചതിനാല് ഇരട്ടി പരിശീലനമാണ് ഈ ഷോയ്ക്കായി നടത്തുന്നതെന്നും മുതുകാട് പറഞ്ഞു.

ഫോട്ടോ ക്യാപ്ഷന്: മാന്ത്രിക ജീവിതത്തിന്റെ 45 വർഷങ്ങള് ആഘോഷിക്കുന്നതിന്റെ ഭാഗമായി, അന്തരിച്ച പിതാവിന്റെ സ്മരണാർത്ഥം കോഴിക്കോട് വെച്ച് സംഘടിപ്പിക്കുന്ന 'ഇല്ല്യൂഷന് ടു ഇന്സ്പിരേഷന്' എന്ന പ്രത്യേക മാജിക് ഷോയ്ക്ക് വേണ്ടി പരിശീലനം നടത്തുന്ന ഗോപിനാഥ് മുതുകാടും സംഘവും

പുന്നപ്ര സമരനായകൻ വി എസ് അച്യുതാനന്ദനും നഴ്സുമാരുടെ സമരവും

ബ്രിജിത് വിൻസന്റ്
Founding President, (PIANO)





നഴ്സിംഗ് രംഗത്ത് പെൻസിൽവാനിയ ഇൻഡ്യൻ അമേരിക്ക നഴ്സസ് ഓർഗനൈസേഷൻ (PIANO) സ്ഥാപിതമായത് 1975 ൽ ആയിരുന്നു. അന്നു മുതൽ അമേരിക്കയിലും ഇൻഡ്യയിലും നഴ്സുമാരുടെ ന്യായമായ എല്ലാ ആവശ്യങ്ങളിലും പിയാനോ കൃത്യമായി ഇടപ്പെട്ടു വരുന്നു. നഴ്സിംഗ് വിദ്യാർത്ഥികളുടെ ബോണ്ട്, സർട്ടിഫിക്കറ്റ് പിടിച്ചുവക്കൽ മുതലായ കാര്യങ്ങളിലും ഉയരം, വയസ്, വിവാഹ സ്ഥിതി മുതലായവയിലും അടിമുടി വന്ന മാറ്റങ്ങളിൽ പിയാനോയുടെ സ്വാധീനം ചില്ലറയല്ല.

ശമ്പളം വർദ്ധിപ്പിക്കുക, മൂന്ന് ഷിഫ്റ്റ് സമ്പ്രദായം നടപ്പിലാക്കുക മുതലായ ആവശ്യങ്ങൾ ഉന്നയിച്ച് 115 ദിവസം കോതമംഗലം മാർ ബസേലിയോസ് മെഡിക്കൽ മിഷൻ ആശുപത്രിയിലെ നഴ്സുമാർ നടത്തിയ സമരം ഒത്തുതീർന്നത് പുന്നപ്ര സമരനായകൻ അന്തരിച്ച ശ്രീ വി.എസ് അച്യുതാനന്ദന്റെ ശക്തമായ ഇടപെടൽ മൂലം ആയിരുന്നു. അന്ന് മാർ ബസേലിയോസിൽ കത്തിപ്പടർന്ന സമരം പ്രതിപക്ഷ നേതാവായിരുന്ന വി എസിന്റെ ഉറപ്പിലാണ് ഒത്തു തീർന്നത്.

മൂന്ന് നഴ്സുമാർ ആത്മാഹുതി നടത്തുവാൻ മുകളിലത്തെ നിലയിൽ എത്തുകയും അവർ ബഹുമാനപ്പെട്ട വിഎസിന്റെ ഉറപ്പിന്റെ പിൻബലത്തിൽ ആത്മഹത്യാ ശ്രമം ഉപേക്ഷിച്ച് താഴെ ഇറങ്ങുകയും ഉണ്ടായി. അതവരുടെ ജീവിത വിജയം ആയിരുന്നു.

ഒപ്പം കഷ്ടപ്പെട്ടിരുന്ന ഒരു പാട് നഴ്സ്മാരുടേയും. ആലുവയിൽ ആരോഗ്യ മന്ത്രിയുടെയും തൊഴിൽ മന്ത്രിയുടെയും ശ്രീ വി എസിന്റേയും നേതൃത്വത്തിൽ മാനേജ്മെന്റ് നടത്തിയ ചർച്ച വിജയം കണ്ടു. ഇംഗ്ലീഷിൽ ഉണ്ടാക്കിയ ഉടമ്പടി മാനേജ്മെന്റ് തിരുത്തും എന്ന പേടിയിൽ മലയാളത്തിലും വേണം എന്ന് പറഞ്ഞതും വി എസ് ആയിരുന്നു.

ഈ സമരത്തിലും പിയാനോ സ്വീകരിച്ച നിലപാടുകൾ സ്മരണീയമാണ്. അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ ഉമ്മൻ ചാണ്ടിയുടെ ഇടപെടലുകൾ പോലും ഫലം കണ്ടിരുന്നില്ല എന്ന കാര്യത്തിലാണ് വി എസ് നമുക്ക് പ്രിയങ്കരനാകുന്നത്

ഐ. ഒ. സി. യു. എസ്. എ കേരള ചാപ്റ്റർ, ട്രൈ സ്റ്റേറ്റ് സ്വാതന്ത്ര്യദിനാഘോഷം ; രാജ്മോഹൻ ഉണ്ണിത്താൻ എം പി മുഖ്യാതിഥി

ഐ. ഒ. സി. യു. എസ്. എ കേരള ചാപ്റ്റർ - ട്രൈ സ്റ്റേറ്റ് ഘടകം നടത്തുന്ന 78-മത് ഇന്ത്യൻ സ്വാതന്ത്ര്യദിനാഘോഷങ്ങളിൽ കോൺഗ്രസ് നേതാവും കാസർകോട് എം.പിയുമായ രാജ്മോഹൻ ഉണ്ണിത്താൻ മുഖ്യാതിഥിയാകും.

ഓഗസ്റ്റ് 15 ചൊവ്വാഴ്ച രാത്രി 7.00 മണി(EST)ക്ക് ന്യൂയോർക്കിലെ കോൺഗേഴ്സിൽ (331 Route 9W)) വച്ചാണ് ആഘോഷങ്ങൾ. ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് നേതാക്കൾക്ക് പുറമെ വിവിധ സംഘടനകളുടെ നേതാക്കളും പങ്കെടുക്കും.

കേരള രാഷ്ട്രീയത്തിൽ ഏറെക്കാലമായി സജീവമായ രാജ്മോഹൻ ഉണ്ണിത്താൻ 2019 മുതൽ കാസർഗോഡ് എംപിയാണ്. കെപിസിസി സെക്രട്ടറിയായും കെപിസിസി വക്താവായും പ്രവർത്തിച്ചിട്ടുണ്ട്. 2019-ല ലോക്സഭാ തിരഞ്ഞെടുപ്പിൽ സി.പി.എം നേതാവായ മുൻ ജില്ലാ സെക്രട്ടറി കെ.പി. സതീശ് ചന്ദ്രനെ 40438 വോട്ടിന് പരാജയപ്പെടുത്തി കാസർഗോഡ് നിന്ന് ലോക്സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. 2024-ലാകട്ടെ സി.പി.എം. ജില്ലാ സെക്രട്ടറി എം.വി. ബാലകൃഷ്ണന് മാസ്റ്ററെ 1,01,523 വോട്ടുകളുടെ ഭൂരിപക്ഷത്തില് പരാജയപ്പെടുത്തി.

പൊതുസംവാദങ്ങളിലും ടെലിവിഷൻ സംവാദങ്ങളിലും കുറിക്ക് കൊള്ളുന്ന മറുപടിയും മൂർച്ചയുള്ള പ്രതികരണങ്ങളുമായി ശ്രദ്ധിക്കപ്പെടുന്ന നേതാവാണ് ഇദ്ദേഹം.

പ്രവാസി ഇന്ത്യൻ സമൂഹം എന്ന നിലയിൽ മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു, സർദാർ വല്ലഭായ് പട്ടേൽ, സുഭാഷ് ചന്ദ്രബോസ്, മൗലാന ആസാദ്, ബി ആർ അംബേദ്കർ തുടങ്ങി ഇന്ന് നമ്മൾ ആസ്വദിക്കുന്ന ഇന്ത്യൻ സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും വഴിയൊരുക്കിയ ധീരരായ നേതാക്കളുടെയും മറ്റ് പ്രമുഖ വ്യക്തിത്വങ്ങളുടെയും ത്യാഗത്തെ ഓർമ്മിക്കാനും ആഘോഷിക്കാനുമുള്ള സമയമാണിത്. ഈ ആഘോഷങ്ങളിലേക്ക് ഏവരെയും സ്വാഗതം ചെയ്യുന്നതായി ഐ. ഒ. സി. യു. എസ്. എ ട്രൈ സ്റ്റേറ്റ് ഭാരവാഹികൾ അറിയിച്ചു.

FOR MORE INFORMATION, PLEASE CONTACT

PAUL KARUKKAPALLIL (NY) 845.553.5671 LEELA MARET +1 (646) 539-8443
GEORGE ABRAHAM (NY) 917.544.4137 SHAIMI JACOB (NY) 845.445.1000
GEEVARGHESE ABRAHAM +1 (917) 488-2590 NOAH GEORGE (NY) 845.293.9466
BIJU VALIAKALLUNKAL (NJ) 201.723.7664 MOHAN YADAV (CT) 914.629.4499



നാലര ലക്ഷം വിദ്യാർത്ഥികൾക്ക് വായ്പാ തിരിച്ചടവ് പദ്ധതി നിഷേധിക്കപ്പെടും: യുഎസ് വിദ്യാഭ്യാസ വകുപ്പ്

വാഷിംഗ്ടൺ ഡി.സി.: വരുമാനത്തെ അടിസ്ഥാനമാക്കിയുള്ള വിദ്യാർത്ഥി വായ്പാ തിരിച്ചടവ് പദ്ധതിക്കായി അപേക്ഷിച്ച ഏകദേശം 460,000 വിദ്യാർത്ഥികളുടെ അപേക്ഷകൾ യുഎസ് വിദ്യാഭ്യാസ വകുപ്പ് നിരസിക്കും. ബൈഡൻ ഭരണകൂടം അവതരിപ്പിച്ച "സേവ് പ്ലാൻ" എന്ന ഏറ്റവും കുറഞ്ഞ പ്രതിമാസ തിരിച്ചടവ് ഓപ്ഷൻ നിയമപരമല്ലാത്തതിനാലാണ് ഈ നടപടി.

വരുമാനത്തെ അടിസ്ഥാനമാക്കിയുള്ള തിരിച്ചടവ് പദ്ധതിക്കായി ലഭിച്ച 1.5 ദശലക്ഷം അപേക്ഷകളിൽ 31 ശതമാനത്തോളം വരും ഈ അപേക്ഷകൾ. വായ്പ തിരിച്ചടയ്ക്കാൻ ബുദ്ധിമുട്ടുള്ള വിദ്യാർത്ഥികൾക്ക് സാധാരണയായി ലഭ്യമാകുന്ന നിരവധി ഓപ്ഷനുകളിൽ ഒന്നായിരുന്നു "സേവ് പ്ലാൻ". ബിരുദ വായ്പകൾക്ക് വരുമാനത്തിന്റെ 5 ശതമാനമായും ബിരുദാനന്തര വായ്പകൾക്ക് 10 ശതമാനമായും പേയ്മെന്റുകൾ പരിമിതപ്പെടുത്തുന്ന ഈ പദ്ധതി 2024 ജൂൺ മുതൽ കോടതികൾ തടഞ്ഞിരുന്നു.

"സേവ് ഒരു ഓപ്ഷനല്ലാത്തതിനാൽ ലോൺ സർവീസർമാർക്ക് ഈ അപേക്ഷകൾ പ്രോസസ്സ് ചെയ്യാൻ കഴിയില്ല, കാരണം അത് നിയമവിരുദ്ധമാണ്," ഒരു വകുപ്പ് വക്താവ് പൊളിറ്റിക്കോയോട് പറഞ്ഞു.

പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ പുതിയ നിയമനിർമ്മാണത്തിന്റെ ഭാഗമായി, രണ്ട് പുതിയ പേയ്മെന്റ് പ്ലാനുകൾ അവതരിപ്പിക്കാനും നിലവിലുള്ള ഓപ്ഷനുകൾ ഘട്ടം ഘട്ടമായി നിർത്തലാക്കാനും വിദ്യാഭ്യാസ വകുപ്പ് ഒരുങ്ങുകയാണ്. "സേവ് പ്ലാൻ" നികുതിദായകർക്ക് ഭാരമാണെന്ന് ട്രംപ് ഭരണകൂടം വിമർശിക്കുകയും വിദ്യാർത്ഥികൾ വായ്പയെടുക്കുന്നതും തിരിച്ചടയ്ക്കുന്നതും ലളിതമാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

നിലവിൽ, സേവ് പ്ലാനിൽ ചേർന്ന വായ്പക്കാർ കോടതികളുടെ തീരുമാനം വരുന്നതുവരെ കാത്തിരിക്കുകയാണ്. ഈ വായ്പക്കാരെ മറ്റ് പദ്ധതികളിലേക്ക് മാറ്റാൻ വകുപ്പ് ആസൂത്രണം ചെയ്യുന്നുണ്ടെന്നും, മറ്റ് തിരിച്ചടവ് ഓപ്ഷനുകൾ പരിഗണിക്കാനും അവരെ പ്രോത്സാഹിപ്പിക്കുന്നുണ്ടെന്നും മുമ്പ് അറിയിച്ചിരുന്നു.



ചില വിദ്യാർത്ഥി വായ്പാ വിദഗ്ധർ പറയുന്നത്, ഏറ്റവും കുറഞ്ഞ പ്രതിമാസ പേയ്മെന്റ് ഓപ്ഷൻ തിരഞ്ഞെടുക്കുമ്പോൾ വായ്പക്കാർ സേവ് പ്ലാനിലേക്കാണ് അപേക്ഷിക്കുന്നതെന്ന് അറിഞ്ഞിരിക്കണമെന്നില്ല എന്നാണ്. "നിർത്തിവച്ചിരിക്കുന്ന ബൈഡൻ കാലഘട്ടത്തിലെ പ്രോഗ്രാമിനായി അപേക്ഷിക്കാൻ അവർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് മനസ്സിലാക്കാൻ അൽപ്പം ബുദ്ധിമുട്ടാണ്," സ്റ്റുഡന്റ് ലോൺ സർവീസിംഗ് അലയൻസിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ സ്കോട്ട് ബുക്കാനൻ പറഞ്ഞു. വായ്പ തിരിച്ചടവ് പദ്ധതിക്കായി വായ്പക്കാർ പൂർണ്ണമായും വീണ്ടും അപേക്ഷിക്കുന്നതാണ് നല്ലതെന്നും അദ്ദേഹം നിർദ്ദേശിച്ചു.

സേവ് പ്ലാൻ നിർത്തിവെച്ചതിനാൽ വായ്പക്കാർക്ക് യോഗ്യതയുള്ള പേയ്മെന്റുകൾ നടത്താൻ കഴിഞ്ഞേക്കില്ലെന്നും ഇത് ഉയർന്ന പ്രതിമാസ പേയ്മെന്റുകൾക്കും ദീർഘകാലാടിസ്ഥാനത്തിൽ കൂടുതൽ പണം നൽകേണ്ടി വരുന്നതിനും ഇടയാക്കുമെന്നും വിദ്യാർത്ഥി കടാശ്വാസ വക്താക്കൾ ആശങ്ക പ്രകടിപ്പിച്ചു. "കഴിഞ്ഞ വർഷം അവരുടെ വരുമാനം മാറിയിട്ടുണ്ടെങ്കിൽ, അത് ഉയർന്ന പേയ്മെന്റിന് കാരണമാകും," സ്റ്റുഡന്റ് ബോറോയർ പ്രൊട്ടക്ഷൻ സെന്ററിലെ ഡെപ്യൂട്ടി എക്സിക്യൂട്ടീവ് ഡയറക്ടർ പെർസിസ് യു പറഞ്ഞു. "ഈ സമയം റദ്ദാക്കലിൽ കണക്കാക്കാത്തതിനാൽ, ആളുകൾക്ക് അവരുടെ വായ്പയുടെ കാലയളവിൽ കൂടുതൽ പണം നൽകേണ്ടിവരുമെന്നാണ് ഇതിനർത്ഥം."

ഉമ്മൻ ചാണ്ടി കാരുണ്യ പുരസ്കാരം ഡിഫറന്റ് ആർട് സെന്ററിന് സമ്മാനിച്ചു

തിരുവനന്തപുരം: തിരുവനന്തപുരം ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ ആഭിമുഖ്യത്തില് നല്കുന്ന രണ്ടാമത് ഉമ്മന് ചാണ്ടി കാരുണ്യ പുരസ്കാരം ചലച്ചിത്ര സംവിധായകന് അടൂര് ഗോപാലകൃഷ്ണനില് നിന്നും ഡിഫറന്റ് ആര്ട് സെന്റര് എക്സിക്യൂട്ടീവ് ഡയറക്ടര് ഗോപിനാഥ് മുതുകാട് ഏറ്റുവാങ്ങി. കുട്ടികളിലെ നൈസര്ഗികമായ ശേഷികളെ പ്രത്യേക പരിശീലനം നല്കി പരിപോഷിപ്പിക്കുന്ന സെന്ററിന്റെ കഴിഞ്ഞ വര്ഷങ്ങളിലെ പ്രവര്ത്തനങ്ങള്ക്കുള്ള അംഗീകാരമായാണ് പുരസ്കാരം നല്കിയത്. കേരളത്തിന്റെ സാംസ്കാരിക മണ്ഡലത്തില് സജീവമായി ഇടപെടുകയും മാജിക് എന്ന കലാരൂപത്തെ ജനകീയമാക്കുകയും ചെയ്ത ഗോപിനാഥ് മുതുകാടിന്റെ നേതൃത്വത്തില് 2019 മുതലാണ് ഡിഫറന്റ് ആര്ട് സെന്റര് പ്രവര്ത്തനം ആരംഭിച്ചത്. സമൂഹത്തിലെ ഭിന്നശേഷിക്കാരായ നിരവധി കുട്ടികളുടെ സര്ഗാത്മകമായ കഴിവുകള് വളര്ത്തിയെടുക്കുന്നതിന് സെന്ററിലൂടെ സാധിച്ചിട്ടുണ്ട്.



ഉമ്മന്ചാണ്ടിയുടെ രണ്ടാമത് ചരമവാര്ഷികാചരണങ്ങളുടെ ഭാഗമായി തിരുവനന്തപുരം സെന്ട്രല് സ്റ്റേഡിയത്തില് സംഘടിപ്പിച്ച ചടങ്ങിലാണ് പുരസ്കാരം വിതരണം ചെയ്തത്. ഇതിനോടനുബന്ധിച്ച് നടന്ന അനുസ്മരണ സമ്മേളനം കോണ്ഗ്രസ് പ്രവര്ത്തക സമിതി അംഗം രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്തു. ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പ്രാധാന്യം നൽകിയ ഒരു നേതാവായിരുന്നു ഉമ്മൻ ചാണ്ടിയെന്ന് രമേശ് ചെന്നിത്തല പറഞ്ഞു. ജനങ്ങളുടെ വിഷയങ്ങളിൽ

മാർഗമായി ഇടപെട്ട് വിഷയം പരിഹരിക്കുന്നതിനു വേണ്ടുന്ന ശ്രമങ്ങൾ അദ്ദേഹം നടത്തി. അദ്ദേഹത്തിന്റെ പേരിലുള്ള ജീവകാരുണ്യ പുരസ്കാരം അർഹിക്കുന്ന കരങ്ങളിലേക്കാണ് എത്തിയതെന്ന സന്തോഷമുണ്ട്. ഗോപിനാഥ് മുതുകാട് മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ചെയ്യുന്ന സേവനങ്ങൾക്ക് എല്ലാവരും പിന്തുണക്കണമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ഡിസിസി പ്രസിഡന്റ് പാലോട് രവി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ എം.എം ഹസ്സൻ, കെ.മുരളീധരൻ, ജിജി തോംസൺ, സി.ദിവാകരൻ, സി.പി ജോൺ, സണ്ണിക്കുട്ടി എബ്രഹാം, വി.എസ് ശിവകുമാർ, എൻ.ശക്തൻ തുടങ്ങിയവർ പങ്കെടുത്തു.



അമേരിക്കയിൽ ജനിച്ച കുഞ്ഞുങ്ങൾ അമേരിക്കക്കാരാണ്" - ട്രംപിന്റെ ജന്മാവകാശ പൗരത്വം അവസാനിപ്പിക്കാനുള്ള ശ്രമത്തിന് തിരിച്ചടി.



ബോസ്റ്റൺ : എംഎ – അമേരിക്കയിൽ ജനിക്കുന്ന രേഖകളില്ലാത്ത കുടിയേറ്റക്കാരുടെ കുഞ്ഞുങ്ങൾക്ക് ജന്മാവകാശ പൗരത്വം നിഷേധിക്കാനുള്ള ട്രംപ് ഭരണകൂടത്തിന്റെ നീക്കത്തിന് ഫെഡറൽ ജഡ്ജിയുടെ വിലക്ക്. യുഎസ് ഡിസ്ട്രിക്റ്റ് ജഡ്ജി ലിയോ സോറോക്കിൻ ജൂലൈ 25-നാണ് ഈ വിധി പുറപ്പെടുവിച്ചത്. ഭരണകൂടത്തിന്റെ വിവാദ ഉത്തരവ് നടപ്പിലാക്കുന്നത് തടഞ്ഞുകൊണ്ടുള്ള രാജ്യവ്യാപകമായി ലഭിക്കുന്ന മൂന്നാമത്തെ കോടതി വിധിയാണിത്.

"നമ്മുടെ രാഷ്ട്രത്തിന്റെ ചരിത്രത്തിലെ മറ്റെല്ലാ കാലത്തെയും പോലെ അമേരിക്കയിൽ ജനിച്ച കുഞ്ഞുങ്ങളും അമേരിക്കക്കാരാണ്," ന്യൂജേഴ്സി അറ്റോർണി ജനറൽ മാത്യു പ്ലാറ്റ്കിൻ വിധിയോട് പ്രതികരിച്ചു. കീഴ്ക്കോടതികൾക്ക് രാജ്യവ്യാപകമായി നിരോധനാജ്ഞ പുറപ്പെടുവിക്കാനുള്ള കഴിവ് പരിമിതപ്പെടുത്തുന്ന സമീപകാല സുപ്രീം കോടതി വിധി നിലവിലുണ്ടായിരുന്നിട്ടും, പ്രത്യേക സാഹചര്യങ്ങളിൽ അത്തരം നിരോധനാജ്ഞകൾ അനുവദിക്കുന്ന നിയമപരമായ മുൻവിധിയുടെ അടിസ്ഥാനത്തിലാണ് സോറോക്കിന്റെ വിധി സാധുവാകുന്നത്.

ആഭ്യന്തരയുദ്ധത്തിനും കുപ്രസിദ്ധമായ ഡ്രെഡ് സ്കോട്ട് വിധിക്കും ശേഷം 1868-ൽ അംഗീകരിച്ച 14-□□ ഭേദഗതിയെ ചുറ്റിപ്പറ്റിയാണ് ഈ കേസ്. യുഎസ് മണ്ണിൽ ജനിക്കുന്ന ആർക്കും പൗരത്വം ഉറപ്പാക്കുന്നതാണ് ഈ ഭേദഗതി. രേഖകളില്ലാത്ത കുടിയേറ്റക്കാർക്ക് ജനിക്കുന്ന കുട്ടികൾ യുണൈറ്റഡ് സ്റ്റേറ്റ്സിന്റെ "അധികാരപരിധിക്ക് വിധേയമല്ലെന്നും" അതിനാൽ പൗരത്വത്തിന് അർഹരല്ലെന്നുമാണ് ട്രംപ് ഭരണകൂടം വാദിക്കുന്നത്.

ഈ വിധിയിൽ കോടതികൾ 14-□□ ഭേദഗതിയുടെ ഉദ്ദേശ്യത്തെ തെറ്റായി വ്യാഖ്യാനിക്കുകയാണെന്നും അപ്പീലിൽ ഇത് ശരിയാണെന്ന് തെളിയുമെന്നും വൈറ്റ് ഹൗസ് വക്താവ് അബിഗെയ്ൽ ജാക്സൺ പറഞ്ഞു. ഈ വിഷയം കൂടുതൽ പരിശോധനയ്ക്കായി ഉടൻ തന്നെ യുഎസ് സുപ്രീം കോടതിയിൽ എത്തുമെന്ന് നിയമ വിദഗ്ധർ പ്രതീക്ഷിക്കുന്നു.

ഓർമ്മകളിൽ ഉമ്മൻ ചാണ്ടി': യു കെയിൽ 6 ദിന അനുസ്മരണം സംഘടിപ്പിച്ച് ഐ ഓ സി



മിഡ്‌ലാൻഡ്സ്: സമാനതകളില്ലാത്ത ജന നേതാവായിരുന്ന മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ രണ്ടാം ചരമ വാർഷികം ഇന്ത്യൻ ഓവർസീസ് കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ വിവിധ പരിപാടികളോടെ യു കെയിലെ പല ഭാഗങ്ങളിലായി സംഘടിപ്പിക്കപ്പെട്ടു. സ്കോട്ട്‌ലാൻഡിൽ വച്ച് നടന്ന അനുസ്മരണ യോഗത്തിൽ ശ്രീ ചാണ്ടി ഉമ്മൻ എം എൽ എ ഓൺലൈനായി പങ്കെടുത്തു. ഇത്തവണ യു കെയിൽ ചാണ്ടി ഉമ്മൻ ആദ്യമായി പങ്കെടുക്കുന്ന അനുസ്മരണം പരിപാടി കൂടിയായിരുന്നു 'ഓർമ്മകളിൽ ഉമ്മൻചാണ്ടി'.

'ഓർമ്മകളിൽ ഉമ്മൻ ചാണ്ടി' എന്ന തലക്കെട്ടോടെ ഐ ഓ സി (യു കെ) - കേരള ഘടകം മിഡ്‌ലാൻഡ്സ് യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ആറു ദിവസം നീണ്ടുനിന്ന അനുസ്മരണ പരിപാടികൾ സംഘടിപ്പിച്ചത്.

ജൂലൈ 16ന് ഉമ്മൻ ചാണ്ടി അന്ത്യവിശ്രമം കൊള്ളുന്ന പുതുപ്പള്ളി പള്ളിയിലെ കബറിൽ പുഷ്പചക്രം അർപ്പിച്ചുകൊണ്ട് ആരംഭിച്ച അനുസ്മരണ പരിപാടികൾ ജൂലൈ 21ന് ഓൾഡ്ഹാമിൽ സംഘടിപ്പിച്ച അനുസ്മരണ ചടങ്ങുകളോടെയാണ് സമാപിച്ചത്.ബോൾട്ടനിലെ ഐ ഓ സി ഓഫീസ് ഹാളിൽ സംഘടിപ്പിപ്പെട്ട അനുസ്മരണ സമ്മേളനം കേരള ചാപ്റ്റർ പ്രസിഡന്റ് ഷൈനു ക്ലെയർ മാത്യൂസ് ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി റോമി കുര്യാക്കോസ് മുഖ്യ പ്രഭാഷണം നടത്തി.

ബോൾട്ടൻ യൂണിറ്റ് പ്രസിഡന്റ് ജിബ്സൺ ജോർജ് അധ്യക്ഷത വഹിച്ച ചടങ്ങിൽ അരുൺ ഫിലിപ്പോസ്, സജി വർഗീസ്, സജു ജോൺ, ബിന്ദു ഫിലിപ്പ്, ഹൃഷിരാജ്, നെബു, മുസമ്മൽ, രാഹുൽ എന്നിവർ സംസാരിച്ചു. ഉമ്മൻ ചാണ്ടിക്ക് സ്മരണാഞ്ജലി അർപ്പിച്ചുകൊണ്ട് 'Oommen Chandy - Unfaded Memories' എന്ന വിഷയത്തെ ആസ്പദമാക്കി രണ്ടാം ക്ലാസ്സ് വിദ്യാർത്ഥിനി ഹെയ്സൽ മറിയം തോമസ് ചെറു പ്രസംഗം അവതരിപ്പിച്ചു.



കൃഷ്ണൻ കുടുംബം യുടിആർജിവിയിൽ രണ്ടാമത്തെ എൻഡോവ്ഡ് ചെയർ സ്ഥാപിച്ചു



റിയോ ഗ്രാൻഡെ വാലി, ടെക്സസ് – സൗത്ത് ടെക്സസിലെ ആരോഗ്യ സംരക്ഷണ മേഖലയുടെ പുരോഗതി ലക്ഷ്യമിട്ട്, ഡോ. സുബ്രാം ജി. കൃഷ്ണനും എലിസബത്ത് ജി. കൃഷ്ണനും ദി യൂണിവേഴ്സിറ്റി ഓഫ് ടെക്സസ് റിയോ ഗ്രാൻഡെ വാലി (യുടിആർജിവി) സ്കൂൾ ഓഫ് മെഡിസിനിൽ തങ്ങളുടെ രണ്ടാമത്തെ എൻഡോവ്ഡ് ചെയർ സ്ഥാപിച്ചു. കഴിഞ്ഞ ആഴ്ച പ്രഖ്യാപിച്ച ഈ സംഭാവന, സ്ഥാപനത്തിലെ ഓർത്തോപീഡിക് സർജറിയിലെ ആദ്യത്തെ എൻഡോവ്ഡ് ചെയർ ആണ്.

"സുബ്രാം ജി. കൃഷ്ണൻ എം.ഡി., സുമന്ത് "ബുച്ച്" കൃഷ്ണൻ എം.ഡി. എൻഡോവ്ഡ് ചെയർ ഫോർ ഓർത്തോപീഡിക് സർജറി" എന്ന് പേരിട്ടിരിക്കുന്ന ഈ എൻഡോവ്മെന്റ്, മികച്ച ഓർത്തോപീഡിക് ഫാക്കൽറ്റിയെ ആകർഷിക്കാനും മെഡിക്കൽ വിദ്യാർത്ഥികൾക്കും റെസിഡന്റുമാർക്കും ക്ലിനിക്കൽ, സർജിക്കൽ പരിശീലനം മെച്ചപ്പെടുത്താനും ലക്ഷ്യമിടുന്നു. കൂടാതെ, നൂതന ശസ്ത്രക്രിയാ വിദ്യകളെക്കുറിച്ചുള്ള ഗവേഷണത്തെ പിന്തുണയ്ക്കുകയും റിയോ ഗ്രാൻഡെ വാലിയിലെ മസ്കുലോസ്കെലെറ്റൽ പരിചരണം ശക്തിപ്പെടുത്തുകയും ചെയ്യും.

വിരമിച്ച ബോർഡ് സർട്ടിഫൈഡ് ഓർത്തോപീഡിക് സർജനായ സുബ്രം കൃഷ്ണനെയും ഡാളസിലെ ബെയ്‌ലർ യൂണിവേഴ്സിറ്റി മെഡിക്കൽ സെന്ററിൽ ഷോൾഡർ സർവീസിന്റെ മെഡിക്കൽ ഡയറക്ടറായ അദ്ദേഹത്തിന്റെ മകൻ സുമന്ത് "ബുച്ച്" കൃഷ്ണനെയും ആദരിക്കുന്നതാണ് ഈ എൻഡോവ്മെന്റ്.

വിരമിച്ച ഒബ്-ഗൈൻ ആയ എലിസബത്ത് കൃഷ്ണൻ ഈ സമ്മാനത്തിന്റെ വിദ്യാഭ്യാസപരമായ പ്രാധാന്യം ഊന്നിപ്പറഞ്ഞു: "ഇത് അടുത്ത തലമുറയിലെ ഓർത്തോപീഡിക് സർജൻമാർക്കുള്ള ഗവേഷണത്തിനും വിദ്യാഭ്യാസത്തിനും ധനസഹായം നൽകും." സുമന്ത് കൃഷ്ണൻ പ്രാദേശിക പ്രാധാന്യം എടുത്തുപറഞ്ഞു. "താഴ്വരയുടെ ശേഷിയും വളർച്ചയും, യുടിആർജിവി സ്കൂൾ ഓഫ് മെഡിസിനും ഈ ആദ്യത്തെ എൻഡോവ്ഡ് ചെയറും വഴി, താഴ്വരയിലെ നിവാസികൾക്ക് ആവശ്യമായ പരിചരണം ലഭിക്കാൻ ഡാളസിലേക്കോ സാൻ അന്റോണിയോയിലേക്കോ പോകേണ്ടതില്ല," അദ്ദേഹം പറഞ്ഞു.

പുതിയ ഓർത്തോപീഡിക് സർജറി ചെയറിന്റെ ആദ്യ ഹോൾഡറെ നിയമിക്കുന്നതിനായി യുടിആർജിവി സ്കൂൾ ഓഫ് മെഡിസിൻ ഇതിനകം ഒരു സെർച്ച് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്, ഇത് താഴ്വരയിലുടനീളമുള്ള പ്രത്യേക പരിചരണത്തിലും അക്കാദമിക് മികവിലുമുള്ള ഒരു വലിയ നിക്ഷേപത്തെയാണ് സൂചിപ്പിക്കുന്നത്.

ലൈഫ് & ലിംബ് കൃത്രിമ കാൽ വിതരണം ഓഗസ്റ്റ് 2-ന് കോട്ടയത്ത്

കാലില്ലാത്തവർക്ക് പകരം ക്രിത്രിമ കാൽ നൽകി കാലിന്റെ സുവിശേഷവുമായി ജോൺസൺ ശാമുവേൽ USA വീണ്ടും എത്തുന്നു. കഴിഞ്ഞ നിരവധി വർഷക്കാലമായി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ജാതി മത ഭേദമെന്യേ കാലില്ലാത്തവർക്ക് ജർമ്മൻ ടെക്നോളജി ഉപയോഗിച്ചുള്ള ക്രിത്രിമ കാൽ നൽകി സമൂഹത്തിന് മാതൃക യാകുക യാണ് ജോൺസൺ ശാമുവേൽ .അമേരിക്കയിൽ ന്യൂയോർക്കിൽ താമസിക്കുന്ന പ്രമുഖ ജീവ കാരുണ്യ പ്രവർത്തകനായ അദ്ദേഹത്തിന്റെ സ്വന്തം നാടായ ചെങ്ങന്നൂറിനടുത്തുള്ള വെട്ടിയാറിൽ അദ്ദേഹം നടത്തുന്ന ക്ലിനിക്ക് കഴിഞ്ഞ ദിവസം സന്ദർശിച്ചു. ക്രിത്രിമ കാലുകൾ നിർമ്മിക്കുന്നതിനുള്ള എല്ലാ സാധന സാമഗ്രികളും ജർമ്മനിയിൽ നിന്നാണ് ഇറക്കുമതി ചെയ്യുന്നത്.

ആവശ്യക്കാരുടെ ആവശ്യമനുസരിച്ച് കാലുകൾ രൂപകൽപ്പന ചെയ്യുന്ന ജോലിയാണ് ലൈഫ് & ലിംഫ് ഫൗണ്ടേഷൻ ക്ലിനിക്കിൽ നടക്കുന്നത്. ഈ വർഷം 50 പേർക്കാണ് ഓഗസ്റ്റ് മാസം രണ്ടാം തീയതി കുമരകം ഗോകുലം റിസോർട്ടിൽ നടക്കുന്ന ഫൊക്കാനാ കൺവൻഷനിൽ നൽകുന്നത്. കഴിഞ്ഞ നിരവധി വർഷങ്ങളിൽ ആയിരക്കണക്കിന് ആളുകൾക്ക് 2 ലക്ഷം മുതൽ മുകളിലോട്ട് വില വരുന്ന കാലുകളാണ് അദ്ദേഹം നൽകിവരുന്നത് .അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ ഫാ. ഡേവിഡ് ചിറമേൽ അച്ചനാണ് കാലിന്റെ സുവിശേഷം എന്ന് നാമകരണം ചെയ്തത്. അദ്ദേഹത്തോടൊപ്പം ഈ പദ്ധതിയിൽ കഴിഞ്ഞ കുറെ വർഷങ്ങളായി ഞാനും ഒരു സഹയാത്രികനായി ചേർന്ന് വരികയാണ്.





പ്രകൃതിയുടെ വിലാപം

നോബി പോൾ

പച്ചപ്പു പോലെ പാടങ്ങളില്ല,
മഴവില്ലുകൾ മങ്ങിയകലുന്നു,
കിളികളുടെ ഗാനം നിശ്ശബ്ദമായ്,
നദികളുടെ ഹൃദയം വറ്റുന്നു...
മണ്ണിന്റെ മധുരം മായ്ച്ചുപോകും,
മരങ്ങളുടെ ശ്വാസം ഞങ്ങൾ കവർന്നു,
പ്രകൃതിയോട് കളിച്ചു കളിച്ചു,
ഇപ്പൊഴത് നമ്മെ ശിക്ഷിക്കുന്നു!
കാട്ടിൽ തീ വച്ച് തിളപ്പിച്ചുപോൽ,
സാഹോദരമായ മൃഗങ്ങൾ കരയുന്നു,
കാറ്റിനും മഴയ്ക്കും വിടരാം വേദന,
പക്ഷേ കേൾക്കുമോ മനുഷ്യഹൃദയം?
മഴ കാത്തു നില്ക്കുന്ന വൃക്ഷങ്ങളെ,
നാം വെട്ടിത്തുരത്തി ചൂടിലാക്കി,
ഇടിവെള്ളം പോലെ പ്രതികരിക്കും,
പ്രകൃതി നമ്മെ ഓർമിപ്പിക്കും!
ആകാശം മങ്ങുന്ന കനൽക്കാട്ട്,
ശ്വാസം തടയുന്ന മാലിന്യങ്ങൾ,
പാരിസ്ഥിതിക തുലനം പോയാൽ,
മനുഷ്യരാശിക്ക് തോല്ലില്ല മാറാൻ!
പ്ലാസ്റ്റിക് പായലുകൾ നദിയിലൊഴുക്കി,
മീനുകളെ പോലും നാം ശല്യമാക്കി,
മണ്ണിന് ആഹാരം കൊടുക്കാതെ,
മനുഷ്യൻ കല്ലാക്കി മാറുന്നു!
എന്ത് ലഭിക്കും ഈ ദുഷ്പ്രവൃത്തിയിൽ,
മലിനമായ ആകാശവും നിലവും?
നഷ്ടപ്പെട്ടുപോകും ആമകളുടെയും,
തവളകളുടെയും ഗാനമുറ്റങ്ങൾ!
ഇനി പോലും നാം കണ്ണടച്ചിരിക്കാതെ,
നമുക്ക് എഴുന്നേറ്റ് സംരക്ഷിക്കാം,
ഒരു വൃക്ഷം, ഒരു തുള്ളി വെള്ളം,
ഒരു കൊച്ച് പക്ഷിക്ക് ജീവിതം തരാം!
പ്രകൃതിയെന്ന മാതാവിനെ സ്നേഹിക്കുക,
ആ മാനസികതയുടെ മണ്ണിൽ കൃഷിചെയ്യുക,
മറന്നുപോയ കാത്തൽ വീണ്ടും പകരാം,
മനുഷ്യൻ വീണ്ടും മനുഷ്യനാകാം!

നോബി പോൾ
സബ് എഡിറ്റർ ,കേരളാ ടൈംസ്





താജ്മഹൽ സന്ദർശനം

മാർബിളിൽ എഴുതിയ അനശ്വരമായ പ്രണയകഥ

ഡൽഹിയിലേക്കുള്ള ഒരു കുടുംബയാത്രയ്ക്കിടയിൽ താജ്മഹൽ സന്ദർശിക്കാനുള്ള അവസരം ലഭിച്ചു. ലോകത്തിലെ ഏഴു അത്ഭുതങ്ങളിൽ ഒന്നായി കണക്കാക്കപ്പെടുന്ന ഈ സ്മാരകത്തെ നേരിൽ കാണുമെന്ന് ഞാൻ എപ്പോഴെങ്കിലും പ്രതീക്ഷിച്ചിരുന്നില്ല. പ്രഭാത സമയത്ത് തന്നെ ഞങ്ങൾ താജ്മഹലിന്റെ പ്രധാന പ്രവേശന കവാടം കയറുകയായിരുന്നു. അകത്തു കയറിയ ഉടൻ തന്നെ മനസ്സിനുള്ളിൽ അമ്പരപ്പിന്റെ തിരമാല ഉയർന്നു. വെളിച്ചത്തിൽ തിളങ്ങുന്ന വെള്ളമാർബിളിൽ നിർമ്മിച്ച ആ അദ്വിതീയ കെട്ടിടം, അതിനോട് ചേർന്ന പച്ചപ്പുള്ള തോട്ടങ്ങളും നീണ്ടുനിലക്കുന്ന പാത്രക്കുളവും കണ്ട് അതിശയിച്ചു നിന്നു പോയി.

താജ്മഹൽ കണ്ടപ്പോൾ മനസ്സിൽ ഏറ്റവും ആദ്യം വന്നത് പ്രണയത്തിന്റെ മഹത്വമാണ്. മുഗൾ ചക്രവർത്തിയായ ഷാജഹാൻ തന്റെ പ്രിയതമയായ മുംതാസ് മഹലിന്റെ സ്മരണയ്ക്കായി ഈ സ്മാരകം പണിയുകയായിരുന്നു എന്നത് ഒരിക്കലും മറക്കാനാകാത്ത ചരിത്രസത്യമാണ്. മുപ്പതിലധികം വർഷങ്ങൾക്ക് മുൻപ് പഠിച്ച കാര്യങ്ങൾ അവിടെ കാണുമ്പോൾ അതിന്റെ ആഴം മനസ്സിലാകുന്നു. മാർബിളിൽ കൊത്തിയ പൂക്കളും കല്ലിൽ എഴുതി പതിപ്പിച്ച ഖുറാനിലെ ശ്ലോകങ്ങളും അതെല്ലാം അതിമനോഹരമായി അനുഭവപ്പെട്ടു.

തജ്മഹലിന്റെ വശങ്ങളിലൂടെ നടന്നു. നാല് ദിക്കിലും നിന്നുമുള്ള കാഴ്ച ഒരേപോലെ മനോഹരവും സമമിതിയുമായിരുന്നു. ഓരോ കോണിലും നിന്നുമുള്ള കാഴ്ചയും അവിടെയുള്ള ശാന്തതയും മനസ്സിനെ ശാന്തിയിലാക്കുന്നു.

കനാലിൽ പ്രതിഫലിക്കുന്ന താജ്മഹലിന്റെ ആകൃതിയും, തോട്ടങ്ങളിൽ പറക്കുന്ന പക്ഷികളും, നാട്ടുകാരുടെ ചിരികളും, എല്ലാവരും ചേർന്ന് ആ സന്ദർശനം ഹൃദയത്തിൽ പതിയുന്ന അനുഭവമാക്കി. കെട്ടിടത്തിനകത്ത് പ്രവേശിച്ചപ്പോൾ പ്രത്യക്ഷപ്പെട്ടത് മുംതാസും ഷാജഹാനും ഉള്ള ശാന്തമായ അതിമനോഹരമായ കല്ലറകളായിരുന്നു. അതിനോട് ചുറ്റും സൂക്ഷ്മമായ മാർബിള് കമ്പികളാൽ ചുറ്റപ്പെട്ട്, ഒരു ദിവ്യമായ സൗന്ദര്യാനുഭവം തന്നെയായിരുന്നു.

സന്ധ്യാകാലമായപ്പോൾ സൂര്യൻ മറയുമ്പോൾ താജ്മഹലിന്റെ നിറം മാറുന്നത് കാണാൻ കഴിഞ്ഞത് അത്യന്തം വിസ്മയകരമായിരുന്നു. വെളുത്തത് മങ്ങിമാറി മഞ്ഞയും കാഠിന്യത്തോടൊപ്പം സ്നേഹവുമുള്ള ഒരു കാഴ്ചയായി മാറുന്നു. പത്ത് നിലവിളികളില്ലാതെ, ആ ശാന്തമായ ഇടം അന്നത്തെ രാത്രിയിൽ എന്റെ മനസ്സിൽ പതിഞ്ഞു. ഇത് വെറും കാഴ്ചയല്ല, മറിച്ച് ഒരു കാലഘട്ടം പിന്നിൽ നിലനിൽക്കുന്ന പ്രണയ കഥയുടെ പ്രതീകമാണെന്ന് എനിക്ക് മനസ്സിലായി.

താജ്മഹലിൽ ചെലവിട്ട ഓരോ നിമിഷവും അത്രയ്ക്ക് വിശേഷപ്പെട്ടതാണ്. അത് ഒരു ചരിത്രപാഠം മാത്രമല്ല, പ്രണയത്തിന്റെയും കലയുടെ മഹത്വത്തിന്റെയും ദൃശ്യസാക്ഷിയാണ്. മാർബിളിൽ എഴുതിയ പ്രണയകാവ്യമായി ഞാൻ അതിനെ ഓർക്കുന്നു. അപ്പോൾ മനസ്സിൽ തോന്നിയത് — ഒരു ജീവിതകാലത്തിൽ ഒരിക്കൽ ഈ സ്മാരകം കാണാതെ പോകുന്നത് ഒരു നഷ്ടമായിരിക്കും.

ടിസാക് അന്താരാഷ്ട്ര വടംവലി മത്സരം ആഗസ്ത് 9 ന്.

- മേയർ റോബിൻ ഇലക്കാട്ട് അഡ്വൈസറി കമ്മിറ്റി ചെയർമാൻ

ഹൂസ്റ്റൺ: ടെക്സാസ് ഇന്റർനാഷണൽ സ്പോർട്സ് ആൻഡ് ആർട്സ് ക്ലബ്ബിന്റെ (TISA Club) ആഭിമുഖ്യത്തിൽ നടത്തപെടുന്ന സീസൺ 4 അന്താരാഷ്ട്ര വടംവലി ചരിത്രസംഭവമാക്കാൻ ഹൂസ്റ്റൺ നഗരം ഒരുങ്ങുമ്പോൾ .മേയർ റോബിൻ ഇലക്കാട്ടു അഡ്വൈസറി ചെയർമാനായി ടിസാക് കമ്മിറ്റി പ്രവർത്തനമാരംഭിച്ചു.

കലാകായികാസ്വാദകൻ കൂടിയായ മലയാളികളുടെ അഭിമാനം മിസ്സോറി സിറ്റി മേയർ റോബിൻ ഇലക്കാട്ടിനോടൊപ്പം ഹൂസ്റ്റണിലെ സാമൂഹ്യ സാംസ്കാരിക കായിക രംഗത്തെ പ്രമുഖരടങ്ങിയ ടിസക് ടീമാണ് വടം വലിമത്സരത്തിന്റെ അണിയറയിലുള്ളത്

നിരവധി വടംവലി മത്സരങ്ങൾ നടത്തി പരിചയസമ്പന്നരായ ചാക്കോച്ചൻ മേടയിൽ, ലൂക്ക് കിഴക്കെപുറത്ത് എന്നിവരാണ് ടൂർണമെന്റ് കോർഡിനേറ്റർമാർ. ഡാനി വി രാജു (പ്രസിഡണ്ട്) ജിജോ കരോട്ട് മുണ്ടക്കൽ (സെക്രട്ടറി), റിമൽ തോമസ് (ട്രഷറർ) ജിജു കുളങ്ങര (പിആർഓ) ജോയ് തയ്യിൽ (വൈസ് പ്രസിഡണ്ട്) മാത്യൂസ് കറുകക്കളം (ജോയിന്റ് സെക്രട്ടറി) ഫിലിപ്പ് ചോരത്ത് (ജോയിന്റ് ട്രഷറർ) എന്നിവരാണ് മറ്റു ഭാരവാഹികൾ. .

ആയിരക്കണക്കിന് ആളുകളെ ഉൾക്കൊള്ളുവാൻ ശേഷിയുള്ള ഫോർട്ട് ബെൻഡ് കൗണ്ടി എപ്പിസെന്ററിലാണ് (Fort bend County Epicenter – Indoor air- conditioning)
ആഗസ്ത് 9 നു ശനിയാഴ്ചയാണ് മത്സരം.

ഓഗസ്റ്റ് 9 നു രാവിലെ മുതൽ വൈകുന്നേരം വരെ ഫോർട്ബെൻഡ് കൗണ്ടി എപിക് സെന്ററിൽ നടക്കുന്ന വടംവലി അമേരിക്കയിലെ പ്രഥമ ഇൻഡോർ വടംവലിയായി ചരിത്രത്തിൽ സ്ഥാനം പിടിക്കുമെന്നു അഡ്വൈസറി ചെയർമാൻ റോബിൻ ഇലക്കാട്ട് പറഞ്ഞു.




യുഎസ്എ, കാനഡ, യൂറോപ്പ്, ഗൾഫ് രാജ്യങ്ങളിൽ നിന്നും നിരവധി ടീമുകളാണ് വടംവലിച്ചു ജയം പരീക്ഷിക്കാൻ എത്തുന്നത്. വിജയികൾക്കും പങ്കെടുക്കുന്നവർക്കും ക്യാഷ് അവാർഡുകളും നൽകുന്ന ഈ വൻ പരിപാടിക്ക് രണ്ടു ലക്ഷത്തി അമ്പതിനായിരം ഡോളറാണ് ബഡ്ജറ്റ് ചെയ്തിരിക്കുന്നതെന്ന് പിആർഓ ജിജു കുളങ്ങര പറഞ്ഞു,

പ്രസിഡണ്ട് ഡാനി രാജുവിന്റെ നേതൃത്വത്തിൽ 35 ബോർഡ് ഓഫ് ഡയറക്ടർസ് അടങ്ങുന്ന ടിസാക് ഹൂസ്റ്റണിലെ നിരവധി ജീവ കാരുണ്യ പ്രവർത്തങ്ങൾക്കും നേതൃത്വം നൽകി വരുന്നു.

PRAVASI CONCLAVE TRUST OFFICE BEARERS





Vincenté Jewelers
"where trust and service counts"
25 ATLANTIC AVENUE, FREEPORT, NY 11520,
TEL: (516) 868 - 7818, FAX: (516) 868 - 8245, www.vincentjewelers.com

For additional details regarding enrollment, jobs, or general inquiries, please get in touch with Abylash J. George at 201-707-7895.

Eastwick College
RANKED AMONG
Top 100
Colleges in the U.S.[1]
Best Value (ROI)

[1] Based on a study by Georgetown University using data from two-ye-year colleges across the nation

- NO REGISTRATION FEE
- HYBRID BSN CLASSES
- FINANCIAL AID AVAILABLE[2]
- FREE BOOKS AND LAPTOP[3]
- FREE TEAS TESTING[3]
- ACCELERATED DEGREES

[1] Financial aid is available to those who quality
[2] Applicants to the TEAS hursing class must complete nd an entrance examination
[3] Associate and Technical Track programs are exclusively offered at Eastwick College

Eastwick College PRIMDO RO MAGE eastwick.edu 1-866-EASTWICK

Physical therapy
WEST NYACK
SPORTS MEDICINE
PHYSIATRIST AVAILABLE

WE BELIEVE IN TREATMENT THROUGH A COMPREHENSIVE APPROACH
by using the least amount of medication to get you better

SAJAN AUGUSTINE P.T.

TYPES OF THERAPY WE PROVIDE
NO MORE PAIN
+ Pain Management
+ Knee Pain
+ Back Pain
+ Neck Pain
+ Shoulder Pain
+ Orthopedic
+ Rehabilitation
+ Physiatry
+ Sports Injuries

PAIN MANAGEMENT
SPORTS INJURIES

WE ACCEPT
MEDICARE, MEDICAID & ALL OTHER MAJOR INSURANCES

CALL FOR APPOINTMENT
(845) 358-0019
369 SOUTH MAIN ST, NEWCITY, NY 10956, US

SELLING YOUR HOUSE? or BUYING A NEW HOME?





Serving New York Specialized in Queens & Nassau Counties



Mathew Thomas
ബാബു ചക്കുങ്കൽ
(Licensed Real Estate Broker)
Notary Public

Cell : 917.539.1652
Office : 718.831.0100
Fax : 718.831.0170

"For a Better Lifestyle"

CROSS ISLAND REALTY ONE, INC.
250-14A, Hillside Avenue, Bellerose, New York 11426
Email: crossislandrealtymathew@yahoo.com

• RESIDENTIAL • RENTALS • COMMERCIAL SALES


PARK FUNERAL CHAPELS


Generations of Dignified Personal Service





SINCE 1907 FAMILIES HAVE COUNTED ON US TO HELP THEM THROUGH DIFFICULT TIMES, AND WE HAVE ALWAYS BEEN THERE BY PROVIDING DIGNIFIED PERSONAL SERVICE.


WWW.PARKFUNERALCHAPELS.COM
GARDEN CITY PARK, NY 11040
T: (516) 747-4300











In Loving Memory Of

SAJ EARTH RESORT & CONVENTION CENTER



SAJ JUNCTION, NEAR COCHIN INTERNATIONAL AIRPORT,
NEDUMBASSERY, COCHIN, KERALA, INDIA – 683572
0484-2611777 sales@sajhotels.com

National Life Group®
Experience Life®

Aflac



SHIRLEY JOHN, PT PhD
LICENSED INSURANCE AGENT FOR LIFE, HEALTH AND ANNUITIES – (NY, NJ, FL, GA, NC, MD, DE)

914-255-6155 (Call/Text)
SHIRLEYJOHNPFA@GMAIL.COM


Free Consultation


NLG - For all your Life, Annuity, and IRA needs.
- Tax Free Retirement
- Life Insurance with Full Living Benefits
- College Funds with No Penalties
- Mortgage Protection
- Income Replacement
- Interest Free Loans

Aflac – For your company's supplemental insurance needs (including disability)











പാകിസ്ഥാന് ബംഗ്ലാദേശിൽ നാണക്കേടായ പരമ്പര തോൽവി: രണ്ടാം ടി20 യും തോറ്റു



ഡാക്ക: ബംഗ്ലാദേശ്-പാകിസ്ഥാന് ട്വന്റി 20 ക്രിക്കറ്റ് പരമ്പരയില് ആതിഥേയര് നിര്ണായകമായ രണ്ടാം മത്സരം എട്ട് റണ്സിന് ജയിച്ചു. മൂന്നു മത്സരങ്ങളുള്ള പരമ്പരയില് തുടർച്ചയായ രണ്ടാമത്തെ ജയത്തോടെ ബംഗ്ലാദേശ് 2-0ന് മുന്നില് പോയി.

133 റണ്സ് വിജയലക്ഷ്യവുമായി ഇറങ്ങിയ പാകിസ്ഥാനെ 125 റണ്സില് ഒതുക്കിയാണ് ആതിഥേയര് കൂറ്റന് ജയം സ്വന്തമാക്കിയതും പരമ്പര സ്വന്തമാക്കിയതും. അവസാന ഓവറില് അഡ്വാൻസ് ആവാനായിരുന്നു പാകിസ്ഥാന്റെ ശ്രമം, പക്ഷേ ഫഹീം അഷ്റഫ് അർധസെഞ്ചുറിയും മറ്റ് ചില കളിക്കാരുടെ ചെറുത്തുനിൽവുമെല്ലാം പരാജയമായി തീർന്നു.

പാകിസ്ഥാന്റെ മുൻനിര ബാറ്റ്സ്മാന്മാർ ഒരാളും നിലനിൽക്കാൻ കഴിഞ്ഞില്ല. ടീമിന്റെ ഏറ്റവും മികച്ച ബാറ്റ്സ്മാനായ ഫഹീം അഷ്റഫ് 51 റണ്സാണ് നേടിയത്. അബ്ബാസ് അഫ്രിദി 19 റണ്സും അഹമ്മദ് ദാനിയാൽ 17 റണ്സും നേടി.

മത്സരത്തിലെ വിജയതാരമായ ഷൊരിഫുല് ഇസ്ലാം മൂന്ന് വിക്കറ്റെടുത്ത് ശക്തമായ ബൗളിംഗ് പ്രകടനമാണ് പുറത്തെടുത്തത്. മെഹദി ഹസനും തസ്ഇം ഹസനും രണ്ട് വീതം വിക്കറ്റുകള് നേടി. മുഷ്ഫിസുര് റഹ്മാനും റിഷാദ് ഹുസൈനും ഓരോ വിക്കറ്റും നേടി പാകിസ്ഥാന്റെ പ്രതീക്ഷകൾ തകർത്തു.

റെസ്ലിങ് ലോകത്തെ തകർപ്പൻ ഇതിഹാസം ഹൾക്ക് ഹോഗൻ വിടപറഞ്ഞു.



ഫ്ലോറിഡ : ലോക റെസ്ലിങ് രംഗത്തെ ഇതിഹാസ താരമായ ഹൾക്ക് ഹോഗൻ ഇനി ഈ ലോകത്ത് ഇല്ല. വ്യാഴാഴ്ച രാവിലെ ഫ്ലോറിഡയിലെ ക്ലിയർവാട്ടറിലുള്ള വീട്ടിൽ വച്ച് ഹൃദയാഘാതം വന്നതിനെ തുടർന്ന് ഹോഗൻ (71) മരണപ്പെട്ടു. ആരാധകരെയും സഹപ്രവർത്തകരെയും ഒരു പോലെ കൃത്യമായി ഞെട്ടിച്ച ഈ വാർത്ത വലിയ ദുഃഖമാണ് നിറച്ചത്.

റിപ്പോർട്ടുകൾ പ്രകാരം രാവിലെ 9:51ഓടെയാണ് ഹൃദയാഘാതം സംഭവിച്ചത്. ഉടൻ തന്നെ അടിയന്തര സേവനങ്ങൾ എത്തുകയും ഹോഗനെ ആശുപത്രിയിലേക്ക് മാറ്റുകയും ചെയ്തു. എങ്കിലും ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരാൻ ഡോക്ടർമാർക്ക് കഴിഞ്ഞില്ല. ഹോഗൻ കോമയിലാണെന്ന അഭ്യൂഹങ്ങൾ ദിവസങ്ങൾക്ക് മുൻപ് ഭാര്യ സ്കൈ നിഷേധിച്ചിരുന്നു. ഹൃദയ ശസ്ത്രക്രിയയ്ക്കു ശേഷം ഹോഗൻ സുഖം പ്രാപിച്ചുവെന്നുമായിരുന്നു അവർ പറഞ്ഞത്.

1980-കളിലും 90-കളിലും ഡബ്ല്യു ഡബ്ല്യു ഇയെ ലോകമൊട്ടാകെ പ്രശസ്തമാക്കിയതിൽ ഹോഗന്റെ പങ്ക് വലുതായിരുന്നു.

"ഹൾക്കമാനിയ" എന്ന പേരിൽ ആരാധകർ മാരകമായ രീതിയിൽ പിന്തുടർന്ന ഹോഗൻ, തന്റെ ഭീമമായ ശരീരഘടനയും ശക്തിയുമാണ് റെസ്ലിങ് റിങ്ങിൽ നിറഞ്ഞു നിന്നത്. മഞ്ഞയും ചുവപ്പും നിറങ്ങളിലുള്ള വേഷം, "വാച്ച് യാ ഡ്യൂയിൻ ബ്രദർ!" പോലുള്ള വാചകങ്ങൾ എല്ലായിടത്തും ഹൊഗനെ ഏറ്റവും പ്രിയപ്പെട്ട താരമാക്കി മാറ്റി.

റെസ്ലിങ് റിങ്ങിന് പുറത്ത് ഹോഗൻ സിനിമകളിലും ടെലിവിഷൻ പരിപാടികളിലും തിളങ്ങി. സിൽവെസ്റ്റർ സ്റ്റാലോണൊപ്പം 'റോക്കി-III' സിനിമയിലൂടെയും അദ്ദേഹം പ്രേക്ഷകരെ കയ്യടിപ്പിച്ചു.

ഹൾക്ക് ഹോഗന്റെ വിടവ് റെസ്ലിങ് ലോകത്തിന് നികത്താനാകാത്ത നഷ്ടമാണ്. ഒരു കാലത്ത് കോടികളു ടെ മന സ്സിൽ ജീവിച്ചിരുന്ന ഒരു ഇതിഹാസം അപ്രത്യക്ഷനാകുകയാണ്.

അദ്ദേഹം ഇപ്പോൾ റെസ്ലിങ് റിങ്ങിലെല്ലാം മാത്രം ഒരു ഓർമ്മയായി മാറിയിരിക്കുന്നു.

ലോസ് ഏഞ്ചൽസ് ഗെയിംസ് ഷെഡ്യൂൾ പ്രഖ്യാപിച്ചു

128 വർഷത്തെ ഇടവേളയ്ക്ക് ശേഷം ക്രിക്കറ്റ് ഒളിമ്പിക്സിലേക്ക്



1900-ൽ പാരീസിൽ നടന്ന ഒളിമ്പിക്സിലാണ് ഇതിനുമുമ്പ് ക്രിക്കറ്റ് ഉൾപ്പെടുത്തിയിരുന്നത്. അന്ന് ഗ്രേറ്റ് ബ്രിട്ടനും ഫ്രാൻസും തമ്മിൽ നടന്ന ദ്വിദിന മത്സരമാണ് പിന്നീട് അനൗദ്യോഗിക ടെസ്റ്റ് എന്ന് അറിയപ്പെട്ടത്. അതിനുശേഷം ഇതാദ്യമായാണ് ക്രിക്കറ്റ് ഒളിമ്പിക്സിൽ ഇടം നേടുന്നത്.

LA28 ഒളിമ്പിക്സിൽ ആധുനിക ടി20 ഫോർമാറ്റിലായിരിക്കും ക്രിക്കറ്റ് മത്സരങ്ങൾ നടക്കുക. പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം ടൂർണമെന്റുകൾ ഉണ്ടാകും. ഓരോ ടൂർണമെന്റിലും ആറ് ടീമുകൾ വീതം പങ്കെടുക്കും. ഒരു ലിംഗത്തിൽ പരമാവധി 90 അത്ലറ്റുകളെയാണ് അനുവദിക്കുന്നത്, 15 അംഗ സ്ക്വാഡുകൾക്ക് അനുമതിയുണ്ട്.

1922 മുതൽ ലോസ് ഏഞ്ചൽസ് കൗണ്ടി ഫെയറിന് ആതിഥേയത്വം വഹിക്കുന്നതിന് പേരുകേട്ട പൊമോണയിലെ ഫെയർപ്ലെക്സ് ഗ്രൗണ്ടിനുള്ളിൽ പ്രത്യേകം നിർമ്മിച്ച താൽക്കാലിക വേദിയിലായിരിക്കും എല്ലാ മത്സരങ്ങളും നടക്കുക.

ഇന്ത്യൻ സമയം രാവിലെ 9:00-നും വൈകുന്നേരം 6:30-നും (പ്രാദേശിക സമയം) ആരംഭിക്കുന്ന ഡബിൾഹെഡറുകളായാണ് മത്സരങ്ങൾ ഷെഡ്യൂൾ ചെയ്തിരിക്കുന്നത്. ജൂലൈ 14, 21 തീയതികളിൽ മത്സരങ്ങൾ ഉണ്ടാകില്ല. ഇന്ത്യയിലെ ക്രിക്കറ്റ് പ്രേമികളെ സംബന്ധിച്ചിടത്തോളം, ഓരോ ദിവസത്തെയും ആദ്യ മത്സരം രാത്രി 9:30-നും രണ്ടാമത്തെ മത്സരം അടുത്ത ദിവസം രാവിലെ 7:00-നും ആരംഭിക്കും.

18-മത് എൻ . കെ. ലൂക്കോസ് മെമ്മോറിയൽ വോളീബോൾ മാമാങ്കം ആഗസ്റ്റ് 24-ന് ലോങ്ങ്ഐലൻഡിൽ





ന്യൂയോർക്ക്: ഇരുപത്തിയഞ്ചിലധികം മലയാളീ ടീമുകളെ അണിനിരത്തി അമേരിക്കൻ വോളീ ബോൾ ചരിത്രത്തിൽ പുതിയ അദ്ധ്യായം കുറിച്ചുകൊണ്ട് പതിനെട്ടാമത് എൻ.കെ. ലൂക്കോസ് മെമ്മോറിയൽ ടൂർണമെന്റ് ന്യൂയോർക്ക് ലോങ്ങ് ഐലൻഡിൽ അരങ്ങേറുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി വരുന്നതായി സംഘാടകരായ ഫോമാ ന്യൂയോർക്ക് മെട്രോ റീജിയൺ ഭാരവാഹികൾ അറിയിച്ചു. ന്യൂയോർക്കിലും സമീപ പ്രദേശങ്ങളിലുമുള്ള എല്ലാ സ്പോർട്സ് പ്രേമികളെയും ആവേശത്തിമിർപ്പിൽ ആക്കിക്കൊണ്ട് നടത്തപ്പെടുന്ന വോളീബോൾ മാമാങ്കം ഓഗസ്റ്റ് മാസം 24 ഞായറാഴ്ച രാവിലെ 8 മണി മുതൽ ബെത്പേജിലുള്ള സ്പോർട്സൈം ഇൻഡോർ സ്റ്റേഡിയത്തിലെ (SPORTIME Bethpage Multi-Sport Indoor Stadium, 4105 Hempstead Turnpike, Bethpage, NY 11714) അഞ്ച് കോർട്ടുകളിലായി നടത്ത പ്പെടുന്നതാണ്.

മുൻ വോളീബോൾ ഇതിഹാസവും പാലാ നിയോജക മണ്ഡലം എം.എൽ.എ-യുമായ മാണി. സി. കാപ്പൻ, കടുത്തുരുത്തി നിയോജക മണ്ഡലം എം.എൽ.എ. മോൻസ് ജോസഫ്, പ്രശസ്ത സിനിമാ സംവിധായകനും അഭിനേതാവുമായ ജോണി ആൻറണി എന്നിവരെക്കൂടാതെ പ്രാദേശിക രാഷ്ട്രീയ സാമൂഹിക നേതാക്കളും അതിഥികളായി ടൂർണമെന്റിൽ പങ്കെടുക്കുന്നതാണ്.

അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും കാനഡയിലെ വിവിധ പ്രവിശ്യകളിൽ നിന്നുമുള്ള 25-ലധികം ടീമുകളാണ് വാശിയേറിയ മത്സരങ്ങളിൽ പങ്കെടുക്കുന്നത്. ഓപ്പൺ വിഭാഗത്തിൽ 12 ടീമുകളും, 18 വയസ്സിൽ താഴെയുള്ള വർക്കായുള്ള അണ്ടർ 18 വിഭാഗത്തിൽ 6 ടീമുകളും, നാൽപ്പത് വയസ്സിന് മുകളിലുള്ളവരുടെ വിഭാഗത്തിൽ 8 ടീമുകളുമാണ് മത്സരത്തിൽ മാറ്റുരക്കുന്നതിനായി നിലവിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. അമേരിക്കൻ മലയാളീ വോളീബോൾ ചരിത്രത്തിൽ ഇത്രയും ടീമുകളെ ഉൾപ്പെടുത്തി അമേരിക്കയിൽ വച്ച് നടത്തപ്പെടുന്ന ആദ്യ ടൂർണമെന്റാണ് ഇത്.

ഈ വർഷത്തെ വോളീബോൾ മത്സരത്തിൻറെ നല്ല സ്മരണകൾ നിലനിർത്തുന്നതിനായി ഒരു സുവനീർ പ്രസിദ്ധീകരിക്കുന്നതിന് സംഘാടകർ തയ്യാറെടുക്കുന്നു. ന്യൂയോർക്ക് മെട്രോ റീജിയൻറെ ചരിത്രത്തിൽ ആദ്യമായാണ് ഇത്തരം ഒരു സുവനീർ പ്രസിദ്ധീകരിക്കുന്നത്.

മലയാളി പ്രതിഭകളെ ആദരിച്ച് ഏഷ്യാനെറ്റ് ന്യൂസ് എക്സലൻസ് അവാർഡ്; അഭിനന്ദനത്തോടെ ആർച്ച് ബിഷപ്പ് യൽദോ മോർ തീത്തോസ്

വാഷിങ്ടൺ : ഏഷ്യാനെറ്റ് ന്യൂസ് എക്സലൻസ് അവാർഡ് നേടിയവർക്ക് ആർച്ച് ബിഷപ്പ് യൽദോ മോർ തീത്തോസ് അഭിനന്ദനം അറിയിച്ചു. പ്രവാസികളായ മലയാളികളുടെ കഴിവുകളെയും സേവനങ്ങളെയും ലോകം മുഴുവൻ അംഗീകരിക്കുന്നതിന് ഇത്തരം അവാർഡുകൾ വലിയ പ്രോത്സാഹനമാണെന്നും അദ്ദേഹം പറഞ്ഞു.

സുറിയാനി സഭയുടെ ഭദ്രാസന കൗൺസിലുമായി ചേർന്ന് കഴിഞ്ഞ വർഷം മുതൽ ആരംഭിച്ച ഈ അവാർഡ് നിശ, ശ്രദ്ധേയരായ മലയാളികളെയും സമൂഹത്തിന് മാതൃകയായവരെയും തെരഞ്ഞെടുക്കുകയാണ് ലക്ഷ്യമാക്കുന്നത്. ഏഷ്യാനെറ്റ് മലയാളികളുടെ ഭവനങ്ങളിൽ ഒഴിച്ചു നിർത്താനാകാത്ത ചാനലായതുകൊണ്ട് അവാർഡിനും പ്രത്യേക പ്രാധാന്യമുണ്ടെന്നും ആർച്ച് ബിഷപ്പ് പറഞ്ഞു. ജാതിമത ഭേദമന്യേയാണ് വിജയികളെ തെരഞ്ഞെടുത്തതെന്നും, നോമിനേഷനുകൾ സമർപ്പിച്ച ശേഷം പ്രത്യേക ജൂറിയാണ് അന്തിമമായി തീരുമാനമെടുത്തതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

നഴ്സിങ്ങ് രംഗത്ത് 43 വർഷം സേവനം അനുഷ്ഠിച്ച് കോവിഡ് സമയത്ത് ജീവൻ പണയപ്പെടുത്തി രോഗികളെ പരിചരിച്ച് അന്തരിച്ച ഏലിയാമ്മ ജോൺ, യുഎസ് മറൈൻ കോറിലെ ലോജിസ്റ്റിക്സ് അനലിസ്റ്റായ ഗ്രേസ് മറ്റമൻ, കാനഡയിൽ ഐസിവൈ സ്ഥാപിച്ച് സാംസ്കാരിക ഐക്യത്തിന് മുന്നിട്ട് നിന്ന ജെറിൻ രാജ്, കാർഡിയോ വാസ്കുലർ മേഖലയിലെ വൈദഗ്ധ്യത്തിന് അന്താരാഷ്ട്ര അംഗീകാരം നേടിയ ഡോ. ഷെൽബി കുട്ടി, ഗ്ലോബൽ ഗ്രൂപ്പ് ഓഫ് കമ്പനീസ് ചെയർമാനായ സംരംഭകനും സാംസ്കാരിക പ്രവർത്തകനുമായ നോഹ ജോർജ്, അമേരിക്കയിലെ സിറിയൻ ഓർത്തഡോക്സ് സഭയുടെ ആർച്ച് ബിഷപ്പായ മോർ ടൈറ്റസ് യെൽദോ, ഏഷ്യാനെറ്റിന്റെ അമേരിക്കൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ഡോ. കൃഷ്ണകിഷോർ, ഫൊക്കാന, ലോക കേരള സഭ തുടങ്ങിയവയിൽ സജീവമായ സാമൂഹ്യ പ്രവർത്തകനായ ജോയ് ഇട്ടൻ, ന്യൂയോർക്ക് സ്റ്റേറ്റ് ഗവർണറുടെ ഓഫീസിൽ ഉന്നത പദവിയിലായുള്ള സിബു നായർ, ഷിക്കാഗോയിൽ സേവനം ചെയ്ത പ്രശസ്ത ഗ്യാസ്ട്രോ എൻട്രോളജിസ്റ്റായ ഡോ. ജെന്നിഫർ ചെന്നാട്ട് എന്നിവർ ഇത്തവണത്തെ പുരസ്കാര ജേതാക്കളാണ്.

സാമൂഹിക പ്രതിബദ്ധതയും വ്യക്തിഗത കഴിവുകളും ഒരുപോലെ പൊന്തിപ്പെടുത്തുന്ന ഇത്തരം പുരസ്കാരങ്ങൾ കൂടുതൽ പ്രതിഭകൾക്കും മാതൃകകൾക്കും വഴി ഒരുക്കുമെന്ന് ആർച്ച് ബിഷപ്പ് വ്യക്തമാക്കി.

















കേരള ടൈംസ് ഓൺലൈൻ പോർട്ടലിന്റെ ഉദ്ഘാടനം മെഗാസ്റ്റാർ ഭരത് മമ്മൂട്ടി നിർവ്വഹിച്ചപ്പോൾ







GLOBAL COLLISION
& BODY WORKS LLC

AUTO BODY SERVICES

- Painting & Auto Body Work
- Wet Sanding & Detailing
- ADAS Calibration
- Windshield & Glass Replacement
- Towing Services



Electric & Hybrid Vehicle Auto Body and Collision Experts

Sensor and Radar Systems Experts

Complete Restoration Services Offered



CONTACT US 845- 727-4022

333 Rte 9W, Congers, NY 10920

Mon - Fri 9:00 AM - 6 PM
Sat 9:00 AM - 1:00 PM
Sun Closed